# വാർഷിക റിപ്പോർട്ട്

## 2022-2023

***'Towards a safer state'***

സുരക്ഷായനം


കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ)
Kerala State Disaster Management Authority (KSDMA)
ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്
Observatory Hills, Vikas Bhavan P.O
തിരുവനന്തപുരം, കേരളം – 695033
Thiruvananthapuram, Kerala - 695033
ടെലിഫോൺ | Phone - 0471 2778855, 0471-2778888
ടോൾ ഫ്രീ ടെലിഫോൺ | Toll Free 1070
www.sdma.kerala.gov.in

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022 , 2022-2023 , 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.306/2026/DMD തീയതി,തിരുവനന്തപുരം, 18-07-2026

---

പരാമർശം:-

1. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 30.07.2025 തീയതിയിലെ MTO I/1429/2025/Admin നമ്പർ കത്ത്
2. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 26.09.2025 തീയതിയിലെ MTO VI/2051/2025/Admin നമ്പർ കത്ത്
3. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 22.10.2025 തീയതിയിലെ MTO II/2317/2025/SDMA-KSDMA നമ്പർ കത്ത്.
4. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 14.01.2026 തീയതിയിലെ MTO VI/2017/2025/Admin നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022, 2022-2023, 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി പരാമർശ പ്രകാരം ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022, 2022-2023, 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി


കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് ഉൾപ്പെടെ )

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ&ഇ) കേരള, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 21-07-2026
10:48:23

സെക്ഷൻ ഓഫീസർ


KERALA
Multi Hazard Risk Index
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram
LEGEND
No Risk
Low Risk
Moderate Risk
High Risk
Taluk Boundary
District Boundary
Km
0 15 30 60
Mangaluru
Mandya
Mysure
Gundlupet
Erode
Coimbatore
Tiruppur
Palani
Rajapalay
Kadayanallur
Tirunelveli
75°0'0"E
75°50'0"E
76°40'0"E
77°30'0"E

# ആമുഖം

കേരളം നേരിടുന്ന പ്രകൃതിദുരന്തങ്ങളുടെ ആവർത്തനവും തീവ്രതയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയവും സമഗ്രവുമായ രീതിയിലേക്കാണ് മാറുന്നത്. 2022–23 കാലയളവിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) വിവിധ മേഖലകളിൽ നടത്തിയ ഇടപെടലുകൾ, നയനിർമ്മാണം മുതൽ ഗ്രാസ്റൂട്ട് തലത്തിൽ നടന്ന പരിശീലനങ്ങൾ വരെ, സംസ്ഥാനത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

ഈ വാർഷിക റിപ്പോർട്ട്, അതോറിറ്റിയുടെ ദൗത്യം, പ്രവർത്തനരീതികൾ, പ്രധാന പദ്ധതികൾ, പങ്കാളിത്തങ്ങൾ, നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗം, സാമൂഹിക ഉൾപ്പെടുത്തൽ, നിയമപരമായ പുരോഗതികൾ എന്നിവയെ സമഗ്രമായി രേഖപ്പെടുത്തുന്നു. കാലാവസ്ഥാ വ്യതിയാനങ്ങൾ, സാമൂഹിക അസമത്വങ്ങൾ, വൈകല്യങ്ങൾ, ലിംഗസമത്വം എന്നിവ ഉൾപ്പെടുന്ന സമഗ്ര DRR സമീപനം ഈ വർഷത്തെ പ്രവർത്തനങ്ങളിൽ വ്യക്തമായി പ്രതിഫലിക്കുന്നു.

കേരളത്തിന്റെ ദുരന്തനിവാരണ രംഗത്തെ ദിശാനിർണ്ണയത്തിനും, ഭാവിയിലേക്ക് നയിക്കുന്ന നയപരമായ ഇടപെടലുകൾക്കും ഈ റിപ്പോർട്ട് ഒരു ദിശാസൂചകമായി പ്രവർത്തിക്കുന്നു.

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരമുള്ള (statutory) അതോറിറ്റിയാണ് കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റി.

സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിന്റെ നിർവ്വഹണ നയവും, ചട്ടങ്ങളും, പദ്ധതികളും അംഗീകരിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ നിയമത്തിന്റെ നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുവാൻ സർക്കാരിന് ഉപദേശം നൽകുക, വിവിധ ദുരന്തങ്ങൾ പ്രതിരോധിക്കുവാനും, നേരിടുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശക രേഖകൾ പുറപ്പെടുവിക്കുക എന്നീ കർത്തവ്യങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമം അനുശാസിക്കുന്ന വിധം മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ച്, വിവിധ വകുപ്പുകളുടെ ചുമതലകൾ നിഷ്കർഷിച്ച് ദുരന്ത ലഘൂകരണം വകുപ്പുകളുടെ സ്ഥിര വികസന പ്രവർത്തികളിൽ നിരന്തരവല്ക്കരിക്കാനുള്ള അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുഖ്യമന്ത്രി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| റവന്യൂ വകുപ്പ് മന്ത്രി | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Vice Chairman) |
| ആഭ്യന്തര വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| കൃഷി വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ചീഫ് സെക്രട്ടറി | മുഖ്യ ഭരണ നിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം | അംഗവും കാര്യക്കാരനും (എക്സ്-ഒഫിഷ്യോ) (Member Secretary) |

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA)

ദുരന്ത നിവാരണ നിയമത്തിന്റെ ഇരുപതാം വകുപ്പനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, 4 സെക്രട്ടറിമാർ അംഗങ്ങളുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA) പ്രവർത്തിച്ച് വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക, ദേശീയ, സംസ്ഥാന അതോറിറ്റികളുടെ പദ്ധതികൾ നടപ്പാക്കുക, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പ് വരുത്തുക, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുക, അടിയന്തര ഘട്ടത്തിൽ ദുരന്ത പ്രതികരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ ഉത്തരവുകളും, നിർദ്ദേശങ്ങളും വിവിധ വകുപ്പുകൾക്ക് ബാധകമായ രീതിയിൽ പുറപ്പെടുവിക്കുക, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തന നിയന്ത്രണം, ദുരന്ത നിവാരണത്തിനായുള്ള സങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയുടെ പ്രവർത്തന നിയന്ത്രണം, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയും (State Disaster Mitigation Fund), സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയും (State Disaster Response Fund) വിനിയോഗ നിയന്ത്രണം എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതിയിൽ നിക്ഷിപ്തമാണ്. സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു. GO (Rt) No. 772/2020/DMD dated 1-10-2020 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ സഹായിക്കുവാൻ ആയി കമ്മീഷണർ ദുരന്ത നിവാരണം എന്ന പദവി സൃഷ്ട്ടിച്ച് ഒരു AIS ഉദ്യോഗസ്ഥനെ നിയോഗിച്ചു.

| | |
|---|---|
| ചീഫ് സെക്രട്ടറി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |

## അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ

സംസ്ഥാനതലത്തിൽ മൂന്ന് അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: GO (Ms) No. 68/2011/DMD dated 8-2-2011.
- മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: GO (Rt) No. 6410/2013/DMD dated 29-11-2013.
- ഖനന മേഖലയിലെ അപകടങ്ങളോട് പ്രതികരിക്കുന്നതിനുള്ള സമിതി: GO (Rt) No. 542/14/ID dated 26-05-2014.
- ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി: GO (Rt) No. 453/2021/DMD dated 3-6-2021

## ഉപദേശക സമിതികൾ

- ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ വിദഗ്ധ സംഘം: GO (Rt) No. 356/2020/DMD dated 17-03-2020
- മണ്ണിടിച്ചിൽ/ഉരുപൊട്ടൽ മേഖലയിലെ ഗൃഹ നിർമ്മാണം: GO (Rt) No. 644/2018/DMD dated 30-11-2018
- മിനിമം റിലീഫ് കോഡ്: GO (Ms) No. 7/2018/DMD dated 21-6-2018
- സ്കൂൾ സുരക്ഷ: GO (Rt) No. 271/2018/DMD dated 11-05-2018
- ദുരന്ത പ്രതികരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ: GO (Rt) No. 86/2017/DMD dated 12-12-2017
- ഭൂമി കുലുക്ക പ്രതിരോധ നിർമ്മാണം: GO (Rt) No. 1299/2015/DMD dated 12-03-2015
- മുല്ലപ്പെരിയാർ ദുരന്ത ലഘൂകരണം: GO (Rt) No. 6084/2011/DMD dated 17-12-2011

## ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

ദുരന്ത നിവാരണ നിയമം 2005ൽ നിഷ്കർഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതികളും, മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് അതാത് ജില്ലകളിൽ ദുരന്ത നിവാരണ ആസൂത്രണം, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിരഘട്ട പ്രവർത്തന ഏകോപനം, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ദുരന്ത മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ച് പരിപാലിക്കൽ, പൊതുജനങ്ങൾക്ക് ദുരന്ത മുന്നറിയിപ്പ് എത്തിക്കുക, തദ്ദേശ സ്ഥാപനങ്ങൾക്കും, വിവിധ വകുപ്പുകൾക്കും ദുരന്ത ലഘൂകരണത്തിന് ആവശ്യമായ നിർദ്ദേശം നൽകൽ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിക്ഷിപ്തമായ

കർത്തവ്യമാണ്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, പോലീസ്, റവന്യൂ, അഗ്നി സുരക്ഷ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാ കളക്ടർ | അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Co-Chairman) |
| ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്) | മുഖ്യ ഭരണനിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ജില്ലാ പോലീസ് മേധാവി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ അഗ്നി സുരക്ഷാ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ഒരു ജില്ലാ തല ഉദ്യോഗസ്ഥൻ അംഗം [(എക്സ്-ഒഫിഷ്യോ) (Member)] | തിരുവനന്തപുരം - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ജലസേചനം |
| | പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| | കൊല്ലം, ആലപ്പുഴ, കാസർഗോഡ് - ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് |
| | കോട്ടയം - ജില്ലാ സപ്ലൈ ഓഫീസർ |
| | ഇടുക്കി, തൃശൂർ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതു മരാമത്ത് |
| | പാലക്കാട് - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ |
| | എറണാകുളം – റവന്യൂ ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി |

## Contents


1. പ്രവർത്തനങ്ങൾ ........ 13

1.1 ദുരന്ത നിവാരണം ബഹു. മുഖ്യമന്ത്രിയുടെ ചുമതലയിലുള്ള വിഷയം 13

1.2 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ........ 13

1.3 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ........ 13

1.4 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലോക ബാങ്കിന്റെ അനുമോദനം 13

1.5 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ 18-ാമത് സ്ഥാപകദിനത്തിൽ അനുമോദനം ........ 14

1.6 ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ദുരന്ത ലഘൂകരണ പരിശീലനം ........ 14

1.7 ട്രാൻസ്ജെൻഡർ + ക്വിയർ ഉൾക്കൊള്ളുന്ന ദുരന്ത നിവാരണ പരിശീലനം 15

1.8 എറണാകുളം - രാസവസ്തുക്കളുടെ ചോർച്ച - മോക്ക്ഡ്രിൽ ........ 16

1.9 സുനാമി തയ്യാറെടുപ്പ് - സുനാമി റെഡി കേരളം ........ 17

1.10 സംസ്ഥാന വ്യാപകമായി മോക്ക്ഡ്രിൽ ........ 18

1.11 സുനാമി ബോധവത്കരണം - ആലപ്പുഴ ........ 21

1.12 IRS ഓൺലൈൻ പരിശീലനം ........ 22

1.13 LSG-കൾക്കായുള്ള ആമ്യൂസ്മെന്റ് പാർക്ക് ഇൻസ്പെക്ഷൻ മാർഗനിർദ്ദേശ പരിശീലനം ........ 23

1.14 മിന്നൽ ദുരന്ത നിവാരണ പരിശീലനം ........ 23

1.15 Basic Life Support (BLS) and First Aid Skill Training Programme ........ 24

1.16 Inter-Agency Group (IAG) Coordination Meeting ........ 25

1.17 Inter-Agency Group (IAG) – പരിശീലനം ........ 25

1.18 പ്രഭാഷണപരമ്പര ........ 26

1.19 മൺസൂൺ ടോക്ക് 2022 - തീം - 'ഞാൻ എന്തു ചെയ്യണം' ........ 28

1.20 ഉത്തരാഖണ്ഡ് ദുരന്ത നിവാരണ അതോറിറ്റിയുടെ സന്ദർശനം ........ 29

1.21 ആസാം ദുരന്ത നിവാരണ അതോറിറ്റിയുടെ സന്ദർശനം ........ 29

1.22 2022ലെ ഓറഞ്ച് പുസ്തകം - കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ ........ 30

1.23 കാലാവസ്ഥാ വ്യതിയാന വിവരം തദ്ദേശ തലത്തിൽ ........ 32

1.24 ജൈവ-പരിസ്ഥിതിയധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളെ (Eco-DRR) സംബന്ധിച്ചുള്ള പരിശീലനം ........ 32

1.25 ലോക മുങ്ങിമരണ നിവാരണ ദിനാചരണം.......... 32
1.26 വയനാട് - പോസ്റ്റർ രചന മത്സരം.......... 34
1.27 തൃശ്ശൂർ - മോക്ക്ഡ്രിൽ.......... 35
1.28 എറണാകുളം - സ്കൂൾ സുരക്ഷാ ഉപദേശക സമിതി യോഗം .......... 36
1.29 2021ലെ ഉരുൾപൊട്ടൽ - സ്വീകരിച്ച നടപടികൾ.......... 36
1.30 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചാരണം – സംസ്ഥാന തലം... 42
1.31 കേരളത്തിലെ സ്കൂളുകളിൽ 13-10-2022ന് വായിച്ച അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിന സന്ദേശം .......... 44
1.32 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – ആലപ്പുഴ.......... 47
1.33 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – എറണാകുളം .......... 48
1.34 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – ഇടുക്കി.......... 49
1.35 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – വയനാട് .......... 50
1.36 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – കാസർഗോഡ്.......... 51
1.37 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – കോഴിക്കോട്.......... 52
1.38 വയനാട് - സ്കൂൾ ദുരന്ത നിവാരണ ക്ലബ് ഉദ്ഘാടനം.......... 53
1.39 IIT Mumbai - Disaster Management-നുള്ള Systems Thinking & System Dynamics” - 5 ദിവസത്തെ CEP പരിശീലന പരിപാടി.......... 54
1.40 അഞ്ചാമത് Disaster, Risk and Vulnerability Conference (DRVC) .......... 55
1.41 നെതർലന്റ്സിലെ ട്വൻറ്റെ സർവകാലശാലയിലെ ദുരന്ത ലഘൂകരണ കേന്ദ്രത്തിന്റെ മേധാവി ഡോ. ഇറീന മൻസെലയുടെ സന്ദർശനം.......... 56
1.42 NDMA-KSDMA - കടൽ-നദീതീര ശോഷണം - ദേശീയ ശിൽപ്പശാല.......... 57
1.43 SACHET App - ദേശീയ ദുരന്ത മുന്നറിയിപ്പ് സംവിധാനം .......... 58
1.44 ദേശീയ ദുരന്ത ലഘൂകരണ സഹകരണ വേദിയുടെ (National Platform for Disaster Risk Reduction - NPDRR) 2023 - Pre-event.......... 59
1.45 ജിയോളജി: നവീന രീതികളും പ്രയോഗങ്ങളും – GEM-2023 .......... 59
1.46 അനുമോദനം.......... 60
1.47 തിരുവനന്തപുരം - സാൽവേഷൻ ആർമി പരിശീലനം .......... 60
1.48 എറണാകുളം - സന്നദ്ധസേനാ പ്രവർത്തകർക്കുള്ള പരിശീലനം .......... 61
1.49 LISSAH കോളേജിലെ ആദ്യ വർഷ MSW വിദ്യാർത്ഥികളുടെ സന്ദർശനം 61
1.50 വേനൽക്കാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ.......... 62
1.51 ഇടിമിന്നൽ ദുരന്തലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ.......... 65
1.52 ഇടിമിന്നൽ.......... 66

1.53 പത്തനംതിട്ട - ശബരിമല മകരവിളക്ക് സീസൺ ദുരന്ത നിവാരണ പരിശീലനം 66

1.54 വയനാട് - പട്ടിക വർഗ്ഗ ഉന്നതികളിലെ സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലനം ..... 67

1.55 ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ വിദ്യാർഥികളുടെ സന്ദർശനം ..... 67

1.56 ദേശീയ ദുരന്ത ലഘൂകരണ സഹകരണ വേദിയുടെ (National Platform for Disaster Risk Reduction - NPDRR) 2023 ..... 68

1.57 G20 Civil 20 - പരിസ്ഥിതി, കാലാവസ്ഥാ മാറ്റം, ദുരന്തങ്ങൾ - ലിംഗം, അസമത്വം, ഭിന്നശേഷി - സമ്മേളനം ..... 69

1.58 2022-ലെ ഏഷ്യ-പസഫിക് മന്ത്രിസഭാ സമ്മേളനം: ദുരന്ത അപകട കുറയ്ക്കൽ (APMCDRR) ..... 70

1.59 മൾട്ടി-ഹസാർഡ്സ് വാർണിംഗ് & കമ്മ്യൂണിറ്റി റെസിലിയൻസ് (MWCR2022) സമ്മേളനം ..... 71

1.60 സന്ദർശനം - നോർവിജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡൊമിനിക് ലാംഗ് ..... 72

1.61 സന്ദർശനം - നെതർലൻഡ്സ് കോൺസുലർ ജനറൽ (ബംഗളൂരു) ..... 72

1.62 സംസ്ഥാന ദുരന്ത പ്രതിരോധ നിധിയുടെ പരിശോധനാ കമ്മിറ്റി ..... 73

1.63 ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി ..... 73

1.64 സംസ്ഥാനതല ടെലികോം ദുരന്ത ഏകോപന സമിതി ..... 73

സാമ്പത്തിക വിനിയോഗം 2022-2023 ..... 75

ഉപസംഹാരം ..... 78

# 1. പ്രവർത്തനങ്ങൾ

## 1.1 ദുരന്ത നിവാരണം ബഹു. മുഖ്യമന്ത്രിയുടെ ചുമതലയിലുള്ള വിഷയം

സർക്കാർ ഗസറ്റ് No. Pol-5/21/2023-GAD dated 30-1-2023 പ്രകാരം ദുരന്ത നിവാരണം ബഹു. മുഖ്യമന്ത്രിയുടെ ചുമതലയിലുള്ള വിഷയം ആയി വിജ്ഞാപനം ചെയ്തു. https://sdma.kerala.gov.in/wp-content/uploads/2023/02/kgSearchfiledownloadpdf-2.pdf

## 1.2 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം


2022-23 സാമ്പത്തിക വർഷത്തിൽ 11-3-2023ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്നു.

## 1.3 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം

2022-23 സാമ്പത്തിക വർഷത്തിൽ 5-4-2022, 3-6-2022, 20-10-2022, 1-11-2022, 13-2-2023 എന്നീ ദിവസങ്ങളിൽ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ചേർന്നിട്ടുണ്ട്.

## 1.4 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലോക ബാങ്കിന്റെ അനുമോദനം

ശ്രീ. അഭാസ് ജാ (പ്രാക്ടീസ് മാനേജർ, കാലാവസ്ഥാ വ്യതിയാനം & ദുരന്ത ദുരന്ത നിവാരണം – ദക്ഷിണേഷ്യ), 28-3-2022ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സന്ദർശിച്ചിരുന്നു. 19-4-2022ന് അദ്ദേഹം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ അനുമോദിച്ച് സർക്കാരിന് കത്തെഴുതി. കത്തിന്റെ പ്രസക്തമായ ഭാഗം "ദുരന്ത സാധ്യതാ അടിസ്ഥാനമാക്കിയുള്ള നയരൂ പീകരണത്തിനായി കെ.എസ്.ഡി.എം.എ വികസിപ്പിച്ചെടുത്ത വിശകലനശേഷിയും, ഭൂവിവരങ്ങളും എന്നെ പ്രത്യേകമായി ആകർഷിച്ചു. മുൻപ് അനുവദിച്ച Development Policy Operation (DPO), നിലവിലുള്ള Resilient Kerala Program for Results (PforR) എന്നിവ കൂടാതെ നിലവിൽ ചർച്ച ചെയ്യുന്ന അധിക ധനസഹായം എന്നിവയുമായി ബന്ധപ്പെട്ട നിരവധി പ്രധാന പദ്ധതികളെ പിന്തുണയ്ക്കാൻ കെ.എസ്.ഡി.എം.എയുടെ ഈ ശേഷികൾക്ക് സാധിക്കും. കെ.എസ്.ഡി.എം.എയുടെ പ്രവർത്തനങ്ങൾക്കും പദ്ധതിൾക്കും പിന്തുണയ്ക്കും ആവശ്യമായ അധിക സഹായം നൽകാൻ ഞങ്ങൾ തയ്യാറാണ്".



THE WORLD BANK
IBRD • IDA | WORLD BANK GROUP

April 19, 2022

Dr. V.P. Joy
Chief Secretary
Government of Kerala
Trivandrum

Dear Sir:

*INDIA: Resilient Kerala PforR and Proposed Additional Financing*
*Visit of World Bank Team (March 28-29, 2022)*

I would like to thank the Government of Kerala (GoK) for facilitating our visit to Trivandrum and the generous hospitality extended during March 28-29, 2022. It was inspiring for me to witness firsthand the commitment of the GoK towards making Kerala resilient against natural disasters and climate change. This strong commitment has been the cornerstone of our strong partnership since 2018.

I was particularly impressed with the capabilities created in the Kerala State Disaster Management Authority (KSDMA) that provides the analytical basis and risk information for evidence-based policymaking, including several of the key initiatives that have been undertaken in the earlier Development Policy Operation (DPO), the ongoing Resilient Kerala Program for Result (PfoR) and the proposed Additional Financing. We would be very much willing to extend any additional support needed by KSDMA in its operations and support to the ongoing Project activities.

In addition, it was extremely reassuring to understand the efforts of the Local Self Government Department, Water Resources Department, Department of Environment and Climate Change, Department of Finance, and the RKI in implementing the ongoing PforR and the design of proposed Additional Financing.


Our discussions also highlighted the need for continued collaboration to define 'Low Carbon and Resilient Development Pathways' for Kerala to develop into a leading knowledge-based economy. We are happy to further explore this idea and support Kerala in this endeavor, subject to agreement with the Department of Economic Affairs, GoI. We deeply value our partnership with the Government of Kerala and my team will reach out on the next steps in this regard.

I look forward to continuing our collaboration.

With warm regards,

Abbas K. Jha
Practice Manager
Climate Change and Disaster Risk Management
South Asia Region
The World Bank

## 1.5 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ 18-ാമത് സ്ഥാപകദിനത്തിൽ അനുമോദനം


Government of India
NATIONAL DISASTER MANAGEMENT AUTHORITY
NDMA Bhawan, A-1, Safdarjung Enclave
New Delhi -110029, Tel No.011-26701881

**No.11-02/2022-Awareness** **Dated: 21st Sept, 2022**

To
Dr. Sekhar Lukose Kuriakose,
Member Secretary, Kerala State Disaster Management Authority (ex-officio) (KSDMA) & Head (Scientist), State Emergency Operations Centre,
Observatory Hills, Vikas Bhavan P.O, Thiruvananthapuram – 695033

**Sub: Presentation of Kerala State's best practice during the 18th Formation Day of NDMA to be held on 28.09.2022 at Vigyan Bhawan, New Delhi – reg.**

Sir,

This is with reference to the email dated 20.09.2022 of KSDMA forwarding best practices of Kerala in promoting "Volunteerism in Disaster Management". The initiatives of the State are appreciable and needs commendation. NDMA has decided to include the presentation of Kerala State during the Technical Session of 18th Formation Day, 2022. A Schedule of the event is attached herewith.

2. I invite you to kindly attend the Formation Day function of NDMA personally and present the initiatives/best practices of your State during the Technical Session. Kindly confirm participation from your State and send contact details and copy of presentation at ndma.awareness@gmail.com at the earliest.

Encl: as above.

Yours faithfully,

**(Ambuj Bajpai)**
**Deputy Secretary to the Govt. of India**
**Tel: 011-26701879**

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ 18-ാമത് സ്ഥാപകദിനത്തിൽ (28-9-2022) കേരളത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ സന്നദ്ധപ്രവർത്തനത്തിൽ നടത്തിയ മുന്നേറ്റം അവതരിപ്പിക്കുവാൻ ക്ഷണം ലഭിച്ചു. ഈ പ്രവർത്തനങ്ങൾ മാതൃക ആണ് എന്നും ആയതിനാൽ അനുമോദനം അർഹിക്കുന്നു എന്നും ദേശീയ ദുരന്ത നിവാരണ അതോറിറ്റി കത്തിലൂടെ അറിയിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് വേണ്ടി മെംബർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് ന്യൂ ഡെൽഹിയിൽ വിഗ്യാൻ ഭവനിൽ നടന്ന യോഗത്തിൽ പങ്കെടുത്ത് വിഷയം അവതരിപ്പിച്ചു.

## 1.6 ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ദുരന്ത ലഘൂകരണ പരിശീലനം

ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ദുരന്ത ലഘൂകരണ പരിശീലനം എന്നത് കാലാവസ്ഥാ, കാലാവസ്ഥാ അനുബന്ധ അപകടങ്ങളായ കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ, വരൾച്ച മുതലായവ അഭിസംബോധന ചെയ്യുന്ന കാര്യത്തിൽ വളരെയധികം പ്രാധാന്യമുണ്ട്. ഇതിനുകാരണം Eco-DRR എന്ന ആശയത്തിൽ വരുന്ന വൈവിധ്യമാർന്ന ലഘൂകരണ സമീപനങ്ങളാണ്. ഉദാഹരണം:- വനങ്ങളുടെ സുസ്ഥിര പരിപാലനം, വനവൽക്കരണം, വൈവിധ്യമാർന്ന തണ്ണീർത്തടങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും, സമുദ്രത്തിലെ കാർബൺ സിങ്ക് സംരക്ഷണം,



മെച്ചപ്പെട്ട രീതിയിലുള്ള പുൽമേടുകളുടെ പരിപാലനം, പരിസ്ഥിതിക്ക് അനുയോജ്യമായ കാർഷിക രീതികളെ പ്രോത്സാഹിപ്പിക്കൽ പോലുള്ളവ നിയന്ത്രണ പ്രവർത്തനങ്ങൾ ദുരന്തങ്ങളെ ലഘൂകരിക്കുന്നതിനും ഒരു പരിധി വരെ പ്രതിരോധിക്കുന്നതിനും സഹായിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനം, മണ്ണ് പര്യവേഷണ വകുപ്പ്, ഖനന ഭൂവിജ്ഞാന വകുപ്പ്, ജലസേചന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഹരിതകേരളം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, കൃഷി വകുപ്പ്, ഭൂവിനിയോഗ ബോർഡ്, നഗര-ദേശാസൂത്രണം വനം വകുപ്പും തുടങ്ങിയ വകുപ്പുകളിലെയും മിഷനുകളിലെയും ഉന്നത ഉദ്യോഗസ്ഥർക്കായി 2022 ഡിസംബർ 4, 5 തീയതികളിൽ തിരുവനന്തപുരത്തെ ഹോട്ടൽ അപ്പോളോ ഡിമോറയിൽ പരിശീലനം സംഘടിപ്പിച്ചു. ദുരന്തസാധ്യത കുറയ്ക്കുന്നതിൽ ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള സമീപനങ്ങളുടെ പ്രധാന പങ്കിനെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക എന്നതാണ് ഈ പരിശീലനത്തിന്റെ ലക്ഷ്യം. വിവിധ സർക്കാർ പദ്ധതികളുടെ ഏകോപനം ശക്തിപ്പെടുത്തുന്നതിൽ ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ദുരന്തസാധ്യത ലഘൂകരണത്തിൽ കേന്ദ്ര പങ്ക് വഹിക്കുന്നു.





പരിപാടിയുടെ അവതാരകയായ ശ്രീമതി അമൃത, ഹസാർഡ് അനലിസ്റ്റ്, എൻവയോൺമെന്റ് Eco-DRR എന്ന ആശയത്തിന്റെ ഒരു ഹ്രസ്വ വിവരണം നൽകി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, ഡോ. ശ്രീറാം  വെങ്കിട്ടരാമൻ IAS പങ്കെടുത്ത് എല്ലാവരെയും സ്വാഗതം ചെയ്തു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/01/Eco-DRR-Training-Report.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.7 ട്രാൻസ്ജെൻഡർ + ക്വിയർ ഉൾക്കൊള്ളുന്ന ദുരന്ത നിവാരണ പരിശീലനം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സാമൂഹ്യ നീതി വകുപ്പും സംയുക്തമായി 2022 ഡിസംബർ 21, 22 തീയതികളിലായി തിരുവനന്തപുരം KTDC ചൈത്രത്തിൽ വച്ച് സംഘടിപ്പിച്ച Transgender + Queer Inclusive Disaster Risk Reduction Programme ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി അഡ്വക്കേറ്റ് കെ. രാജൻ ഉത്ഘാടനം നിർവഹിച്ചു. പരിപാടിയിൽ ബഹുമാനപ്പെട്ട സാമൂഹ്യ നീതി വകുപ്പ് മന്ത്രി



ഡോക്ടർ ആർ. ബിന്ദു അധ്യക്ഷത വഹിച്ചു. കേരളത്തിലെ പതിനാലു ജില്ലകളിലിൽ നിന്നുള്ള Transgender + Queer സുഹൃത്തുക്കൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. വിവിധ വിഷയങ്ങളിലായി വിഷയ വിദഗ്ദർ സംസാരിക്കുകയും, പരിശീലനം നല്കുകയും ചെയ്യും.

സുരക്ഷിത കേരളത്തിലേക്കുള്ള മുന്നേറ്റത്തിൽ എല്ലാവരെയും ഉൾകൊള്ളുക എന്നത് ദുരന്ത നിവാരണ പ്രവർത്തങ്ങളുടെ കാതലാണ്. ഈ ആശയത്തിൽ ഊന്നിക്കൊണ്ടുകൊണ്ടാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി Transgender + Queer Inclusive Disaster Risk Reduction എന്ന സമഗ്രമായ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 2020ൽ മലപ്പുറം ജില്ലയിൽ തുടങ്ങിയ ഈ പദ്ധതിയുടെ തുടർ പ്രവർത്തനാമായിട്ടാണ് സംസ്ഥാന തല പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. സംസ്ഥാനതലത്തിൽ Transgender + Queer Inclusive Disaster Risk Reduction പ്രവർത്തങ്ങളെ വിശകലം ചെയ്യുന്നതിനായി കോർ കമ്മിറ്റീ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കുകയും പഠനം നടത്തുകയും ചെയ്തിട്ടുള്ളതാണ്.

ദുരന്തങ്ങൾ വിവിധ വിഭാഗം മനുഷ്യരെ വ്യത്യസ്ഥ രീതിയിലാണ് ബാധിക്കുന്നത് എന്ന ബോധ്യത്തിൻറെ അടിസ്ഥാനത്തിൽ എല്ലാ വിഭാഗങ്ങളെയും പങ്കാളികളാക്കി കൊണ്ടുള്ള ദുരന്ത നിവാരണ ലഘൂകരണ പ്രവർത്തങ്ങളാണ് അതോറിറ്റി വിഭാവനം ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2023/03/TG_final_report.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.8 എറണാകുളം - രാസവസ്തുക്കളുടെ ചോർച്ച - മോക്ക്ഡ്രിൽ

രാസവസ്തുക്കളുടെ ചോർച്ച മൂലമുണ്ടാകുന്ന അടിയന്തര സാഹചര്യം നേരിടുന്നതിന് ജില്ല എത്രമാത്രം സജ്ജമാണെന്ന് വിലയിരുത്തുന്നതിനായി 7-12-2025ന് കളമശ്ശേരിയിൽ മോക് ഡ്രിൽ സംഘടിപ്പിച്ചു. ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ, ഭാരത് പെട്രോളിയം കോർപ്പറേഷന്റെ സഹകരണത്തോടെയാണ് സീപോർട്ട് - എയർപോർട്ട് റോഡിൽ തോഷിബ ജംഗ്ഷന് സമീപം ഡ്രിൽ നടത്തിയത്. വിപുലമായ ക്രമീകരണങ്ങളും മുന്നൊരുക്കങ്ങളുമാണ് മോക്ക് ഡ്രില്ലിനായി ഏർപ്പെടുത്തിയത്.

ഹൈഡ്രോ കാർബൺ ഉൽപന്നങ്ങൾ കടന്നുപോകുന്ന പൈപ്പ് ലൈനിലുണ്ടായ ചോർച്ചയും തീപിടിത്തവും തുടർന്ന് നടത്തുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങളുമാണ് മോക്ഡ്രില്ലിലൂടെ ആവിഷ്കരിച്ചത്. കളക്ടറേറ്റിലെ അടിയന്തരഘട്ട കാര്യ നിർവഹണ കേന്ദ്രത്തിലും കളമശേരിയിലെ കേരള

പ്രൊഡക്ടീവ് കൗൺസിൽ കേന്ദ്രത്തിലും മോക്ക്ഡ്രില്ലിന്റെ ഭാഗമായി കൺട്രോൾ റൂമുകൾ ഒരുക്കിയിരുന്നു. മോക്ക്ഡ്രില്ലിൽ പങ്കെടുത്ത വിവിധ വകുപ്പുകൾ കാര്യക്ഷമമായ ഇടപെടലുകളാണ് നടത്തിയത്.



അത്യാഹിത ഘട്ടങ്ങളിൽ സമയബന്ധിതമായ രക്ഷാപ്രവർത്തനം നടത്തുന്നതിനാണ് ഇത്തരം മോക്ക്ഡ്രില്ലുകൾ സംഘടിപ്പിക്കുന്നത്.

## 1.9 സുനാമി തയ്യാറെടുപ്പ് - സുനാമി റെഡി കേരളം

യുനെസ്കോ (UNESCO) വിഭാവനം ചെയ്ത, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും, ഇന്ത്യൻ സമുദ്ര വിവര കേന്ദ്രവും (INCOIS) ചേർന്ന് നടത്തുന്ന ഒരു സാമൂഹികാധിഷ്ഠിത ദുരന്തലഘൂകരണ പരിപാടിയാണ് സുനാമി റെഡി.

സുനാമി ദുരന്ത ലഘൂകരണ പദ്ധതികൾ, ഭൂപടങ്ങൾ, അവബോധന ക്ലാസുകൾ, മോക്ക് ഡ്രില്ലുകൾ തുടങ്ങി വിവിധങ്ങളായ സൂചകങ്ങൾ മുൻനിർത്തി ഒരു തീരദേശ ഗ്രാമത്തിന് സുനാമി റെഡി എന്ന സാക്ഷ്യപത്രം നൽകുന്ന അന്താരാഷ്ട്ര പദ്ധതിയാണ് സുനാമി റെഡി. യുനെസ്കോയുടെ നിയന്ത്രണത്തിലുള്ള ഇന്റർ ഗവൺമെന്റൽ ഓഷ്യനോഗ്രാഫിക് കമ്മീഷൻ ആണ് അംഗീകാരം നൽകുന്നത്. യുനെസ്കോ സംഘം പരിശോധന നടത്തിയാണ് അന്തിമ പ്രഖ്യാപനം നടത്തുക. ഇന്ത്യയിൽ ഒഡിഷയിലെ രണ്ട് ഗ്രാമങ്ങൾ മാത്രമാണ് ഇതുവരെ ഈ അംഗീകാരം നേടിയിട്ടുള്ളത്.

പദ്ധതിയുടെ ഭാഗമായി പരിശീലന പരിപാടിയും , മോക്ക്ഡ്രില്ലും മറ്റ് അനുബന്ധ പരിപാടികളും സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ നടത്തിവരുന്നു. തദ്ദേശ ജനത, ജനപ്രതിനിധികൾ, ദുരന്ത പ്രതികരണ സേനകൾ, വിവിധ വകുപ്പുകൾ,



സാമൂഹിക സന്നദ്ധ സേന, ന്നദ്ധ സംഘടനകൾ എന്നിവ സംയുക്തമായാണ് പരിപാടി നടത്തുന്നത്. പാരിസ്ഥിതികവും ഭൂമിശാസ്ത്രപരവുമായ

സവിശേഷതകൾ കണക്കിലെടുത്താണ് അതാത് ജില്ലകളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയത്.

ഇത് വരെ കോഴിക്കോട് (നഗരം - 12-12-2022), തൃശ്ശൂർ (എറിയാട് - 13-12-2022), കാസർഗോഡ് (വലിയപറമ്പ - 16-12-2022) എന്നിവിടങ്ങളിൽ പരിപാടിയുടെ ആദ്യഘട്ടമായ ഒരു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികൾ നടന്നു. ഡിസംബർ 20ന് എറണാകുളം (ചെല്ലാനം), 23 ന് ആലപ്പുഴ (പുറക്കാട്), കൊല്ലം (ആലപ്പാട്) പ്രദേശങ്ങളിലും ഒരു ദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടികൾ നടന്നു. കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2023/01/Tsunami_ready_program_report.pdf

## 1.10 സംസ്ഥാന വ്യാപകമായി മോക്ക്ഡ്രിൽ

കേരളത്തിലെ പ്രളയ-ഉരുൾപൊട്ടൽ തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിന്റെ ഭാഗമായി ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശാനുസരണം 2022 ഡിസംബർ 29 ന് മോക്ക്ഡ്രിൽ സംഘടിപ്പിച്ചു. കേരളത്തിലെ 14 ജില്ലകളും ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളും മോക്ക്ഡ്രില്ലിൽ പങ്കെടുത്തു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ പ്രളയ സാധ്യത മോക്ക് ഡ്രില്ലും കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഉരുൾപൊട്ടൽ സാധ്യത മോക്ക്ഡ്രില്ലുമാണ് നടന്നത്. തൃശൂർ, പത്തനംതിട്ട ജില്ലകളിൽ പ്രളയത്തോടൊപ്പം അണക്കെട്ടുകളിൽ നിന്ന് അധിക ജലം ഒഴുക്കി വിടുന്ന സാഹചര്യം കൂടി ഉൾപ്പെടുത്തിയാണ് മോക്ക്ഡ്രിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. എറണാകുളം, തൃശൂർ ജില്ലകളിൽ പ്രളയത്തി ൽ വ്യവസായ ശാലകളിൽ നിന്നുള്ള വിഷപദാർത്ഥങ്ങൾ ലീക്ക് ചെയ്യുന്ന സാഹചര്യത്തെയും മോക്ക്ഡ്രില്ലിൽ ഉൾപ്പെടുത്തി. ദുരന്ത മുന്നറിയിപ്പ് ലഭിക്കുന്ന ഘട്ടത്തിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റത്തിന്റെ പ്രവർത്തനം, കണ്ട്രോൾ റൂമുകളുടെ പ്രവർത്തനം, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ആശയവിനിമയോപാധികളുടെ കൃത്യമായ





ഉപയോഗം, അപകട സ്ഥലത്ത് നടത്തുന്ന പ്രതികരണ-രക്ഷാപ്രവർത്തനങ്ങളുടെ ഏകോപനം തുടങ്ങിയ സുപ്രധാന കാര്യങ്ങൾ വിലയിരുത്തപ്പെട്ടു.

സംസ്ഥാനത്തെ 70 താലൂക്കുകളിലായി സാങ്കൽപ്പിക അപകട സാഹചര്യത്തെ സൃഷ്ടിച്ചു കൊണ്ടുള്ള പ്രതികരണ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുള്ള പ്രത്യേക നിരീക്ഷകൻ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിൽ ഇരുന്ന് പ്രവർത്തനങ്ങൾ നിരീക്ഷിച്ചു. വിവിധ കേന്ദ്ര സേനകളിൽ നിന്നുള്ള പ്രതിനിധകൾ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും നിരീക്ഷകരായി.

**വ്യോമസേനയുൾപ്പെടെയുള്ള കേന്ദ്ര രക്ഷാസേനകളുടെ രക്ഷാപ്രവർത്തനം**

2018 ലെ പ്രളയ സാഹചര്യത്തിൽ വേണ്ടി വന്നത് പോലെയുള്ള ആകാശമാർഗമുള്ള ദുരിതാശ്വാസ സാമഗ്രികളും ഭക്ഷണവും എത്തിക്കുന്ന 'എയർ ഡ്രോപ്പിംഗ്' തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടെ മോക്ക്ഡ്രില്ലിൻറെ ഭാഗമായി സംഘടിപ്പിച്ചു.

ദുരന്ത പ്രതികരണ തയ്യാറെടുപ്പിൽ നിർണ്ണായകമാണ് മോക്ക്ഡ്രിൽ എക്സർസൈസുകൾ. നിലവിൽ ഓരോ സംവിധാനങ്ങളും എത്രത്തോളം സജ്ജമാണെന്ന് പരിശോധിക്കപ്പെടുകയും പോരായ്മകളും കൂടുതൽ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ എന്തെന്നും വിലയിരുത്താനും ഇത്തരം പരിപാടി ഉപകാരപ്പെടും.



**വിവിധ ജില്ലകളിൽ മോക്ക്ഡ്രിൽ നടന്ന പ്രദേശങ്ങൾ**

തിരുവനന്തപുരം ജില്ലയിൽ ചെങ്കൽ, പൂവച്ചൽ, വെള്ളനാട്, കടയ്ക്കാവൂർ, കഠിനംകുളം എന്നീ പഞ്ചായത്തുകളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്. കഠിനംകുളം ഗ്രാമ പഞ്ചായത്ത് ഓഫീസ്





പരിസരത്താണ് എയർഡ്രോപ്പും ആകാശമാർഗമുള്ള രക്ഷാപ്രവർത്തനവും പരിശീലിച്ചു.

കൊല്ലം ജില്ലയിൽ കൊല്ലം കോർപറേഷൻ, കൊട്ടാരക്കര മുൻസിപ്പാലിറ്റി, കുന്നത്തൂർ, തെന്മല, പന്മന എന്നീ പഞ്ചായത്തുകളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

പത്തനംതിട്ട ജില്ലയിൽ പെരുനാട്, ചിറ്റാർ, ചെന്നീർക്കര, കല്ലൂപ്പാറ, നെടുമ്പ്രം എന്നീ പഞ്ചായത്തുകളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

ആലപ്പുഴ ജില്ലയിൽ ആലപ്പുഴ മുൻസിപ്പാലിറ്റി, കടക്കരപ്പള്ളി, വെണ്മണി, ചെറുതന, ചെട്ടിക്കുളങ്ങര എന്നീ പഞ്ചായത്തുകളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

കോട്ടയം ജില്ലയിൽ പാലാ മുൻസിപ്പാലിറ്റി, കൂട്ടിക്കൽ, തിരുവാർപ്പ്, ഉദയനാപുരം, വാഴപ്പള്ളി എന്നീ പഞ്ചായത്തുകളിലാണ് ഉരുൾപൊട്ടൽ-പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

ഇടുക്കി ജില്ലയിൽ കട്ടപ്പന മുൻസിപ്പാലിറ്റി, കുടയത്തൂർ, നെടുങ്കണ്ടം, മൂന്നാർ, കുമിളി എന്നീ പഞ്ചായത്തുകളിലാണ് ഉരുൾപൊട്ടൽ-പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്. ലൂയിസ് ബ്രെയ്‌ലി മെമ്മോറിയൽ സ്കൂൾ കുടയത്തൂർ, ഉടുമ്പുഞ്ചോല താലൂക്ക് ഓഫിസ്, മൂന്നാർ എഞ്ചിനീയറിംഗ് ഗ്രൗണ്ട്, വണ്ടിപ്പെരിയാർ സത്രം, കട്ടപ്പന മുൻസിപ്പൽ ഗ്രൗണ്ട്എ എന്നിവടങ്ങളിലാണ് എയർഡ്രോപ്പും ആകാശമാർഗമുള്ള രക്ഷാപ്രവർത്തനവും പരിശീലിച്ചു.

എറണാകുളം ജില്ലയിൽ ചെങ്ങമനാട്, മുവാറ്റുപുഴ, മുവാറ്റുപുഴ, തൃക്കാക്കര, ഒക്കൽ എന്നീ തദ്ദേശസ്ഥാപനങ്ങളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്. സതേൺ മിനറൽസ് ആൻഡ് കെമിക്കൽസിൽ നിന്ന് പെരിയാറിലേക്ക് രാസപദാർത്ഥം ലീക്ക് ചെയ്യുന്നത് കൂടി ഉൾപ്പെടുത്തി.



തൃശൂർ ജില്ലയിൽ പടിയൂർ, തൃശൂർ കോർപറേഷൻ, ചാവക്കാട് മുൻസിപ്പാലിറ്റി, ചാലക്കുടി മുൻസിപ്പാലിറ്റി, കുന്നംകുളം മുൻസിപ്പാലിറ്റി എന്നീ തദ്ദേശസ്ഥാപനങ്ങളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

പാലക്കാട് ജില്ലയിൽ മലമ്പുഴ, നെന്മാറ, ആലത്തൂർ, കാഞ്ഞിരപ്പുഴ, അമ്പലപാറ എന്നീ തദ്ദേശസ്ഥാപനങ്ങളിലാണ് ഉരുൾപൊട്ടൽ-പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

മലപ്പുറം ജില്ലയിൽ കവനൂർ, പൊന്നാനി മുൻസിപ്പാലിറ്റി, മമ്പാട്, വാഴക്കാട്, പുലാമന്തോൾ എന്നീ തദ്ദേശസ്ഥാപനങ്ങളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

കോഴിക്കോട് ജില്ലയിൽ ഒളവണ്ണ, കൊടുവള്ളി, അരിക്കുളം, മാവൂർ, തിരുവള്ളൂർ എന്നീ തദ്ദേശസ്ഥാപനങ്ങളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

വയനാട് ജില്ലയിൽ അമ്പലവയൽ, തിരുനെല്ലി, വൈത്തിരി, കൽപ്പറ്റ എന്നീ തദ്ദേശസ്ഥാപനങ്ങളിലാണ് ഉരുൾപൊട്ടൽ-പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

കണ്ണൂർ ജില്ലയിൽ ഉളിക്കൽ, ചിറക്കൽ, കുഞ്ഞിമംഗലം, എരഞ്ഞോളി, ശ്രീകണ്ഠപുരം എന്നീ തദ്ദേശസ്ഥാപനങ്ങളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

കാസറഗോഡ് ജില്ലയിൽ നീലേശ്വർ, ചെമ്മനാട്, കയ്യൂർ, മഞ്ചേശ്വരം, കല്ലാർ എന്നീ തദ്ദേശസ്ഥാപനങ്ങളിലാണ് പ്രളയ സാധ്യത മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്.

27 ഡിസംബർ 2022ന് സംസ്ഥാന വ്യാപകമായി പ്രളയ-ഉരുൾപൊട്ടൽ തയ്യാറെടുപ്പ് മോക്ക്ഡ്രിൽ ടേബിൾ ടോപ്പ് എക്സർസൈസ് യോഗങ്ങൾ നടന്നു.

ബഹു. റവന്യൂ മന്ത്രി (സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വൈസ് ചെയർമാൻ) മോക്ക്ഡ്രിൽ നടപടികൾ 19-12-2022, പകൽ 11 മണിക്ക് ഉത്ഘാടനം ചെയ്തു.

വിശദമായ റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2025/08/Kerala_2022_Mock_Drill_11zon-16-mb.pdf



## 1.11 സുനാമി ബോധവത്കരണം - ആലപ്പുഴ

സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ സുനാമി

മോക്ഡ്രില്ലിന് മുന്നോടിയായി 23-12-2022ന് സംഘടിപ്പിച്ച പരിശീലന പരിപാടി ശ്രീ. എച്ച് സലാം എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രകൃതിയെ ദ്രോഹിക്കാതെ ഓരോ മനുഷ്യരും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയാൽ പ്രകൃതി ദുരന്തങ്ങളുടെ ആഘാതം നമുക്ക് കുറക്കാനാകുമെന്ന് എച്ച് സലാം പറഞ്ഞു.

സുനാമി റെഡി പ്രോഗ്രാം എന്ന പേരിൽ പുറക്കാട് എസ് എൻ എം ഹയർസെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച പരിപാടിയിൽ പഞ്ചായത്ത് പ്രസിഡൻറ് എ എസ് സുദർശനൻ അധ്യക്ഷനായി. ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം ) ആശ സി എബ്രഹാം ബ്ലോക്ക് പഞ്ചായത്ത് അംഗം ജി വേണുലാൽ, പഞ്ചായത്തംഗം അഡ്വ.വി എസ് ജിനു രാജ്, സ്കൂൾ മാനേജർ എം ടി മധു, പ്രിൻസിപ്പാ ൾ ഇ പി സതീശൻ, എച്ച് എം കെ സി ചന്ദ്രിക, തഹസിൽദാർ വി സി ജയ, ഹസാർഡ് ആന്റ് റിസ്ക് അനലിസ്റ്റ് (സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി) ജി എസ് പ്രദീപ്, അനലിസ്റ്റ് ചിന്ദു ചന്ദ്രൻ എന്നിവർ സംസാരിച്ചു.

## 1.12 IRS ഓൺലൈൻ പരിശീലനം

2022-ലെ മൺസൂൺ കാലഘട്ടത്തെ നേരിടാൻ തയ്യാറാക്കലിന്റെ ഭാഗമായി, സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും താലൂക്ക് തല IRT (Incident Response Team) അംഗങ്ങൾക്കുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി IRS ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു. ആദ്യ ദിവസം തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, ഇടുക്കി ജില്ലകളിലെ പ്രതിനിധികൾ പങ്കെടുത്തു; രണ്ടാം ദിവസം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ IRS അംഗങ്ങൾ പങ്കെടുത്തു.

പരിശീലനത്തിൽ IRS-ന്റെ ഉത്ഭവം, ഘടന, പ്രവർത്തനരീതി, വിവിധ തലങ്ങളിലെ (സംസ്ഥാന, ജില്ല, താലൂക്ക്) ഉത്തരവാദിത്വങ്ങൾ, documentation പ്രാധാന്യം എന്നിവ വിശദീകരിച്ചു. ഓരോ ഘട്ടത്തിലും Incident Commander, Operations Chief, Planning Chief, Logistics Chief, Liaison Officer, Media Officer, Safety Officer, Information Officer തുടങ്ങിയ സ്ഥാനങ്ങൾക്കും അവരുടെ ചുമതലകൾക്കും പരിശീലനം നൽകി.

പരിശീലനം കൈകാര്യം ചെയ്തത് KSDMA-യിലെ Hazard Analyst ആയ ശ്രീമതി അമൃത കെ ആയിരുന്നു. സെഷനുകൾക്ക് തുടക്കം കുറിച്ചത് Social Capacity Building Specialist ആയ ശ്രീ ക്ലിന്റ് മാത്യു. രണ്ടാം ദിവസത്തെ സെഷനിൽ പ്രളയ സാഹചര്യത്തിൽ IRS പ്രവർത്തനം എന്നതിനെ അടിസ്ഥാനമാക്കി case simulation നടത്തി.

IRS സംവിധാനം ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ അവ്യവസ്ഥ കുറയ്ക്കാനും, ഉത്തരവാദിത്വങ്ങൾ വ്യക്തമായി നിർവചിക്കാനും, പ്രതികരണ ഘട്ടത്തിൽ കൃത്യതയും ഏകീകരണവും ഉറപ്പാക്കാനും സഹായിക്കുന്നു. സംസ്ഥാനത്ത് IRS സംവിധാനം താലൂക്ക് തലത്തിൽ വരെ നിലവിലുണ്ട്, ഓരോ DDMAയും മൺസൂൺ മുമ്പ് IRS ഘടന പുതുക്കുകയും ചെയ്യുന്നു. പരിശീലന റിപ്പോർട്ട് ലഭ്യമാക്കാൻ: https://sdma.kerala.gov.in/wp-content/uploads/2022/06/IRS_training.pdf

## 1.13 LSG-കൾക്കായുള്ള ആമ്യൂസ്മെന്റ് പാർക്ക് ഇൻസ്പെക്ഷൻ മാർഗനിർദ്ദേശ പരിശീലനം

2022 മേയ് 21-ന് രാവിലെ 11.30 മുതൽ 12.30 വരെ Zoom വഴി നടന്ന ഈ പരിശീലന പരിപാടി ആമ്യൂസ്മെന്റ് പാർക്കുകൾക്കും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും സുരക്ഷാ പരിശോധന നടത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ LSG-കളെ ബോധവത്കരിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കപ്പെട്ടു. പരിശീലന സെഷൻ കൈകാര്യം ചെയ്തത് KSDMA-യിലെ Safety Engineer ആയ ശ്രീ ആദർവ് സുരേഷ് ആയിരുന്നു. പരിപാടിയിൽ YouTube ലൈവിലൂടെ 209 പേർ, Facebook ലൈവിലൂടെ 305 പേർ പങ്കെടുത്തു.

പരിശീലനത്തിൽ ആമ്യൂസ്മെന്റ് പാർക്കുകളുടെ ഘടനാ സുരക്ഷ, പ്രവർത്തനാനുമതികൾ, അപകട സാധ്യതകൾ, LSG-കളുടെ ഉത്തരവാദിത്വങ്ങൾ, പരിശോധനാ ചെക്ക്ലിസ്റ്റുകൾ തുടങ്ങിയ വിഷയങ്ങൾ വിശദമായി അവതരിപ്പിച്ചു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് ഉറപ്പാക്കാൻ LSG-കൾക്ക് പ്രായോഗിക മാർഗങ്ങൾ ഈ സെഷനിലൂടെ ലഭിച്ചു.

പരിശീലന റിപ്പോർട്ട് ലഭ്യമാക്കാൻ: https://sdma.kerala.gov.in/wp-content/uploads/2022/05/amusement-_Traininng.pdf

## 1.14 മിന്നൽ ദുരന്ത നിവാരണ പരിശീലനം

2022 മേയ് 11-ന് വൈകുന്നേരം 3:30 മുതൽ 4:30 വരെ സംഘടിപ്പിച്ച മിന്നൽ ദുരന്ത നിവാരണ പരിശീലനം, പഞ്ചായത്തുകളും നഗരസഭകളും ഉൾപ്പെടുന്ന LSGs-നെ ലക്ഷ്യമിട്ടതായിരുന്നു. KSDMA-യുടെ മിന്നൽ ദുരന്ത നിവാരണ വിദഗ്ധരായ ശ്രീമതി രമ്യ കെ (മീറ്റിയോറോളജിസ്റ്റ്), ശ്രീ ഫഹദ് മാർസൂക്ക് (ഹസാർഡ് അനലിസ്റ്റ്) എന്നിവർ സെഷനുകൾ കൈകാര്യം ചെയ്തു. പരിശീലനം YouTube, Facebook എന്നിവയിലൂടെയും ലൈവ് സംപ്രേഷണം ചെയ്തു.

സെഷൻ 1: മിന്നൽ സുരക്ഷാ മാർഗനിർദ്ദേശങ്ങൾ

ശ്രീമതി രമ്യ കെ മിന്നലിന്റെ ഗുരുത്വം, അതിന്റെ ഉത്ഭവം, മനുഷ്യരിൽ ഉണ്ടാക്കുന്ന അപകടങ്ങൾ എന്നിവ വിശദീകരിച്ചു. സംസ്ഥാനത്തെ പ്രത്യേക ദുരന്തമായി മിന്നൽ പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ, സുരക്ഷാ മാർഗങ്ങൾ ലളിതമായി അവതരിപ്പിച്ചു.

സെഷൻ 2: മിന്നൽ ആക്ഷൻ പ്ലാൻ

ശ്രീ ഫഹദ് മാർസൂക്ക് മിന്നലപാതക സമയത്ത് സ്വീകരിക്കേണ്ട നടപടികൾ, സാമൂഹിക ഇടപെടലുകൾ, KSDMA-യുടെ ആശയവിനിമയ ചാനലുകൾ വഴി ലഭ്യമാക്കുന്ന വിവരങ്ങൾ എന്നിവ വിശദീകരിച്ചു. കേരള സംസ്ഥാന മിന്നൽ ആക്ഷൻ പ്ലാനിന്റെ സംഗ്രഹവും അവതരിപ്പിച്ചു.

പരിശീലനത്തിൽ Zoom വഴി 21 പേർ, YouTube ലൈവിൽ 564 പേർ, Facebook ലൈവിൽ 328 പേർ പങ്കെടുത്തു. മിന്നൽ പ്രതിരോധിക്കാൻ LSGs തലത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ ഈ പരിശീലനം ഫലപ്രദമായി പങ്കുവെച്ചു. റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2022/05/lightning_training_for_lsg.pdf

### 1.15 Basic Life Support (BLS) and First Aid Skill Training Programme

2022 ഏപ്രിൽ 29-ന് തിരുവനന്തപുരം കെഎസ്ഡിഎംഎ ഓഫീസിൽ നടന്ന BLS പരിശീലന പരിപാടി, അതോറിറ്റിയിലെ ജീവനക്കാർക്ക് അടിയന്തര ചികിത്സാ നൈപുണ്യങ്ങൾ കൈവരാൻ ലക്ഷ്യമിട്ടതായിരുന്നു. Dr. D. Srikanth (State Nodal Officer, Trauma Care) നേതൃത്വം നൽകിയ പരിശീലനത്തിൽ CPR, ശിശുക്കളിലെ BLS, ശ്വാസതടസം, മുങ്ങൽ, വൈദ്യുതാഘാതം, പൊള്ളൽ, മുറിവുകൾ, മൂക്കിനിറവ്, കുഴപ്പം എന്നിവയെക്കുറിച്ചുള്ള പ്രായോഗിക സെഷനുകളും ഡെമോൺസ്ട്രേഷനുകളും ഉൾപ്പെടുത്തിയിരുന്നു. Neyyattinkara, GH Thiruvananthapuram എന്നിവിടങ്ങളിൽ നിന്നുള്ള മെഡിക്കൽ സ്റ്റാഫ് പരിശീലന സംഘത്തെ സഹായിച്ചു.

പരിശീലനത്തിൽ പങ്കെടുത്ത 23 ജീവനക്കാർക്ക് ഹൃദയവും തലയുമടക്കമുള്ള പ്രധാന അവയവങ്ങൾക്ക് ഓക്സിജൻ എത്തിക്കുന്നതിന്റെ പ്രാധാന്യം, അടിയന്തര സാഹചര്യങ്ങളിൽ പ്രതികരിക്കാനുള്ള അടിസ്ഥാന നൈപുണ്യങ്ങൾ, എന്നിവ മനസ്സിലാക്കാൻ അവസരം ലഭിച്ചു. പരിപാടിയുടെ സ്വാഗതം ശ്രീ ജോ ജോർജ് (State Project Officer) നിർവഹിച്ചു; നന്ദി അറിയിക്കൽ ശ്രീ ക്ലിന്റ് മാത്യു (Social Capacity Building Specialist) നിർവഹിച്ചു. റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2022/05/BLS_Report.pdf

## 1.16 Inter-Agency Group (IAG) Coordination Meeting

2022 ഏപ്രിൽ 8-ന് വൈകുന്നേരം 3 മണിക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടന്ന IAG കോഓർഡിനേഷൻ മീറ്റിംഗിൽ KSDMA അംഗങ്ങൾ, UNICEF പ്രതിനിധികൾ, Sphere India കോഓർഡിനേറ്റർമാർ, വിവിധ ജില്ലകളിലെ DDMA ഹസാർഡ് അനലിസ്റ്റുകൾ, IAG അംഗ സംഘടനകൾ എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്തു. Dr. Sekhar L. Kuriakose (Member Secretary, KSDMA) ഉദ്ഘാടനം നിർവഹിച്ചു. ജില്ലാതല IAG-കൾ കൂടുതൽ പ്രവർത്തനക്ഷമവും മുൻകൂട്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതുമായ രീതിയിൽ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി.

UNICEF-ന്റെ Risk and Resilience Officer Shri Mahendra Rajaram വിവിധ സംസ്ഥാനങ്ങളിലെ IAG പ്രവർത്തന മാതൃകകൾ വിശദീകരിച്ചു. ജില്ലാതല പ്രവർത്തനങ്ങൾ രേഖപ്പെടുത്തൽ, റിപ്പോർട്ടുകൾ തയ്യാറാക്കൽ, സന്നദ്ധസംഘടനകളുടെ പങ്ക് വർദ്ധിപ്പിക്കൽ തുടങ്ങിയ വിഷയങ്ങൾ ചർച്ചയായി.

83-ത്തിലധികം പ്രതിനിധികൾ പങ്കെടുത്ത ഈ മീറ്റിംഗിൽ, ജില്ലാതല IAG പ്രവർത്തനങ്ങളുടെ സംയുക്ത റിപ്പോർട്ട് ഒരുമാസത്തിനകം തയ്യാറാക്കുക, ജൂൺ/മൺസൂൺ മുമ്പ് ഓരോ ജില്ലയിലും കുറഞ്ഞത് ഒരു പരിപാടി സംഘടിപ്പിക്കുക, IDRN ഡാറ്റാബേസിലേക്ക് മനുഷ്യശേഷി, ഉപകരണങ്ങൾ, ആവശ്യമായ വസ്തുക്കൾ എന്നിവ സമർപ്പിക്കുക തുടങ്ങിയ തീരുമാനങ്ങൾ എടുത്തു. റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2022/04/Report_IAG_Meeting_jjg.pdf

## 1.17 Inter-Agency Group (IAG) – പരിശീലനം

2022 ജൂൺ 8-ന് തിരുവനന്തപുരം സരോവർ പോർട്ടിക്കോ ഹോട്ടലിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA), UNICEF, Sphere India എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ "ദുരന്ത പ്രതികരണവും അപകട സാധ്യത കുറയ്ക്കലും" എന്ന വിഷയത്തിൽ Inter-Agency Group (IAG) Kerala-ക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. 14 ജില്ലകളിൽ നിന്നുള്ള IAG/DDMA പ്രതിനിധികളായ 68 പേർ പങ്കെടുത്ത ഈ പരിപാടിയിൽ GO-NGO ഏകീകരണ വെല്ലുവിളികളും സാധ്യതകളും, NGO-കളുടെ തദ്ദേശീയ പങ്ക്, minimum relief standards, early warning dissemination, district-level coordination തുടങ്ങിയ വിഷയങ്ങൾ case-based learning മുഖേന ചർച്ചചെയ്തു. ഡോ. ശേഖർ എൽ കുര്യാകോസ്, ശ്രീ. അജി ഫ്രാൻസിസ്, ശ്രീ. ക്ലിന്റ് മാത്യു, ശ്രീമതി ആനി ജോർജ്, ശ്രീ. ജോ ജോൺ ജോർജ്, ഡോ. പ്രതീഷ് സി മാമ്മൻ, ശ്രീ. വിജീഷ് പി തുടങ്ങിയവർ സെഷനുകൾ കൈകാര്യം ചെയ്തു. പങ്കാളികൾ തമ്മിലുള്ള സംവാദം വഴി collaborative

disaster governance-നുള്ള സാധ്യതകളും, നിലവിലുള്ള വെല്ലുവിളികൾക്കും പരിഹാര മാർഗങ്ങളും വിശദമായി ആലോചിക്കപ്പെട്ടു. റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2022/11/IAG_training_report-1.pdf

## 1.18 പ്രഭാഷണപരമ്പര

- ഇടിമിന്നലുകൾ ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾ മനസ്സിലാക്കുന്നതിൽ സ്പേഷ്യൽ ഇൻഫർമേഷൻ ടെക്നോളജിയുടെ പങ്ക് - വെബിനാർ - 27-04-2022: ഡോ. എം. മുത്തുകുമാർ, അസിസ്റ്റന്റ് പ്രൊഫസർ, സെന്റർ ഫോർ ജിയോയിൻഫർമാറ്റിക്സ്, ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്, തമിഴ്നാട്
- പ്രകൃതിദുരന്ത റിസ്ക് മനസ്സിലാക്കുന്നതിൽ സ്പേഷ്യൽ ഇൻഫർമേഷൻ ടെക്നോളജി (തീരക്ഷയം) - വെബിനാർ - 27-04-2022: ഡോ. എസ്. കലിരാജ്, സയന്റിസ്റ്റ് സി, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)
- ഇടിമിന്നൽ ജാഗ്രത നിർദേശങ്ങൾ - കുട്ടികൾക്കുള്ള നിർദേശങ്ങൾ - വെബിനാർ - 19-04-2022: ശ്രീ. ഫെലിക്സ് ജോഫ്രി (https://youtu.be/TeDx-j-4Vwk?si=lgFrrgYu05Rl4SDc)
- ഇടിമിന്നലേറ്റാൽ നൽകേണ്ട പ്രഥമ ശുശ്രൂഷകൾ - വെബിനാർ - 18-04-2022: ശ്രീ. രാജാശേഖരൻ നായർ (IIEMS- കോട്ടയം) (https://youtu.be/pa_d0L-XCV4?si=blmdpwvDl9vqkbRx)
- മേഘവിസ്ഫോടനം - വെബിനാർ - 18-04-2022: ഡോ. അബിലാഷ് എസ്, ഡയറക്ടർ, അഡ്വാൻസ്ഡ് സെന്റർ ഫോർ ആറ്റ്മോസ്ഫെറിക് റഡാർ റിസർച്ച്, കൊച്ചിൻ സയൻസ് ആൻഡ് ടെക്നോളജി സർവകലാശാല (CUSAT)
- ഇടിമിന്നൽ ജാഗ്രത നിർദേശങ്ങൾ - കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - വെബിനാർ - 13-04-2022: ഡോ. അശ്വതി എസ്. നായർ, അഗ്രികൾച്ചർ സ്പെഷ്യലിസ്റ്റ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (https://youtu.be/uGIOLwroReE?si=LZRC4zp19Bm5G7wk)
- ഇടിമിന്നൽ ജാഗ്രത നിർദേശങ്ങൾ-മിത്തുകളും യാഥാർഥ്യവും- വെബിനാർ - 12-04-2022: ശ്രീ. രാജീവൻ കെ., കാലാവസ്ഥാ വിദഗ്ധൻ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (https://youtu.be/7NnErgiDkxc?si=saDEz-M8WnnyQU8d)
- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ വിഷയാധിഷ്ഠിത ഇടിമിന്നൽ ദുരന്ത സാധ്യതാ ലഘൂകരണ നിർദേശങ്ങൾ - വെബിനാർ - 11-04-2022: ശ്രീമതി. ലക്ഷ്മി വി, ഹൈഡ്രോളജിസ്റ്റ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (https://youtu.be/a62wCTejfKg?si=FkdxuKdIhMNvcGVv)

- "പ്രകൃതിദുരന്ത റിസ്ക് മനസ്സിലാക്കുന്നതിൽ സ്പേഷ്യൽ ഇൻഫർമേഷൻ ടെക്നോളജി - വെള്ളപ്പൊക്കം (Flood)" - വെബിനാർ - 7-04-2022: ഡോ. ജി. ബാലമുരുകൻ, അസോസിയേറ്റ് പ്രൊഫസർ & വിഭാഗാധ്യക്ഷൻ, അപ്ലൈഡ് ജിയോളജി, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് തമിഴ്‌നാട്
- "പ്രകൃതിദുരന്ത റിസ്ക് മനസ്സിലാക്കുന്നതിൽ സ്പേഷ്യൽ ഇൻഫർമേഷൻ ടെക്നോളജി - ഭൂകമ്പം (Earthquake)" - വെബിനാർ - 27-05-2022: ഡോ. പത്മറാവു ബൊമ്മോജു, സയന്റിസ്റ്റ് സി, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)
- "കേരളത്തിലെ ആസ്പിരേഷണൽ ജില്ലയും ദുരന്തനിവാരണവും" - വെബിനാർ - 25-05-2022: ഡോ. കരുണാകരൻ അഖിൽദേവ്, കൺസൾട്ടന്റ്
- "പ്രകൃതിദുരന്ത റിസ്ക് മനസ്സിലാക്കുന്നതിൽ സ്പേഷ്യൽ ഇൻഫർമേഷൻ ടെക്നോളജി - വരൾച്ച" - വെബിനാർ - 13-05-2022: ഡോ. ഗിരീഷ് ഗോപിനാഥ്, അസോസിയേറ്റ് പ്രൊഫസർ & തലവൻ, കാലാവസ്ഥ വ്യതിയാനവും ജലജീവ സമ്പദ്‌വ്യവസ്ഥയും വിഭാഗം, KUFOS സ്റ്റഡീസ് (NCESS)
- "ജനക്കൂട്ട നിയന്ത്രണം" - വെബിനാർ - 9-05-2022: ഡോ. ലക്ഷ്മി ദേവി വാനുമു
- "പ്രകൃതിദുരന്ത റിസ്ക് മനസ്സിലാക്കുന്നതിൽ സ്പേഷ്യൽ ഇൻഫർമേഷൻ ടെക്നോളജി - തീവ്ര കാലാവസ്ഥാ സാഹചര്യങ്ങൾ" - വെബിനാർ - 25-06-2022: ഡോ. സുസ്മിത ജോസഫ്, ശാസ്ത്രജ്ഞ, ഇന്ത്യൻ ട്രോപ്പിക്കൽ കാലാവസ്ഥാ ശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ട്
- "പ്രകൃതിദുരന്ത റിസ്ക് മനസ്സിലാക്കുന്നതിൽ സ്പേഷ്യൽ ഇൻഫർമേഷൻ ടെക്നോളജി - സുനാമി" - വെബിനാർ - 15-06-2022: ശ്രീ. അജയ് കുമാർ, ശാസ്ത്രജ്ഞൻ, INCOIS
- "പ്രകൃതിദുരന്ത റിസ്ക് മനസ്സിലാക്കുന്നതിൽ സ്പേഷ്യൽ ഇൻഫർമേഷൻ ടെക്നോളജി - ഇടിമിന്നൽ" - വെബിനാർ - 9-06-2022: Col. സഞ്ജയ് ശ്രീവാസ്തവ
- "പ്രകൃതിദുരന്ത റിസ്ക് മനസ്സിലാക്കുന്നതിൽ സ്പേഷ്യൽ ഇൻഫർമേഷൻ ടെക്നോളജി - കുഴലീകൃത മണ്ണൊലിപ്പ്" - വെബിനാർ - 27-07-2022: ഡോ. മയങ്ക് ജോഷി, ശാസ്ത്രജ്ഞൻ സി, ജി.ബി. പന്ത് ഹിമാലയ പരിസ്ഥിതി ദേശീയ ഇൻസ്റ്റിറ്റ്യൂട്ട്, സിക്കിം

റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2022/05/Report-SENDAI-Webinar_April_2022.pdf, https://sdma.kerala.gov.in/wp-

content/uploads/2022/07/Report-SENDAI-Webinar_May_2022.pdf, https://sdma.kerala.gov.in/wp-content/uploads/2022/11/Report-SENDAI-Webinar_July_2022-2.pdf, https://sdma.kerala.gov.in/wp-content/uploads/2022/11/Report-SENDAI-Webinar_June_2022_pdf-1.pdf

### 1.19 മൺസൂൺ ടോക്ക് 2022 - തീം - 'ഞാൻ എന്തു ചെയ്യണം'

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മൺസൂൺ ടോക്ക്ൻറെ ഈ വർഷത്തെ ഉദ്ഘാടനം ബഹുമാന്യനായ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഡയറക്ടർ ജനറൽ ഡോ. മൃത്യുഞ്ജയ് മൊഹപത്ര 2022 ജൂൺ 10 വെള്ളിയാഴ്ച്ച വൈകിട്ട് 5 മണിക് നിർവഹിച്ചു. 2022ലെ കാലവർഷത്തിൽ എന്ത് പ്രതീക്ഷിക്കണം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് അദ്ദേഹം സംസാരിച്ചു. ഇന്ത്യയുടെ സൈക്ലോൺ മാൻ എന്ന് അറിയപ്പെടുന്ന ഡോ. മൃത്യുഞ്ജയ് മൊഹപത്ര, കേരളത്തിൽ ഓഖി, 2018-19 കാലയളവിൽ പ്രളയം മുതലായ ദുരന്ത സമയങ്ങളിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി വളരെ അടുത്ത ബന്ധം പുലർത്തുകയും കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിന്നും ആവശ്യമായ വിവരങ്ങൾ ലഭ്യമാകുന്നതിൽ മുൻകൈയെടുക്കുകയും ചെയ്തിട്ടുണ്ട്. കേരളം മുന്നോട്ടുവച്ച ആവശ്യമായ 100 കാലാവസ്ഥാ മാപിനികൾ കേരളത്തിൽ സ്ഥാപിക്കുന്നതിന് ഊർജസ്വലമായി മുൻകൈയെടുക്കുകയും തത്ഫലമായി നിലവിൽ 66 എണ്ണം സ്ഥാപിക്കപ്പെട്ട് കഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗം ഇവിടെ ലഭ്യമാണ് https://www.youtube.com/watch?v=52UCnleQSTI

- ദുരന്തങ്ങളെ നേരിടാൻ ഞാൻ എന്ത് ചെയ്യണം - വെബിനാർ - 24-06-2022: കുമാരി ചാന്ദിനി പി സി സേനൻ, കെ.എസ്.ഡി.എം.എ
- സമുദ്രതീരങ്ങളിൽ ജീവിക്കുമ്പോൾ: ഞാൻ എന്ത് ചെയ്യണം? - വെബിനാർ - 23-06-2022: ഡോക്ടർ ആൽഫ്രഡ് ജോണി, കെ.എസ്.ഡി.എം.എ
- പ്രാദേശിക തലങ്ങളിലുള്ള കാലവസ്ഥാ വ്യതിയാനം: ഞാൻ എന്ത് ചെയ്യണം? - വെബിനാർ - 22-06-2022: ഡോക്ടർ ഷിനു ഷീല വിൽസൺ, കെ.എസ്.ഡി.എം.എ
- മണ്ണിടിച്ചിൽ: ഞാൻ എന്ത് ചെയ്യണം? - വെബിനാർ - 18-06-2022: ഡോക്ടർ മിനു ട്രീസ എബ്രഹാം, IIT Indore
- കാലവർഷ പകർച്ചവ്യാധികൾ : ഞാൻ എന്ത് ചെയ്യണം? - വെബിനാർ - 17-06-2022: ഡോക്ടർ അനീഷ് ടി.എസ്, Govt. Medical College, Thiruvananthapuram



- വെള്ളപ്പൊക്കം: ഞാൻ  എന്ത് ചെയ്യണം? - വെബിനാർ - 16-06-2022: ശ്രീ. എബി ഇമ്മാനുവേൽ, Meenachil Citizen Science Initiative for Flood Monitoring, Kottayam
- കുടുംബ സുരക്ഷ: ഞാൻ എന്ത് ചെയ്യണം? - വെബിനാർ - 15-06-2022: ശ്രീമതി. ആനി ജോർജ്ജ്, ഡയറക്ടർ, ബെഡ്റോക്ക് (https://youtu.be/67dTqDYCeDg)
- അതി തീവ്ര മഴ: ഞാൻ എന്ത് ചെയ്യണം? - വെബിനാർ - 14-06-2022: ശ്രീ. ഫഹദ് മർസൂഖ്, കെ.എസ്.ഡി.എം.എ

റിപോർട്ട് ഇവിടെ ലഭ്യമാണ്: https://sdma.kerala.gov.in/wp-content/uploads/2022/07/Monsoon_series_-_2022_Report_pdf.pdf

## 1.20 ഉത്തരാഖണ്ഡ് ദുരന്ത നിവാരണ അതോറിറ്റിയുടെ സന്ദർശനം

കേരളത്തിലെ ദുരന്ത നിവാരണ സംവിധാനത്തെ പറ്റി കൂടുതൽ മനസ്സിലാക്കാനും പഠിക്കാനുമായി ഉത്തരാഖണ്ഡ് സർക്കാരിന്റെ പ്രത്യേക പ്രതിനിധി സംഘം കേരളത്തിലെത്തി. ഉത്തരഖണ്ഡ് സർക്കാരിന്റെ ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡോ. ആനന്ദ് ശ്രീവാസ്തവയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘമാണ് 3 ദിവസത്തെ സന്ദർശനത്തിനായി കേരളത്തിൽ എത്തിയത്.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പഠിക്കുക എന്നതാണ് സന്ദർശനത്തിന്റെ മുഖ്യലക്ഷ്യം. നേരത്തേ കേരളത്തിലെത്തിയിരുന്ന ലോക ബാങ്കിന്റെ വിദഗ്ദ്ധ സംഘം ദുരന്ത നിവാരണത്തിലും കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള ദീർഘവീക്ഷണത്തോടെയുള്ള സംസ്ഥാനത്തിന്റെ നടപടികളും പ്രകീർത്തിച്ച് കൊണ്ട് ചീഫ് സെക്രട്ടറിക്ക് കത്തയച്ചിരുന്നു.

കേരളത്തിലെ ദുരന്ത നിവാരണ സംവിധാനങ്ങൾ, ദുരന്ത നിവാരണത്തിലെ വികേന്ദ്രീകൃത ആസൂത്രണവും ഇടപെടലുകളും നടത്തുന്ന കേരള മാതൃക, ദുരന്ത ലഘൂകരണ നടപടികൾ തുടങ്ങിയവ മെയ് 23 മുതൽ 25 വരെ 3 ദിവസം നീണ്ടു നിൽക്കുന്ന പരിപാടിയിൽ വിശദമായി ചർച്ചചെയ്തു.

## 1.21 ആസാം ദുരന്ത നിവാരണ അതോറിറ്റിയുടെ സന്ദർശനം

കേരളത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കാനും മനസിലാക്കുന്നതിനുമായി 11-1-2023ന് എത്തിയ ആസമിലെ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉദ്യോഗസ്ഥരുമായി സെക്രട്ടേറിയേറ്റിലെ ഓഫീസിൽ ബഹു. റവന്യൂ മന്ത്രി ശ്രീ. കെ രാജൻ കൂടിക്കാഴ്ച്ച നടത്തി. കേരളത്തിൽ നടത്തി കൊണ്ടിരിക്കുന്ന ദുരന്ത നിവാരണ പ്രവർത്തനങ്ങളെ കുറിച്ച്  അഭിനന്ദനാർഹമായ



അഭിപ്രായങ്ങളാണ് അവർ പറഞ്ഞത്. അതുകൊണ്ട് തന്നെ കേരളത്തിൽ നടത്തി കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പഠിക്കേണ്ടതിന്റെ അനിവാര്യതയെ കുറിച്ചും അവരുമായി സംസാരിച്ചു. റെസ്പോൺസ് & റിക്കവറി പ്രൊജക്ട് മാനേജർ ഡോ. മിശ്ര എം ഡി ഇർഷാദ്, ബാർപേറ്റ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രൊജക്ട് ഓഫീസർ ഡോ. നന്ദിത ദത്ത, ഫ്ലഡ് മിറ്റിഗേഷൻ എഞ്ചീനീയറിംഗ് കൺസൾട്ടന്റ് നവ ദേവ, നോളേജ് മാനേജ്മെന്റ് & ക്ലൈമറ്റ് ചേഞ്ച് പ്രൊജക്ട് ഓഫീസർ ശ്രീമതി മന്ദിര ബുറോഗോഹെയിൻ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി ഡോളി ദാസ് എന്നിവരടങ്ങിയ സംഘമാ ണ് കേരളം സന്ദർശിച്ചത്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ കുര്യാക്കോസും ഒപ്പമുണ്ടായിരുന്നു. വലിയ ദുരന്തങ്ങളെ




അഭിമുഖീകരിക്കുകയും ആ ദുരന്തങ്ങളെ അതിജീവിക്കുകയും ചെയ്ത വലിയൊരു പാഠം നമ്മുടെ മുന്നിലുണ്ട്. ഏത് സാഹചര്യത്തേയും നേരിടാൻ സദാ സജ്ജമായി തന്നെയാണ് നമ്മൾ മുന്നോട്ട് പോവുന്നത്. നമ്മുടെ പ്രവർത്തനങ്ങളെ മറ്റു സംസ്ഥാനങ്ങൾ പഠിക്കാൻ വരുന്നത് തീർച്ചയായും അഭിമാനിക്കാൻ കഴിയാവുന്ന കാര്യം തന്നെയാണ് എന്ന് ബഹു. മന്ത്രി അഭിപ്രായപ്പെട്ടു.

### 1.22 2022ലെ ഓറഞ്ച് പുസ്തകം - കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ

ദുരന്തങ്ങളെ നേരിടുന്നതിന്റെ കാര്യക്ഷമത ദുരന്തങ്ങളെ നേരിടുന്നതിന് എത്രകണ്ട് തയ്യാറെടുക്കുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും. കേരളത്തിൽ ഏറ്റവും അധികം ദുരന്ത സാഹചര്യം ഉണ്ടാകുന്ന സമയം കാലവർഷ-തുലാവർഷ കാലം ആണ്. 2012 മുതൽ എല്ലാ വർഷവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കാലവർഷ-തുലാവർഷ മുന്നൊരുക്കയോഗം സർക്കാർ തലത്തിൽ നടത്തി വരുന്നു.


ഈ വർഷം 18-5-2022ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കാലവർഷ-തുലാവർഷ മുന്നൊരുക്കയോഗം നടന്നു.

സംസ്ഥാന, ജില്ലാ, താലൂക്ക് തലത്തിൽ അടിയന്തിരഘട്ട പ്രവർത്തന സംവിധാനം (Incident Response System) സ്ഥാപിച്ച്, വിവിധ വകുപ്പുകളുടെ പ്രവർത്തന മേഖല വ്യക്തമാക്കി ഒരു പ്രത്യേക രൂപ രേഖയുടെ ആവശ്യം ഓഖി ചുഴലിക്കാറ്റ്, 2018ലെ പ്രളയം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. മേൽ അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ടാണ് ഇത്തരം ഒരു മാർഗ്ഗരേഖ (ഓറഞ്ച് പുസ്തകം) ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 22 (2) (f) പ്രകാരം കാലവർഷ-തുലാവർഷ കാലത്തേക്ക് തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത്.

അതാത് ജില്ലയുടെ സാഹചര്യം പരിഗണിച്ച് ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശ സർക്കാരുകളും, വകുപ്പുകളും മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. ഈ പ്രവർത്തങ്ങൾക്ക് ജില്ല ദുരന്ത നിവാരണ അതോറിറ്റി നേതൃത്വം നൽകേണ്ടതുണ്ട്. പ്രതികരണ സമയത്തും, അടിയന്തിര ദുരിതാശ്വാസ സഹായ സമയത്തും സ്വീകരിക്കേണ്ട നടപടികളും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലവർഷ-തുലാ വർഷ കാലം അല്ലാത്ത മാസങ്ങളിലും, പ്രളയം, ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, എന്നീ സാഹചര്യങ്ങളിലും ഈ മാർഗ്ഗരേഖ പ്രകാരം ആണ് വകുപ്പുകൾ പ്രവർത്തിക്കേണ്ടത്.

ഈ കൈപുസ്തകത്തിന്റെ ആദ്യ പതിപ്പ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി 6-05-2019ന് അംഗീകരിക്കുകയും




സർക്കാർ GO (Rt) No. 280/2019/DMD dated 9-05-2019 എന്ന ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പുസ്തകം ഓരോ വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുതുക്കി പ്രസിദ്ധീകരിക്കുവാൻ സംസ്ഥാന ഇ.ഒ.സിയെ 30-4-2020ന് ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി. 25-5-2022ന് സംസ്ഥാന ഇ.ഒ.സിയിലെ വിദഗ്ദ്ധർ യോഗം ചേർന്ന് 2022ലെ ഓറഞ്ച് പുസ്തകം അംഗീകരിച്ചു. തുടർന്ന് 3-6-2022ന് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ഈ പുസ്തകം അംഗീകരിക്കുകയും, GO (Rt) No.

514/2022/DMD dated 10-6-2022 പ്രകാരം സർക്കാർ അംഗീകരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു. ലിങ്ക് https://tinyurl.com/mvwmfjap




## 1.23 കാലാവസ്ഥാ വ്യതിയാന വിവരം തദ്ദേശ തലത്തിൽ

രണ്ടു വ്യത്യസ്ത അളവുകളിലുള്ള ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമന സാധ്യതകൾക്കനുസൃതമായ കാലാവസ്ഥാ വ്യതിയാന സാഹചര്യം മൂലം 2021-2040, 2041-2060, 2061-2099 എന്ന കാലഘട്ടങ്ങളിൽ താപനിലയിലും, മഴയിലും ഉണ്ടാകാവുന്ന വ്യതിയാനം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, കിലയും ചേർന്ന് തദ്ദേശ തലത്തിൽ ലഭ്യമാക്കി. ഈ വിവരം ബഹു. തദ്ദേശ വകുപ്പ് മന്ത്രി ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ 22-05-2022ന് തദ്ദേശ സ്ഥാപനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബസൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിവരം ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/cc-for-lgs-2/

## 1.24 ജൈവ-പരിസ്ഥിതിയധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളെ (Eco-DRR) സംബന്ധിച്ചുള്ള പരിശീലനം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എൻ.എസ്.എസ് വളണ്ടിയേർസിന് വേണ്ടി ജൈവ-പരിസ്ഥിതിയധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളെ (Eco DRR ) സംബന്ധിച്ചുള്ള പരിശീലനം 06-06-2022, 3 .00 മണി മുതൽ 4.30 വരെ സംഘടിപ്പിച്ചു. Eco DRR മേഖലയിൽ ദീർഘ കാലത്തെ പരിചയസമ്പത്തുള്ള ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വിഭാഗത്തിലെ സീനിയർ അഡ്വൈസർ ആയ Dr. Karen Sudmeier-Rieux, ജാപ്പനീസ് സസ്യ ശാസ്ത്രജ്ഞൻ അകിറ മിയാവാക്കിയുടെ മിയാവാക്കി എന്ന ജാപ്പനീസ് വനവൽക്കരണരീതി കേരളത്തിൽ സു പരിചിതമാക്കിയ ശ്രീ. എം.ആർ ഹരി എന്നിവരാണ് ക്ലാസുകൾ കൈകാര്യം ചെയ്തത്. റിപോർട്ട് ഇവിടെ ലഭ്യമാണ് https://tinyurl.com/5n82vmv7




## 1.25 ലോക മുങ്ങിമരണ നിവാരണ ദിനാചരണം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജൂലൈ 25 ന് ലോക മുങ്ങി മരണ ദിനാചരണത്തിന്റെ ഭാഗമായി "ആരും മുങ്ങി മരിക്കരുത്, പ്രതിരോധിക്കാം നമുക്ക്" എന്ന സന്ദേശത്തിന് ഊന്നൽ നൽകി സംസ്ഥാന, ജില്ലാ തലങ്ങളിൽ വിവിധയിനം പരിപാടികൾ സംഘടിപ്പിച്ചു.



സംസ്ഥാന തലത്തിൽ ബഹു. റവന്യൂ മന്ത്രി പരിപാടികളുടെ ഉത്ഘാടനം തിരുവനന്തപുരം Institution of Engineers Hallൽ വച്ച് നടത്തി. അതിരാവിലെ വാക്കത്തോൺ സംഘടിപ്പിച്ചു. സംസ്ഥാന തലത്തിൽ തിരുവനന്തപുരം ജില്ലയിലെ നാഷണൽ കേഡറ്റ് കോർപ്പ്, ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്, നെഹ്റു യുവ കേന്ദ്ര, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നീ സംഘടനകളിൽ നിന്നുള്ള കുട്ടികളാണ് പരിപാടിയിൽ പങ്കെടുത്തത്. ജൂലൈ 25 ന് രാവിലെ 10 മണി മുതൽ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് മുങ്ങി മരണ നിവാരണത്തെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനുള്ള പരിപാടികൾ നടന്നു. നീന്തലിൽ വിദഗ്ധ പരിശീലനം ലഭിച്ച ഷാജി കെ എസ് (നീന്തൽ പരിശീലകൻ), സാറാ സാദത്ത് മൂസാവി റാസി (ഫ്രീ ഡൈവിംഗ് പ രിശീലകൻ), പി കെ റെജിമോൻ (ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ) എന്നിവർ പരിശീലനത്തിന് നേതൃത്വം വഹിച്ചു. കാര്യവട്ടം സർക്കാർ കോളേജിലെ വിദ്യാർഥികൾ സ്കിറ്റ് അവതരിപ്പിച്ചു.




മുങ്ങിമരണ നിവാരണ ദിനാചരണത്തോടനുബന്ധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ സ്കൂൾ തലങ്ങളിൽ റീൽ മത്സരം സംഘടിപ്പിച്ചു. പൊതുജനങ്ങളിൽ അ വബോധം



വളർത്തുന്നതിലൂടെയും ഫലപ്രദമായ സുരക്ഷാ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും മുങ്ങിമരണം ഗണ്യമായി കുറയ്ക്കാനും ജീവൻ രക്ഷിക്കാനും കഴിഞ്ഞു. സംസ്ഥാന ദുരന്ത സന്ദേശ പ്രചാരണവുമായി ബന്ധപ്പെട്ട് ജില്ലാ സ്കൂൾ തലത്തിൽ വീഡിയോ റീൽ മത്സരം സംഘടിപ്പിച്ചു. 'മുങ്ങിമരണ പ്രതിരോധം കുട്ടികളിലൂടെ' എന്നതായിരുന്നു വിഷയം.

മുങ്ങി മരണപ്രതിരോധ വീഡിയോ തയ്യാറാക്കി പ്രസിദ്ധീകരിച്ചു



http://sdma.kerala.gov.in/wp-content/uploads/2022/11/Drowning_prev_Day_-_Report.pdf. വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ്

http://sdma.kerala.gov.in/wp-content/uploads/2022/11/Drowning_prev_Day_-_Report.pdf

### 1.26 വയനാട് - പോസ്റ്റർ രചന മത്സരം

ജില്ലാ ഭരണകൂടവും ഹ്യൂമെയ്ൻ സൊസൈറ്റി ഇന്റർനാഷണൽ ഇന്ത്യയുമായി ചേർന്ന് എം ആർ എസ് നല്ലൂർനാട് വെച്ച് നടത്തിയ "പ്രകൃതി ദുരന്തങ്ങളും വളർത്തു മൃഗങ്ങളും" എന്ന വിഷയത്തിൽ നടത്തിയ പോസ്റ്റർ രചന മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനം 30-10-2022ന് നിർവഹിച്ചു.



നാളത്തെ തലമുറയെ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇത്തരത്തിലുള്ള ഓരോ പരിപാടിയും സംഘടിപ്പിക്കുന്നത്. സ്കൂളിലെ ദുരന്തനിവാരണ ക്ലബ്ബിലെ കുട്ടികളും പരിപാടിയിൽ പങ്കെടുത്തു.

ചടങ്ങിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയ മാസ്റ്റർ ജിതിൻരാജ്, മാസ്റ്റർ ആനന്ദ്കൃഷ്ണ പി, മാസ്റ്റർ അനുരാജ് പി ജെ എന്നിവർക്കും ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയ മാസ്റ്റർ ആദിത്യൻ എംഡി, മാസ്റ്റർ ഉണ്ണികൃഷ്ണൻ സി, മാസ്റ്റർ അഭിനേഷ് രമേഷ് എന്നിവർക്കുള്ള സമ്മാന വിതരണവും നടത്തി.

ഫിനാൻസ് ആഫീസർ ശ്രീ. എ കെ ദിനേശൻ, അമേരിക്കയിൽ നിന്നുള്ള ഹ്യൂമെയ്ൻ സൊസൈറ്റി ഇൻർനാഷണൽ ഗ്ലോബൽ അനിമൽ ഡിസാസ്റ്റർ റെസ്പോൺസ് ഡയറക്ടർ, കെല്ലി ഡോണിതൻ, അനിമൽ റെസ്ക്യു ടീം വൈസ് പ്രസിഡന്റ് ആദം പരസ്കണ്ടോല, ഹ്യൂമെയ്ൻ സൊസൈ റ്റി ഇന്റർനാഷണൽ ഇന്ത്യ ഹെഡ് സുമന്ത് ബിന്ദുമാധവ്, ക്യാമ്പെയ്ൻ മാനേജർമാരായ ശ്രീ.പ്രവീൺ, ശ്രീ. ജയ്ഹരി എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു.



ഹ്യൂമെയ്ൻ സൊസൈറ്റി ഇൻർനാഷണൽ ഗ്ലോബൽ അനിമൽ ഡിസാസ്റ്റർ റെസ്പോൺസ് ഡയറക്ടർ, കെല്ലി ഡോണിതൻ, അനിമൽ റെസ്ക്യു ടീം വൈസ്

പ്രസിഡന്റ് ആദം പരസ്കണ്ടോല എന്നിവർ പ്രകൃതി ദുരന്തങ്ങളിൽ നമ്മുടെ വളർത്തു മൃഗങ്ങളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളുമായി സംവദിച്ചു. മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ച പോസ്റ്ററുകൾ കൂടെ കൊണ്ടു പോകുമെന്നും അവിടെ പ്രദർശിപ്പിക്കുമെന്നും അവർ അറിയിച്ചു.

തുടർന്ന് എം ആർ എസിലെ കുട്ടികളുമായി കുറച്ചു നേരം ചിലവഴിച്ചു. സ്ക്കൂളിലെ പത്താം ക്ലാസിലെ മാസ്റ്റർ ജിതിൻരാജ് വരച്ച ചിത്രം സമ്മാനമായി കിട്ടിയതിൽ ഏറെ അഭിമാനം.

## 1.27 തൃശ്ശൂർ - മോക്ക്ഡ്രിൽ

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങി ദുരന്തങ്ങളിൽ രക്ഷാപ്രവർത്തനം എപ്രകാരമായിരിക്കണമെന്ന് മോക്ക്ഡ്രില്ലിലൂടെ അവതരിപ്പിച്ച് തൃശൂർ റൂറൽ പൊലീസും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും. അതിരപ്പിള്ളി പഞ്ചായത്തിലെ ഒന്നാം വാർഡിൽ പണ്ടാരംപാറയിലാണ് മോക്ക്ഡ്രിൽ 27-10-2022ന് സംഘടിപ്പിച്ചത്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായ പ്രദേശത്ത് നിന്ന് ആളുകളെ രക്ഷപ്പെടുത്തുന്നതും മാറ്റി പാർപ്പിക്കുന്നതുമായിരുന്നു മോക്ക്ഡ്രില്ലിന്റെ ആദ്യ ഭാഗം. പൊലീസ്, ഫയർ ആൻഡ് റെസ്ക്യൂ, പ്രദേശവാസികൾ എന്നിവർ ചേർന്ന് അപകടത്തിൽപ്പെട്ടവരെ പുറത്ത് എത്തിക്കുന്നത് വിശദീകരിച്ചു. ഉരുൾപൊട്ടലിൽ പുഴയിലും ചെളിയിലും കുടുങ്ങിയവരെ രക്ഷാപ്രവർത്തനത്തിലൂടെ പുറത്ത് എടുക്കുന്നത് വിശദീകരിക്കുന്നതായിരുന്നു രണ്ടാംഘട്ടം.

സൈറണിട്ട് നിരവധി ആംബുലൻസുകളും പണ്ടാരംപാറയിലേയ്ക്ക് എത്തി. മെഡിക്കൽ ടീം പ്രാഥമിക ശുശ്രൂഷ നൽകി സ്ട്രെച്ചറിൽ കിടത്തി ആംബുലൻസിൽ ഓരോരുത്തരെയായി ആശുപത്രികളിലേയ്ക്ക് കൊണ്ടുപോയി. പൊലീസും അഗ്നിശമനസേനയും ആളുകളെയും വാഹനങ്ങളെയും സ്ഥലത്തു നിന്നും മാറ്റി. അപകടത്തിൽപെട്ടവരെ പുറത്ത് എത്തിച്ച് പ്രാഥമിക ശുശ്രൂഷ നൽകുന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ ടീം അംഗങ്ങൾ വിശദീകരിച്ചു. മണ്ണിടിച്ചിൽ ഉണ്ടായ ഇടങ്ങളിൽ മരങ്ങൾ മുറിച്ചുമാറ്റി രക്ഷാപ്രവർത്തനം നടത്തുന്ന രീതി എൻഡിആർഎഫ് മോക്ക്ഡ്രില്ലിലൂടെ അവതരിപ്പിച്ചു. പരിക്കേറ്റവരെ വിവിധ ആശുപത്രികളിൽ എത്തിച്ചു. പ്രദേശവാസികളെ ക്യാമ്പുകളിലേയ്ക്കും സുരക്ഷിത ഇടങ്ങളിലേയ്ക്കും മാറ്റി.

പ്രദേശവാസികൾക്ക് രക്ഷാപ്രവർത്തനത്തെ കുറിച്ച് അവബോധം നൽകലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ എല്ലാ വകുപ്പുകളുടെയും സഹായത്തോടെ

സമയബന്ധിതമായി എങ്ങനെ പൂർത്തീകരിക്കാനാകുമെന്നും കാണിക്കുകയായിരുന്നു മോക്ക്ഡ്രില്ലിലൂടെ ഉദ്ദേശിച്ചത്.

## 1.28 എറണാകുളം - സ്കൂൾ സുരക്ഷാ ഉപദേശക സമിതി യോഗം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, 2016-ലെ ദേശീയ സ്കൂൾ സുരക്ഷാ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച്, സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ രൂപീകരിച്ച ഉപദേശക സമിതിയുടെ ഭാഗമായി ഈ അവലോകന യോഗം സംഘടിപ്പിച്ചു. ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണ) ശ്രീമതി ഉഷ ബിന്ദുമോൾ യോഗം അദ്ധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർ, VHSC വിഭാഗം പ്രതിനിധികൾ, UNICEF-ന്റെ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഡോ. പ്രതീഷ് സി മാമ്മൻ തുടങ്ങിയവർ പങ്കെടുത്തു.

യോഗത്തിൽ സ്കൂൾ സുരക്ഷാ പദ്ധതികളുടെ പ്രാധാന്യം, സുരക്ഷാ പദ്ധതികളുടെ തയ്യാറെടുപ്പും പുതുക്കലും, ത്രൈമാസ റിപ്പോർട്ടുകളുടെ അവലോകനം, 12 അംഗ സ്കൂൾ സുരക്ഷാ സമിതിയുടെ പുതുക്കൽ, ഫയർ ഓഡിറ്റിംഗ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പ്രതികരണ പരിശീലനങ്ങൾ, ഫസ്റ്റ് എയ്ഡ് പരിശീലനം, മാപ്പ് ചെയ്ത ഒഴിപ്പിക്കൽ മാർഗങ്ങൾ, സാധാരണ അസംബ്ലി ഏരിയകൾ എന്നിവ ചർച്ച ചെയ്തു. ഓരോ വിദ്യാഭ്യാസ സബ്-ഡിവിഷനിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കാനുള്ള തീരുമാനം എടുത്തു.

യോഗം സ്കൂൾ ദുരന്ത നിവാരണ പദ്ധതികളുടെ ആവിഷ്കാരവും, പരിശീലനവും, ഏകീകരണവും മെച്ചപ്പെടുത്തുന്നതിനുള്ള നിർണായക ഘട്ടമായിരുന്നു.

പരിശീലന റിപ്പോർട്ട്: https://sdma.kerala.gov.in/wp-content/uploads/2022/10/SCHOOL_SAFETY_REVIEW_MEETING_REPORT-2022.pdf

## 1.29 2021ലെ ഉരുൾപൊട്ടൽ - സ്വീകരിച്ച നടപടികൾ

കൂട്ടിക്കൽ, മണിമല, ഈരാറ്റുപേട്ട ഉൾപ്പെടെ കോട്ടയം ജില്ലയുടെ കിഴക്കൻ മേഖലയിൽ പ്രകൃതിക്ഷോഭമുണ്ടായിട്ട് ഒരു വർഷം തികയുകയാണ്.

2021 ഒക്ടോബറിലായിരുന്നു ഏവരെയും നടുക്കിയ പ്രകൃതിക്ഷോഭവും ഉരുൾപൊട്ടലുമുണ്ടായത്. നിരവധി പേർക്ക് ജീവൻ നഷ്ടപ്പെട്ടു.

ഒരുപാടു പേർക്ക് കിടപ്പാടവും ഭൂമിയും സമ്പാദ്യവുമൊക്കെ നഷ്ടപ്പെട്ടിരുന്നു. പാലങ്ങളും റോഡുകളുമടക്കം തകർന്നു. ഈ മേഖലകളെ സാധാരണ നിലയിലേക്ക്

കൊണ്ടുവരാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു. സർക്കാർ സ്വീകരിച്ച നടപടികളുടെ ചുരുക്കരൂപം ചുവടെ ചേർക്കുന്നു.

🏠 പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സർക്കാർ ഇതുവരെ കൈമാറിയത് 7.80 കോടി രൂപയാണ്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കു സ്ഥലം വാങ്ങാൻ 5.28 കോടി രൂപയും വീടു നഷ്ടപ്പെട്ടവർക്കു പുനർനിർമാണത്തിന് 2.52 കോടിയുമാണ് ഇതുവരെ കൈമാറിയത്.

വീടും സ്ഥലവും നഷ്ടപ്പെട്ട 120 പേർക്ക് വീടുവയ്ക്കാൻ സ്ഥലം വാങ്ങാൻ ആറുലക്ഷം രൂപവച്ച് 7.20 കോടി രൂപയാണ് അനുവദിച്ചത്. ഇവരിൽ 88 പേർ വസ്തു രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പണം കൈപ്പറ്റി. മറ്റുള്ളവരുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയാണ്. മുഴുവൻ പേർക്കും വീടു വയ്ക്കുന്നതിനായി നാലുലക്ഷം രൂപ വച്ച് 4.80 കോടി ലഭ്യമാക്കും.

പൂർണമായും വീടു നഷ്ടപ്പെട്ട 73 അപേക്ഷകളാണ് ലഭിച്ചത്. ഇവരിൽ 63 പേർക്ക് നാലുലക്ഷം രൂപ വീതമാണ് 2.52 കോടി രൂപ കൈമാറിയത്. ഭാഗികമായി വീടിനു കേടുപാടുകൾ സംഭവിച്ച 2538 പേരിൽ 1989 പേർക്കു ധനസഹായം പൂർണമായും കൈമാറി. 433 പേർക്ക് ആദ്യഗഡുവും നൽകി. അപേക്ഷയിലേയും അക്കൗണ്ട് നമ്പറിലെയും പിഴവുകൾ മൂലമാണ് ചിലർക്ക് തുക അനുവദിക്കാൻ സാധിക്കാതിരുന്നത്. ഇവർക്ക് ഫണ്ട് കൈമാറും.

കൂട്ടിക്കൽ ഉൾപ്പെടെയുള്ള മേഖലയിലുണ്ടായ ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും മരണമടഞ്ഞ 13 പേരിൽ ഏഴുപേരുടെ ആശ്രിതർക്ക് അഞ്ചുലക്ഷം രൂപവീതം ധനസഹായം കൈമാറിയിരുന്നു. ശേഷിക്കുന്ന ആറുപേർ ഒരു കുടുംബത്തിലെ അംഗങ്ങളാണ്. ഇവരിൽ അവകാശിയെച്ചൊല്ലിയുള്ള തർക്കം പരിഹരിച്ചശേഷം തുക കൈമാറും.

🌾കൃഷി നാശം; നഷ്ടപരിഹാരമായി 41.08 ലക്ഷം

2021 ഒക്ടോബർ, നവംബർ മാസങ്ങളിലെ അപേക്ഷകളിൽ കാഞ്ഞിരപ്പള്ളി ബ്ളോക്കിനു കീഴിലുള്ള കൂട്ടിക്കൽ, കാഞ്ഞിരപ്പള്ളി, എരുമേലി, കോരുത്തോട്, മണിമല, മുണ്ടക്കയം, പാറത്തോട് കൃഷിഭവനുകൾ വഴി 41.08 ലക്ഷം രൂപയുടെ

422 അപേക്ഷകൾ ലഭിച്ചതിൽ 393 അപേക്ഷകളിൽ ധനസഹായം നൽകി. കൃഷിനാശത്തിനുള്ള ധനസഹായമാണ് വിതരണം ചെയ്തത്. സംസ്ഥാന ദുരന്തനിവാരണ നിധിയിൽനിന്നും സംസ്ഥാന സർക്കാരിൽനിന്നുമാണ് തുക അനുവദിച്ചത്.

കൂട്ടിക്കൽ കൃഷിഭവനിലെ 151 അപേക്ഷകർക്കായി 22.36 ലക്ഷം രൂപയും കാഞ്ഞിരപ്പള്ളി കൃഷിഭവനിലെ 17 അപേക്ഷകളിൽ 2.13 ലക്ഷം രൂപയും എരുമേലി കൃഷി ഭവനിലെ 61 അപേക്ഷകളിൽ 3.76 ലക്ഷം രൂപയും കോരുത്തോട് കൃഷി ഭവനിലെ 21 അപേക്ഷകളിൽ 81,618 രൂപയും മണിമല കൃഷിഭവനിലെ 27 അപേക്ഷകളിൽ 1.45 ലക്ഷം രൂപയും മുണ്ടക്കയം കൃഷിഭവനിലെ 81 അപേക്ഷകളിൽ 8.25 ലക്ഷം രൂപയും പാറത്തോട് കൃഷിഭവനിലെ 35 അപേക്ഷകളിൽ 2.28 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചു.

ഈരാറ്റുപേട്ട ബ്ളോക്കിലെ ഈരാറ്റുപേട്ട, മൂന്നിലവ്, പൂഞ്ഞാർ, പൂഞ്ഞാർ സൗത്ത്, തീക്കോയി, തലനാട്, തലപ്പലം, തിടനാട് കൃഷി ഭവനുകളിലായി 17.42 ലക്ഷം രൂപയും കൃഷിനാശത്തിനുള്ള ധനസഹായമായി അനുവദിച്ചു. 162 അപേക്ഷകളിലെ 157 എണ്ണത്തിനും ധനസഹായം അനുവദിച്ചപ്പോൾ രണ്ടെണ്ണം പുനഃപരിശോധനയ്ക്ക് അയച്ചു. പൂഞ്ഞാർ തെക്ക് കൃഷിഭവനിലെ 105 അപേക്ഷകളിൽ 15.31 ലക്ഷം രൂപ, പൂഞ്ഞാർ കൃഷി ഭവനിലെ എട്ട് അപേക്ഷകളിൽ 52,625 രൂപയും അനുവദിച്ചു. ഈരാറ്റുപേട്ട കൃഷിഭവൻ-4850 രൂപ, മൂന്നിലവ്-17750 രൂപ, തീക്കോയി 17050, തലനാട് 55987, തലപ്പലം 4765 രൂപ, തിടനാട് 58,488 രൂപയും കൃഷിനഷ്ടത്തിന് ധനസഹായം നൽകി.

2021 ഒക്ടോബർ, നവംബർ മാസത്തെ അപേക്ഷകളിൽ ജില്ലയിലെ കൃഷിവികസന ഓഫീസുകൾ വഴി 2.34 ലക്ഷം രൂപ വിള ഇൻഷുറൻസ് ഇനത്തിലും നഷ്ടപരിഹാരം നൽകി. ഈ കാലയളവിലെ 29 അപേക്ഷകളിൽ 29 എണ്ണത്തിലും ഇൻഷുറൻസ് നഷ്ടപരിഹാരം അനുവദിച്ചു.

🐄 വളർത്തു മൃഗങ്ങളെ നഷ്ടപ്പെട്ടവർക്ക് 8.46 ലക്ഷം

പ്രകൃതിക്ഷോഭത്തിൽ മൃഗസംരക്ഷണമേഖലയിൽ കർഷകർക്കുണ്ടായ നാശനഷ്ടത്തിന് ജില്ലയിൽ 8.46 ലക്ഷം രൂപ വിതരണം ചെയ്തു. പശു കിടാരി, കിടാവ്, കോഴി, താറാവ്, കാലിത്തൊഴുത്ത് എന്നീ വിഭാഗങ്ങളിലെ നാശനഷ്ടങ്ങൾക്കാണ് 175 കർഷകർക്ക് 8,46,300 രൂപ അനുവദിച്ചത്.

🖨 15 പേർക്ക് റേഷൻ കാർഡ്

കൂട്ടിക്കൽ പഞ്ചായത്തിൽ പ്രളയത്തിലും ഉരുൾപൊട്ടലിലും റേഷൻകാർഡ് നഷ്ടപ്പെട്ട 15 പേർക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് വഴി ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡുകൾ ലഭ്യമാക്കി.

നദികളിലെ തടസം നീക്കാൻ 2.43 കോടി രൂപ

2021 ഒക്ടോബറിലെ പ്രളയവുമായി ബന്ധപ്പെട്ട് മണിമലയാറ്റിൽ പാലങ്ങൾ, തടയണകൾ, കോസ് വേകൾ എന്നിവയുമായി ബന്ധപ്പെട്ട് ഒഴുക്ക് സുഗമമാക്കാനും തടസങ്ങൾ നീക്കാനുമായി 36 വെന്റ് വേ ക്ലിയറൻസ് പ്രവർത്തികൾ യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തീകരിച്ചു. 72.70 ലക്ഷം രൂപ ചെലവഴിച്ചു. ഇതുകൂടാതെ പ്രധാനനദികളിലും പോഷക തോടുകളിലും തടസങ്ങളും ചെളിയും മണ്ണും മറ്റും നീക്കം ചെയ്യുന്നതിനായി 1.71 കോടി രൂപയുടെ 221 പ്രവർത്തികളും നടപ്പാക്കി.

🌉 പാലം അറ്റകുറ്റപ്പണിക്ക് ചെലവഴിച്ചത് 1.66 കോടി;

14.77 കോടിയുടെ ഭരണാനുമതി

കൂട്ടിക്കൽ, ഈരാറ്റുപേട്ട, മണിമല എന്നിവിടങ്ങളിലെ 11 പാലങ്ങളുടെ നവീകരണം, പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾക്കായി 14.77 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്. പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കും മാലിന്യങ്ങൾ നീക്കാനുമായി 1.66 കോടി രൂപ ചെലവഴിച്ചു.

പ്രളയത്തിൽ ചെറുവള്ളി കോസ് വേയുടെ ഡെക് സ്ളാബ് ഒഴുകിപ്പോയിരുന്നു. ഇവിടെ പുതിയ പാലം പണിയാൻ 9.61 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ നടക്കുകയാണ്.

പ്രളയത്തിൽ തകരാറുകൾ സംഭവിച്ച 26-ാം മൈൽ പാലം 19.60 ലക്ഷം രൂപ മുടക്കി അറ്റകുറ്റപ്പണി നടത്തി. പുതിയപാലം പണിയുന്നതിന് 2.73 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള നടപടി പുരോഗമിക്കുന്നു.

വലിയന്ത-വാഗമൺ റോഡിൽ ഇളങ്കാട് ബസ് സ്റ്റാൻഡിന്റെ സമീപത്തുള്ള കലുങ്ക് നിർമിക്കുന്നതിനായി 68 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുടർനടപടി നടക്കുന്നു.

പ്രളയത്തിൽ തകർന്ന പഴയിടം കോസ് വേയുടെ കൈവരി പുനഃസ്ഥാപിക്കുന്നതിനും അറ്റകുറ്റപണികൾക്കുമായി 20 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രളയങ്ങളിൽ തുടർച്ചയായി പാരപ്പറ്റിനും കൈവരികൾക്കും തകരാർ സംഭവിക്കുന്നതിനാൽ പുതിയ പാലത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചു.

കടവനാൽ പാലത്തിന്റെ മൂന്നു സ്പാനുകൾ തെന്നി മാറി തകരാറുകൾ സംഭവിച്ചിരുന്നു. ഇവ 63.4 ലക്ഷം രൂപ മുടക്കി പുനഃസ്ഥാപിക്കുകയും

അറ്റകുറ്റപണികൾ നടത്തുകയും ചെയ്തു. നാലുലക്ഷം രൂപ ചെലവഴിച്ച് പാലത്തിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കിയിരുന്നു.

ചിറ്റാർ-മണ്ണാർക്കയം പാലത്തിന്റെ കേടുപാട് സംഭവിച്ച കൈവരികളും പാരപ്പറ്റും നന്നാക്കുന്നതിനായി 3.58 ലക്ഷം രൂപ മുടക്കി അറ്റകുറ്റപ്പണി നടത്തി.

കുളത്തൂർ പാലത്തിൽ അടിഞ്ഞ മാലിന്യങ്ങൾ 3.18 ലക്ഷം മുടക്കി നീക്കി. മുണ്ടക്കയം കോസ് വേയുടെ തകരാർ പരിഹരിക്കാൻ അനുവദിച്ച 9.40 ലക്ഷം രൂപയിൽ 5.37 ലക്ഷത്തിന്റെ പ്രവർത്തികൾ പൂർത്തീകരിച്ചു.

മൂക്കൻപെട്ടി കോസ്വേയിൽ അടിഞ്ഞ മാലിന്യങ്ങൾ നീക്കാനും അറ്റകുറ്റപ്പണിക്കുമായി 2.64 ലക്ഷം രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചു. കൈവരി പുനസ്ഥാപിക്കാനും അനുബന്ധപ്രവർത്തനങ്ങൾക്കുമായി 25 ലക്ഷം അനുവദിച്ചിട്ടുണ്ട്. പ്രവർത്തികൾ പുരോഗമിക്കുന്നു. പുതിയ പാലം നിർമിക്കാനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചു റിപ്പോർട്ട് നൽകി.

ഊരുങ്കൽകടവ് കോസ് വേ, അപ്രോച്ച് റോഡ്, ഹാൻഡ് റെയിൽ എന്നിവയുടെ അറ്റകുറ്റപണി 11.47 ലക്ഷം രൂപ മുടക്കി പൂർത്തീകരിച്ചിട്ടുണ്ട്. 2.70 ലക്ഷം രൂപ ചെലവഴിച്ച് മാലിന്യങ്ങൾ നീക്കി.

കാവുംകടവ് പാലം,ചിറ്റാറ്റിൻകര കോസ് വേ പാലങ്ങളുടെ കൈവരികളുടെ അറ്റകുറ്റപ്പണി അഞ്ചുലക്ഷം രൂപ മുടക്കി പൂർത്തീകരിച്ചു. പുതിയ പാലം നിർമിക്കാനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകി.

റോഡുകൾക്കായി അനുവദിച്ചത്: 52.06 കോടി രൂപ

പ്രകൃതിക്ഷോഭത്തിൽ കൂട്ടിക്കലടക്കമുള്ള ജില്ലയിലെ കിഴക്കൻ മേഖലയിൽ റോഡുകൾക്കായി അനുവദിച്ചത് 52.06 കോടി രൂപ. ഇതിൽ റോഡ്, സംരക്ഷണഭിത്തി, ഡ്രെയിനേജ് പുനരുദ്ധാരണത്തിനായി മാത്രം 433.65 ലക്ഷം രൂപ അനുവദിച്ചു.

ശക്തമായ മഴയിൽ ഇടിഞ്ഞുപോയ മണിമല-പഴയിടം-ചേനപ്പാടി-എരുമേലി റോഡിന്റെ സംരക്ഷണ ഭിത്തി 16.03 ലക്ഷം രൂപ ചെലവിൽ പുനരുദ്ധരിച്ചു.

എരുമേലി പൊലീസ് സ്റ്റേഷൻ-കൊടിത്തോട്ടം പ്രൊപ്പോസ് റോഡിന് 24.99 ലക്ഷം അനുവദിച്ചു. കോൺക്രീറ്റ് ജോലികൾ പൂർത്തീകരിച്ചു. ടാറിംഗ് പുരോഗമിക്കുന്നു.

പെരുത്തോട്-തുമരുംപാറ-ഇരുമ്പൂന്നിക്കര റോഡിന് 25 ലക്ഷം രൂപ അനുവദിച്ചു. പ്രവർത്തി പൂർത്തീകരിച്ചുവരുന്നു.

കൊരട്ടി-ഓരുങ്കൽ-കരിമ്പിൻതോട് റോഡിലെ ഓരുങ്കൽ കടവ് പാലത്തിനു സമീപത്തെ കേടുപാട് സംഭവിച്ച റോഡ് 18.21 ലക്ഷം രൂപ ചെലവിൽ പുനരുദ്ധരിച്ചു.



മടുക്ക-കൊമ്പുകുത്തി ടി.ആർ. ആൻഡ് ടി-തോട്ടംകവല റോഡിന് 20.36 ലക്ഷം രൂപ അനുവദിച്ചു. പ്രവർത്തി പുരോഗമിക്കുന്നു.

മൈക്കോളജി റോഡിന്റെ പുനരുദ്ധാരണത്തിന് 20.36 ലക്ഷം രൂപ അനുവദിച്ചു. പ്രവർത്തി പുരോഗമിക്കുന്നു.

കരിനിലം-പുഞ്ചവയൽ-504 കോളനി-കുഴിമാവ് റോഡിലെ സംരക്ഷണ ഭിത്തി അറ്റകുറ്റപ്പണി 20 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു.

കൂട്ടിക്കൽ-കാവാലി-പ്ലാപ്പള്ളി-ഏന്തയാർ റോഡിന്റെ അറ്റകുറ്റപ്പണി 14.59 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

കാഞ്ഞിരപ്പള്ളി-ഇടക്കുന്നം റോഡിന്റെ ഡ്രെയിനേജ് പ്രവർത്തികൾ 12.04 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

വിഴിക്കത്തോട്-ചേനപ്പാടി റോഡിന്റെ ഡ്രെയിനേജ് പ്രവർത്തികൾ 12.92 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

ഡൊമനിക് തൊമ്മൻ റോഡിന്റെ ഡ്രെയിനേജ് പ്രവർത്തികൾ 14.46 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

ആനക്കല്ല്-വണ്ടൻപാറ-നരിവേലി-പൊടിമറ്റം റോഡിന്റെ ഡ്രെയിനേജ് പ്രവർത്തികൾ 14.55 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

പ്രളയത്തിൽ വിവിധ റോഡുകളിലും കലുങ്കുകളിലും അടിഞ്ഞ മണ്ണ് നീക്കാനും വൃത്തിയാക്കുന്നതിനുമുള്ള 6.49 ലക്ഷം രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചു.

മുണ്ടക്കയം-കൂട്ടിക്കൽ-ഇളംകാട്-വല്യേന്ത-കോലാഹലമേട്-വാഗമൺ റോഡിനായി 34.73 കോടി രൂപയുടെ പ്രവർത്തികൾ നടക്കുന്നു. പ്രളയത്തെത്തുടർന്ന് നാശനഷ്ടമുണ്ടായ റോഡിലെ സംരക്ഷണ ഭിത്തി, പ്രതലം, പാരപ്പറ്റ് എന്നിവയുടെ അടിയന്തര പ്രവൃത്തികൾ പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കി.

കൂട്ടിക്കൽ-കാവാലി-ചോലത്തടം റോഡ് നിർമാണത്തിനായി 10 കോടി രൂപ അനുവദിച്ചു. പ്രവർത്തികൾ പുരോഗമിക്കുകയാണ്.

പൂഞ്ഞാർ-കൈപ്പള്ളി-ഏന്തയാർ റോഡിൽ മൂന്നു കോടി രൂപയുടെ പ്രവർത്തികൾ പുരോഗമിക്കുന്നു. സംരക്ഷണ ഭിത്തി പുനഃനിർമിക്കുന്നതിനുള്ള 1.50 കോടി രൂപയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചു.

അടിവാരം-കൊടുങ്ങ റോഡിൽ അടിഞ്ഞ കല്ലും മണ്ണും നീക്കി. റോഡിന്റെ സംരക്ഷണ ഭിത്തി പുനഃനിർമിക്കാൻ 10.55 ലക്ഷം അനുവദിച്ചു. ടെണ്ടർ നടപടി പൂർത്തീകരിച്ച് കരാറായി.

പെരുങ്ങുളം-ചട്ടമ്പി-കൈപ്പള്ളി റോഡിന്റെ സംരക്ഷണഭിത്തി 25 ലക്ഷം രൂപ ചെലവിൽ പുനഃനിർമിച്ചു. 24.81 ലക്ഷം രൂപയുടെ പ്രവർത്തികളും പുരോഗമിക്കുന്നു.

പൂഞ്ഞാർ-കൂട്ടിക്കൽ റോഡിന്റെ ഉപരിതല ഡ്രെയിനിന്റെ നിർമാണം മൂന്നു ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

സർക്കാരിനൊപ്പം സാംസ്കാരിക-രാഷ്ട്രീയ-മത-സാമൂഹിക സംഘടനകളുമൊക്കെ ജനങ്ങളുടെ സഹായത്തിനായി രംഗത്തെത്തി. വിലപ്പെട്ട സഹായങ്ങൾ നൽകി. കൂട്ടിക്കലടക്കം പ്രകൃതിദുരന്തത്തിൽ വിറങ്ങലിച്ച പ്രദേശങ്ങളെ പഴയനിലയിലേക്ക് കൊണ്ടുവരാനുള്ള നടപടികൾ തുടരുകയാണ്.

### 1.30 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചാരണം – സംസ്ഥാന തലം

ദുരന്ത നിവാരണ സാക്ഷരതാ പരിപാടികളിലൂടെ സമൂഹത്തിൽ ദുരന്ത പ്രതിരോധാവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടപ്പിലാക്കുന്ന 'സജ്ജം' പരിപാടിയുടെ ഭാഗമായി അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനമായ 2022 ഒക്ടോബര് 13ന് സംസ്ഥാനതലത്തിൽ വിവിധബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. 2022ലെ അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ സന്ദേശം 'മുന്നറിയിപ്പുകളും, മുന്നൊരുക്കങ്ങളും എല്ലാവരിലേക്കും' എന്നതാണ്.

പരിപാടികളുടെ സംസ്ഥാനതല ഉത്ഘാടനം ഒക്ടോബർ 13 വ്യാഴാഴ്ച രാവിലെ 09 മണിക്ക് തൃശൂർ ജില്ലയിലെ പാണഞ്ചേരി ഗവൺമെന്റ് എൽ.പി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് ബഹുമാനപ്പെട്ട എം.പി ശ്രീ. ടി.എൻ പ്രതാപന്റെ അധ്യക്ഷതയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വൈസ് ചെയർമാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി ശ്രീ കെ. രാജൻ നിർവഹിച്ചു.




ഇതോടൊപ്പം സ്കൂൾ ദുരന്ത നിവാരണ പ്ലാനുകൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും യൂണിസെഫും സംയുക്തമായി വികസിപ്പിച്ച 'ഉസ്കൂൾ' ആപ്പിന്റെ



പ്രകാശനം ബഹുമാനപ്പെട്ട എം.പി ശ്രീ ടി എൻ പ്രതാപൻ അവർകൾ നിർവഹിച്ചു. ബഹുമാനപ്പെട്ട കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്, യൂണിസെഫ് ഇന്ത്യ സോഷ്യൽ പോളിസി ചീഫ് ഹ്യുൻ ഹീ ബാൻ എന്നിവരെ കൂടാതെ ജനപ്രതിനിധികളും, ഉന്നത ഉദ്യോഗസ്ഥരും, പ്രമുഖരും പരിപാടിയിൽ പങ്കെടുത്തു. അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിന പരിപാടിയുടെ ഭാഗമായി പൊതുജനങ്ങൾക്കായി മോക്ഡ്രിൽ, എക്സിബിഷൻ, പ്രത്യേക പരിശീലന പരിപാടികൾ എന്നിവയും ഉണ്ടായിരിക്കും. അതേ ദിവസം കേരളത്തിലെ എല്ലാ സ്കൂളുകളിലും അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിന സന്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് വായിച്ചു.

🧯 ഫയർ സേഫ്റ്റി മോക്ക് ഡ്രിൽ: പട്ടിക്കാട് സ്വകാര്യ ബസ് സ്റ്റാൻഡിൽ പൊതുജനങ്ങൾക്കായി ഫയർ സേഫ്റ്റി മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. തീപിടിത്തം പോലുള്ള ദുരന്ത സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം എങ്ങനെ നടത്തണം എന്നതിന്റെ പ്രായോഗിക പ്രദർശനം നടത്തി. ഫയർ ആൻഡ് റെസ്ക്യൂ വിഭാഗം, പോലീസ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഈ പരിപാടി നടന്നു.

🧠 സ്കൂൾ സുരക്ഷാ പരിശീലനം: തൃശ്ശൂർ ജില്ലയിലെ DEO, AEO, BRC ഉദ്യോഗസ്ഥർക്കായി പ്രത്യേക DRR പരിശീലനം നടന്നു. സ്കൂളുകളിൽ DRR പ്രവർത്തനങ്ങൾ എങ്ങനെ ആസൂത്രണം ചെയ്യണം, Uschool App എങ്ങനെ ഉപയോഗിക്കണം, DRR സന്ദേശങ്ങൾ എങ്ങനെ പ്രചരിപ്പിക്കണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി. ഈ പരിശീലനം സ്കൂൾ തലത്തിൽ DRR പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള ഒരു പ്രധാന ഘടകമായി പ്രവർത്തിച്ചു.

📢 DRR സന്ദേശം – സ്കൂൾ അസംബ്ലികളിൽ: സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും DRR സന്ദേശം പ്രത്യേക അസംബ്ലിയിൽ വായിച്ചു. Sendai Framework-ന്റെ ലക്ഷ്യങ്ങൾ, DRR-ന്റെ പ്രാധാന്യം, കുട്ടികളുടെ പങ്ക് എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ ഈ സന്ദേശം സഹായിച്ചു. 14 ജില്ലകളിൽ കുട്ടികൾക്കായി DRR-അധിഷ്ഠിത IDDRR ദിനാചരണ പരിപാടികൾ നടന്നു, കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ.

🖥️ റെയിൽവേ സ്റ്റേഷനുകളിൽ ഡിജിറ്റൽ DRR പരസ്യം: കേരളത്തിലെ 9 A+ റെയിൽവേ സ്റ്റേഷനുകളിൽ 15 ദിവസത്തേക്ക് DRR പോസ്റ്ററുകൾ പ്രദർശിപ്പിച്ചു. "Early

Warning" തീമിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഈ ഡിജിറ്റൽ പരസ്യങ്ങൾ യാത്രക്കാരിൽ ദുരന്തബോധം വളർത്തുന്നതിനും DRR സന്ദേശം വ്യാപിപ്പിക്കുന്നതിനും സഹായിച്ചു. DRR-നെ പൊതുജനങ്ങൾക്കിടയിൽ എത്തിക്കാൻ ഇത് ഒരു നൂതന ശ്രമമായിരുന്നു.

📘 DRR ബ്രോഷർ – മുന്നറിയിപ്പ് സന്ദേശം: KSDMA "Early Warning" തീമിനെ അടിസ്ഥാനമാക്കി DRR ബ്രോഷർ തയ്യാറാക്കി. 20,000 കോപ്പികൾ പ്രിന്റ് ചെയ്ത് പൊതുജനങ്ങൾക്കായി വിതരണം ചെയ്തു. മുന്നറിയിപ്പ് സംവിധാനങ്ങൾ, ദുരന്തസാധ്യതകൾ, DRR-ന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങൾ ലളിതമായി അവതരിപ്പിച്ച ഈ ബ്രോഷർ, പൊതുജന അവബോധം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടതാണ്.

സംസ്ഥാന തലത്തിൽ നടന്ന പരിപാടികളുടെ വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2023/03/IDDRR_REPORT_KSDMA_pdf_20.pdf.

## 1.31 കേരളത്തിലെ സ്കൂളുകളിൽ 13-10-2022ന് വായിച്ച അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിന സന്ദേശം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിന ഉത്ഘാടനത്തോട് അനുബന്ധിച്ച് വായിച്ച സന്ദേശം.

**മുന്നറിയിപ്പുകളും, മുന്നൊരുക്കങ്ങളും എല്ലാവരിലേക്കും**

കേരളം കഴിഞ്ഞ കുറച്ച് വർഷങ്ങളായി തീവ്ര ദുരന്തങ്ങൾ നേരിടുകയാണ്. അധിക മഴയും, പ്രളയവും, ഉരുൾപൊട്ടലും, ചുഴലിക്കാറ്റും മാത്രം അല്ല കേരളം കരുതേണ്ടത്. കാലാവസ്ഥാ വ്യതിയാന സാഹചര്യത്തിൽ അതിതീവ്ര വരൾച്ച, ഉഷ്ണ തരംഗം, മിന്നൽ ചുഴലികൾ, പുതിയ പകർച്ച വ്യാധികൾ എന്നിവയ്ക്കെല്ലാം കേരളം ഒരുങ്ങണം. ഇത്തരം ദുരന്തങ്ങളോടുബന്ധിച്ചുള്ള പ്രാദേശിക പ്രശ്നങ്ങൾ പല അർത്ഥത്തിലും സംസ്ഥാനത്തിന് പുതുതാണ്. കുഴലീകൃത മണ്ണൊലിപ്പ്, നിപ്പ, കോവിഡ് 19, ശുദ്ധജല ലഭ്യത കുറവ്, വ്യാപക കാട്ടുതീ, മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഇവയെല്ലാം ഒരു നൂറ്റാണ്ടുകാലത്തെ അതീവ രൂക്ഷതയിൽ എത്തിയിരിക്കുന്നു.

ദുരന്തങ്ങളുടെ ആഘാതം എങ്ങനെ ലഘൂകരിക്കാം എന്നതാണ് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിൽ ലോകരാജ്യങ്ങൾ ഒരുമിച്ച് ചിന്തിക്കുന്നത്. ഈ

വർഷത്തെ ചിന്ത മുന്നറിയിപ്പുകളും, മുന്നൊരുക്കങ്ങളും എല്ലാവരിലേക്കും എങ്ങിനെ എത്തിക്കാം എന്നതാ ണ്. കുട്ടികളിലൂടെ ആണ് ഭാവി തലമുറയെ വാർത്തെടുക്കേണ്ടത് എന്നതിനാൽ മുന്നറിയിപ്പുകളും, മുന്നൊരുക്കങ്ങളും കുട്ടികളിൽ എത്തിയാൽ ആണ് എല്ലാവരിലും എത്തുക.

ദുരന്ത നിവാരണ അതോറിറ്റിയുടെ സാമൂഹിക മാധ്യമ സംവിധാനങ്ങളിലും, വെബ്സൈറ്റിലും, 1070, 1079, 1077 എന്നീ നമ്പറുകളിൽ നിന്നും കേരളത്തിലെ മഴ, ചൂട്, ഇടമിന്നൽ, പ്രളയം, ആണകെട്ടുകളിലെ ജല നിരപ്പ്, പുഴയിലെ ജലനിരപ്പ്, കടൽ സ്ഥിതി, കടലിലെ കാറ്റിന്റെ ശക്തി, ചുഴലിക്കാറ്റ് മുന്നറിയിപ്പ് എന്നിവയും, അവയോട് അനുബന്ധിച്ച് പൊതുജനങ്ങൾ സ്വീകരിക്കേണ്ട മുന്നൊരുക്ക നടപടികളും വിശദമായി ദൈനംദിനം നല്കിവരുന്നു. അതാത് ജില്ലയുടെ മുന്നറിയിപ്പുകൾ സ്കൂളുകളിൽ പ്രദർശിപ്പിക്കുകയോ, അതാത് ദിവസം സ്കൂൾ അസംബ്ലിയിൽ വായിക്കുകയോ ചെയ്യുന്നത് മുന്നറിയിപ്പുകളും, മുന്നൊരുക്കങ്ങളും എല്ലാവരിലേക്കും എത്തിക്കുന്നതിന് സഹായകരമാകും. ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ ദുരന്ത സാധ്യതാ ഭൂപടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഒട്ടനവധി ലഘുലേഖകൾ, വീഡിയോകൾ, മർഗ്ഗ നിർദേശങ്ങൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്. ഇവയെല്ലാം കുട്ടികൾ പരിശോധിക്കാം. എല്ലാ ദുരന്തങ്ങൾ സംബന്ധിച്ചും ഉള്ള ലഘുലേഖകൾ ആംഗ്യ ഭാഷയിലും, ബ്രെയിൽ ലിപിയിലും ലഭ്യമാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന എല്ലാ തീവ്ര ദുരന്ത മുന്നറിയിപ്പുകളും ആംഗ്യ ഭാഷയിലും ലഭ്യമാക്കുന്നുണ്ട്.

വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നടപ്പാക്കുന്ന മഴ നിരീക്ഷണ-ദുരന്ത മുന്നറിയിപ്പ് സംവിധാനം, കോട്ടയം ജില്ലയിലെ മീനച്ചിൽ മഴ-പുഴ നിരീക്ഷണ ശൃംഖല, പത്തനംതിട്ട ജില്ലയിലെ മഴ-പുഴ നിരീക്ഷണ ശൃംഖല എന്നിവ മുന്നറിയിപ്പുകളും, മുന്നൊരുക്കങ്ങളും എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾ കൂടി ഉൾപ്പെടുന്ന നല്ല സാമൂഹിക ദുരന്ത ലഘൂകരണ മാതൃകകൾ ആണ്. കേരളത്തിലെ സ്കൂളുകളിൽ കാലാവസ്ഥാ മാപിനികൾ സ്ഥാപിച്ച് കുട്ടികളിൽ കാലാവസ്ഥാ അവബോധം വർധിപ്പിക്കുന്ന പ്രവർത്തി ഈ ലക്ഷ്യത്തിലേക്കുള്ള ചുവടുവപ്പാണ്.

പ്രകൃതി എന്ന പ്രതിഭാസത്തിൻറെ അവിഭാജ്യഘടകമാണ് മനുഷ്യൻ. മനുഷ്യൻ ഒന്നും പ്രകൃതി മറ്റൊന്നും എന്ന ചിന്ത വെടിഞ്ഞു കൊണ്ടേ നമുക്ക് പ്രകൃതിയെയും പ്രകൃതി ദുരന്തങ്ങളേയും സമീപിക്കാനാകൂ. പ്രകൃതിയിലെ മാറ്റങ്ങളെ

ഉൾക്കൊണ്ടുകൊണ്ട് ജീവിക്കാൻ തയ്യാറാകാതെ വരുമ്പോൾ ആണ് ദുരന്തങ്ങൾ തീവ്രമായി നമ്മെ ബാധിക്കുക. എന്നാൽ, ഇതേക്കാളും വലിയ അപകടം ഈ അറിവ് നമ്മിൽ ഇല്ലാതെയാകുന്നു എന്നതാണ്. പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാൻ സാമൂഹിക-ശാസ്ത്ര-സാങ്കേതിക സഹായത്തോടെ സാധിക്കുന്ന എല്ലാ മാർഗവും അവലംബിക്കണം. സാമൂഹിക-ശാസ്ത്ര-സാങ്കേതിക വിദ്യകൾ ദുരന്ത ആഘാതം കുറയ്ക്കുന്നതിന് ഉതകുന്ന രീതിയിൽ ഉപയോഗിക്കുവാനുള്ള അവബോധ പ്രവർത്തനങ്ങളും അന്വേഷണ-പരീക്ഷണങ്ങളും സ്കൂളുകൾ ഏറ്റെടുക്കണം.

മനുഷ്യനിർമിത അപകടങ്ങളും കേരളത്തെ ബാധിക്കുന്നു. പുറ്റിങ്ങൽ വെടിക്കെട്ട് അപകടം, റോഡ് അപകടങ്ങൾ, മുങ്ങിമരണം, കിണറുതേക്കാൻ ഇറങ്ങുമ്പോഴുണ്ടാകുന്ന മരണങ്ങൾ തുടങ്ങിയവ മനുഷ്യനിർമിത അപകടങ്ങൾ ആണ്. വെള്ളത്തിൽ വീണു അപകടത്തിൽ പെടുന്നവരെ രക്ഷിക്കാൻ ഏതാനും മിനുട്ടുകളേ കിട്ടുകയുള്ളൂ. ഇത്തരം സാഹചാര്യങ്ങളിൽ അപകടത്തിൽ പെട്ടവരുടെ കൂടെ എടുത്ത് ചാടുകയല്ല, കരയിൽ നിന്ന് കയറോ കമ്പോ തുണിയോ എറിഞ്ഞു കൊടുത്ത് രക്ഷിക്കുക എന്നതാണ് ശാസ്ത്രീയ രീതി. കുട്ടികളിൽ ജല സുരക്ഷാ അവബോധം വളർത്തുവാനും, നീന്തൽ പഠിപ്പിക്കുവാനും മാതാപിതാക്കൾ ശ്രദ്ധ ചെലുത്തണം.

നാം സ്വീകരിക്കുന്ന ഗൃഹനിർമ്മാണ ശൈലി പോലും ദുരന്തലഘൂകരണത്തെ മുന്നിൽ കണ്ടുകൊണ്ടാണോ എന്ന് ഗൗരവമായി ചിന്തിക്കണം. പഴമക്കാർ വീടിൻറെ മേൽക്കൂരയിൽ വീഴുന്ന വെള്ളം വീടിനുള്ളിൽത്തന്നെ നടുത്തളത്തിൽ ഭൂമിയിലേക്ക് ഇറങ്ങാൻ അനുവദിച്ചിരുന്നു. എന്നാൽ, ഇന്ന് വീടുകളുടെ മുറ്റം പൂർണ്ണമായി കോൺക്രീറ്റ് ചെയ്യുകയാണ്. അതുപോലെ തന്നെ, നമ്മുടെ പൊതു ബോധത്തിൽ നിന്നും ഇത്തരത്തിൽ നഷ്ട്ടപ്പെട്ട ഒരു പരിപാലന പ്രക്രിയയാണ് പൊതു ഇടങ്ങളിലെയും, പുരയിടങ്ങളിലെയും മരങ്ങൾ കോതി ഒരുക്കുക എന്നത്. ഈ രീതി കൃത്യമായി മഴക്കാലത്തിന് മുൻപ് അവലംബിക്കാത്തതിനാൽ കേരളത്തിൽ ഒരുപാട് മരണങ്ങളും, നാശ നഷ്ടവും ഉണ്ടാകുന്നുണ്ട്. പരമ്പരാകത രീതികളും അറിവുകളും നമ്മുടെ സമൂഹം പൂർണ്ണമായും തിരസ്ക്കരിക്കുന്നത് ദുരന്ത ആഘാതം വർദ്ധിപ്പിക്കും.

വയനാട് ജില്ലയിലെ ദുരന്ത സാധ്യതാ മേഘലയിലെ പട്ടിക വർഗ്ഗ കോളനികളുടെ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കുകയും അവിടെ ഉള്ള ചെറുപ്പക്കാർക്ക് ദുരന്ത പ്രതികരണ പരിശീലനം നൽകിയും വരുന്നു. മലപ്പുറം ജില്ലയിലെ ട്രാൻസ്ജൻഡർ സമൂഹത്തിന് ദുരന്ത ലഘൂകരണ പരിശീലനം നല്കി അവരുടെ സേവനം

കോവിഡ് പ്രതിരോധത്തിന് ഉപയോഗപ്പെടുത്തി. ഇത്തരത്തിൽ സമൂഹത്തെ ആകമാനം ഉൾക്കൊള്ളുന്ന പ്രവർത്തനം ആണ് കേരളം നടത്തി വരുന്നത്.

കേരളത്തിൽ ദുരന്ത പ്രതിരോധ സംവിധാനങ്ങൾ ഏറ്റവും സുശക്തമായി ഉറപ്പാക്കുവാൻ തദേശ സ്ഥാപനങ്ങൾ മുൻകൈ എടുത്തിട്ടുണ്ട്. എല്ലാ തദേശ സ്ഥാപനങ്ങളും ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കി, ഈ പദ്ധതികളിൽ ഉൾപ്പെടുന്ന പ്രവർത്തികൾക്കുള്ള തുക വകയിരുത്തി പ്രവർത്തനനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതാത് പഞ്ചായത്തുകളുടെ ദുരന്ത സാധ്യതകൾ നിർണ്ണയിച്ച്, ഭൂപടങ്ങളായി ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ചിട്ടും ഉണ്ട്. പൊതു സമൂഹത്തിൽ മുന്നറിയിപ്പുകളും, മുന്നൊരുക്കങ്ങളും കൂടുതൽ വ്യാപകമാക്കാൻ സാമൂഹിക സന്നദ്ധ സേന, സിവിൽ ഡിഫൻസ്, ആപദാ മിത്ര എന്നീ സന്നദ്ധ സംവിധാനങ്ങൾ കേരളത്തിൽ താഴെ തട്ടിൽ പ്രവർത്തിച്ചു വരുന്നു. ഇവർക്ക് നിരന്തര പരിശീലനങ്ങൾ നല്കിവരുന്നു.

ശാസ്ത്രം, അനുഭവം, ആസൂത്രണം എന്നിവയുടെ മികച്ച സംയോജനത്തോടെ മാത്രമേ അർദ്ധവത്തായ ദുരന്ത ലഘൂകരണം സാധ്യമാകൂ. ഈ ലക്ഷ്യത്തിലേക്കാണ് 'നമ്മൾ, നമുക്കായി' ഒരുമിച്ച് മുന്നേറണ്ടത്.

## 1.32 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – ആലപ്പുഴ

📅 ദിനം 1 – ഔദ്യോഗിക ഉദ്ഘാടനം: ഒക്ടോബർ 13-ന് ലിയോ XII ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ കലക്ടർ ശ്രീ. വി.ആർ. കൃഷ്ണതേജ IAS ഉദ്ഘാടനം നിർവഹിച്ചു. ഫയർഫോഴ്സ്, വിദ്യാഭ്യാസ വകുപ്പ്, DDMA, സ്കൂൾ അധികൃതർ തുടങ്ങിയവർ പങ്കെടുത്തു. സ്കൂൾ അസംബ്ലികളിൽ DRR സന്ദേശം പ്രചരിപ്പിക്കുകയും, ലിയോ XII HSS, SNM Boys School എന്നിവിടങ്ങളിൽ മോക്ക് ഡ്രിലും അവബോധ ക്ലാസുകളും നടന്നു.

📅 ദിനം 2 – ജലസുരക്ഷാ മോക്ക് ഡ്രിൽ: ഒക്ടോബർ 14-ന് NSS HSS രാമങ്കരി, ഗവ. UPS തൃപ്പേരുന്തുര എന്നിവിടങ്ങളിൽ ജലസുരക്ഷാ മോക്ക് ഡ്രിലും ജലാപകടങ്ങൾ സംബന്ധിച്ച അവബോധ ക്ലാസുകളും നടന്നു. വിദ്യാർത്ഥികൾ, അധ്യാപകർ, റവന്യൂ ഉദ്യോഗസ്ഥർ, LSGD പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

📅 ദിനം 3 – തീസുരക്ഷാ പരിശീലനം: ഒക്ടോബർ 17-ന് ജില്ലയിലെ 40 സ്കൂളുകളിൽ ഫയർഫോഴ്സ് വകുപ്പിന്റെ നേതൃത്വത്തിൽ DRR ക്ലാസുകളും തീസുരക്ഷാ പ്രദർശനങ്ങളും നടന്നു. തീപിടിത്തം പോലുള്ള ദുരന്തങ്ങളിൽ എടുക്കേണ്ട മുൻകരുതലുകൾ വിദ്യാർത്ഥികൾക്ക് വിശദീകരിച്ചു.

📅 ദിനം 4 – ഹൗസ്ബോട്ട് ജീവനക്കാർക്കും നഗരസഭാ പ്രതിനിധികൾക്കും DRR പരിശീലനം: ഒക്ടോബർ 18-ന് DTPC ഓഡിറ്റോറിയത്തിൽ 216 ഹൗസ്ബോട്ട് ജീവനക്കാർക്ക് First Aid, Fire Safety, Water Accident Response എന്നിവയിൽ പരിശീലനം നൽകി. IG ശ്രീ. ജയദേവ് G IPS ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ Cherthala, Alappuzha നഗരസഭകളിലെ വാർഡ് കൗൺസിലർമാർ, CDS ചെയർപേഴ്സൺമാർ, ASHA പ്രവർത്തകർ എന്നിവർക്ക് DRR ക്ലാസുകൾ നൽകി.

📅 ദിനം 5 & 6 – നഗരസഭാ DRR ക്ലാസുകൾ: ഒക്ടോബർ 19-20-ന് മാവേലിക്കര, ചെങ്ങന്നൂർ, ഹരിപ്പാട്, കായംകുളം നഗരസഭകളിൽ DRR ക്ലാസുകൾ നടന്നു. സമൂഹം ആധാരമാക്കിയ ദുരന്തനിവാരണ തന്ത്രങ്ങൾ, പ്രാദേശിക ഇടപെടലുകൾ എന്നിവയെക്കുറിച്ച് വിശദീകരിച്ചു.

🔚 സമാപനം: ഒരു ആഴ്ച നീണ്ട IDDRR പ്രവർത്തനങ്ങൾ വിവിധ വിഭാഗങ്ങളിലേക്കും സമൂഹത്തിലേക്കും DRR സന്ദേശം എത്തിക്കാൻ സഹായകമായി. മുന്നറിയിപ്പ് സംവിധാനങ്ങൾ, ദുരന്തബോധം, പ്രതികരണ തന്ത്രങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ഗൗരവമുള്ള ചർച്ചകൾ ഉണ്ടായി. DDMA എല്ലാ സഹപ്രവർത്തകരോടും നന്ദി രേഖപ്പെടുത്തി.

വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2022/11/IDDRR_DAY_REPORT_2022_ALAPPUZHA.pdf.

## 1.33 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – എറണാകുളം

🏫 ഔദ്യോഗിക ഉദ്ഘാടനം: ഒക്ടോബർ 13-ന് രാവിലെ 10 മണിക്ക് എറണാകുളം SRV സ്കൂൾ ഓഡിറ്റോറിയത്തിൽ ജില്ലാ കലക്ടർ ഡോ. രേണു രാജ IAS ഉദ്ഘാടനം നിർവഹിച്ചു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ശ്രീ. ഷാജഹാൻ S അധ്യക്ഷത വഹിച്ചു. ആരോഗ്യ, ഫയർ ആൻഡ് റെസ്ക്യൂ, വിദ്യാഭ്യാസ വകുപ്പുകൾ ചേർന്ന് പരിപാടികൾ സംഘടിപ്പിച്ചു.

🧯 DRR പരിശീലനങ്ങൾ: ജില്ലയിലെ എല്ലാ താലൂക്കുകളിലെയും തിരഞ്ഞെടുത്ത സ്കൂളുകളിൽ DRR അവബോധ ക്ലാസുകളും മോക്ക് ഡ്രില്ലുകളും നടന്നു.

- ഫസ്റ്റ് എയ്ഡ് പരിശീലനം
- തീപിടിത്തം പ്രതിരോധം
- രക്ഷാപ്രവർത്തന മോക്ക് ഡ്രിൽ
- സ്കൂൾ സുരക്ഷാ പരിശീലനം (ഫയർ സ്റ്റേഷനുകൾ കീഴിൽ)
- ആരോഗ്യ ബ്ലോക്കുകൾ വഴി കുട്ടികൾക്ക് DRR പരിശീലനം

🏫 പങ്കെടുത്ത പ്രധാന സ്കൂളുകൾ: 15-ഓളം സ്കൂളുകൾ DRR പരിശീലനത്തിൽ പങ്കെടുത്തു. പ്രധാന സ്കൂളുകൾ:

- Govt. Girls HSS, Aluva (60 വിദ്യാർത്ഥികൾ)
- SRV HSS, Ernakulam (250)
- SCMS School of Engineering & Technology (160)
- SNDP HSS, Muvattupuzha (130)
- Govt. HSS, Pozhakkappilly (150)
- St. Augustin's HSS, Muvattupuzha (250)
- Pallarimangalam Govt. HSS, Kothamangalam (250)

മൊത്തം 15 സ്കൂളുകളിൽ 2000-ത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു.

🔚 സമാപനം: പരിപാടികൾ വൈകുന്നേരം 2 മണിക്ക് സമാപിച്ചു. Hazard Analyst ശ്രീമതി അഞ്ജലി പരമേശ്വരൻ നന്ദി രേഖപ്പെടുത്തി. ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ DRR പരിശീലനങ്ങൾ തുടർന്നും എല്ലാ സ്കൂളുകളിലും നടന്നു കൊണ്ടിരിക്കുന്നു.

വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2023/01/DRR-Day-Report-ERnakulam-1.pdf

## 1.34 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – ഇടുക്കി

🏫 സ്കൂൾ DRR ക്ലാസുകൾ

- GHSS കുരിശുമൂട്ടിൽ DRR ക്ലാസുകൾ സംഘടിപ്പിച്ചു.
- Sendai Framework, കാലാവസ്ഥ വ്യതിയാനം, പ്രാദേശിക ദുരന്തസാധ്യതകൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്കരണം.
- Hazard Analyst ശ്രീ. രാജീവ് ടി.ആർ ക്ലാസുകൾ നയിച്ചു.

🧠 DRR ക്വിസ് & പ്രസംഗ മത്സരം

- DRR-അധിഷ്ഠിത ക്വിസ് മത്സരവും പ്രസംഗ മത്സരവും വിവിധ സ്കൂളുകളിൽ നടന്നു.
- "Climate Change and Disaster Risk" എന്ന വിഷയത്തിൽ വിദ്യാർത്ഥികൾ പ്രസംഗം നടത്തി.
- വിജയികൾക്ക് പ്രശംസാപത്രം വിതരണം ചെയ്തു.

🏥 ആരോഗ്യപ്രവർത്തകർക്ക് DRR സെഷനുകൾ

- CHC പടവയൽ, FHC പകാളനി എന്നിവിടങ്ങളിൽ DRR ക്ലാസുകൾ നടത്തി.
- ആരോഗ്യപ്രവർത്തകർക്ക് BLS (Basic Life Support), First Aid, Early Warning Systems എന്നിവയെക്കുറിച്ച് പരിശീലനം നൽകി.

🚒 മോക്ക് ഡ്രിൽ – Earthquake Drill

- GHSS കുരിശുമൂട്ടിൽ Earthquake Drill നടത്തി.

- ഫയർ & റെസ്ക്യൂ, പോലീസ്, DYSP, NDRF എന്നിവർ Drill-ൽ പങ്കെടുത്തു.

- Building evacuation, search & rescue, first aid എന്നിവ demonstate ചെയ്തു.

🏛️ തദ്ദേശഭരണ പ്രതിനിധികൾക്കായുള്ള DRR സെമിനാർ

- തദ്ദേശഭരണ പ്രതിനിധികൾക്കും DRR സെമിനാർ നടത്തി.

- "Local Level Disaster Risk Reduction Strategies" എന്ന വിഷയത്തിൽ UNICEF–KSDMA ക്ലാസുകൾ നൽകി.

- DRR-ൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് ചർച്ച ചെയ്തു.

വിശദമായ റിപ്പോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2023/01/IDDRR-report_IDK.pdf

## 1.35 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – വയനാട്

🏁 PHASE A – ജില്ലാതല ഉദ്ഘാടനം

- MRS വൈത്തിരിയിൽ ജില്ലാ കളക്ടർ ശ്രീമതി അ. ഗീത IAS ഉദ്ഘാടനം നിർവഹിച്ചു.

- DRR സന്ദേശം എല്ലാ സ്കൂളുകളിലേക്കും എത്തിച്ചു.

- Basic Disaster Management, First Aid, Fire Safety ക്ലാസുകളും ഡെമോയും നടന്നു.

🧠 PHASE B – Taluk-wise DRR പ്രവർത്തനങ്ങൾ

- വൈത്തിരി: SKMJ School

- സുൽത്താൻ ബത്തേരി: St. Joseph's HSS

- മാനന്തവാടി: GVHSS Mananthavady

- Fire safety demonstration, mock drill, DRR pledge എന്നിവ നടന്നു.

🏫 PHASE C – സ്കൂൾ DRR ക്ലബ്ബ് പ്രവർത്തനങ്ങൾ

- 198 സ്കൂളുകളിൽ DRR ദിനം ആചരിച്ചു.

- DRR pledge, awareness assemblies, pamphlet വിതരണം, First Aid kit വിതരണം.

- CPR പരിശീലനം:

- വൈത്തിരി @ De Paul Public School

- ബത്തേരി @ St. Joseph's School

- മാനന്തവാടി @ St. Patrick's School

- 468 വിദ്യാർത്ഥികൾ പങ്കെടുത്തു.

🧯 PHASE D – ഫയർ സെഫ്റ്റി & First Aid പരിശീലനം

12 സ്കൂളുകളിൽ ഫയർ സെഫ്റ്റി & First Aid ക്ലാസുകൾ:

- ഉദാഹരണങ്ങൾ:
- St. Thomas HSS, നദവയൽ – 18/10/2022
- Govt. HSS തലപ്പുഴ – 29/11/2022
- Govt. School വാളാട് – 01/12/2022
- Govt. HSS കുപ്പാടി – 08/12/2022

♿ PHASE E – ദിവ്യാംഗ വിദ്യാർത്ഥികൾക്കായുള്ള DRR പരിശീലനം

- കരപ്പുഴ ഡാം സൈറ്റ്: 2 സ്കൂളുകളിൽ നിന്നുള്ള 140 ദിവ്യാംഗ വിദ്യാർത്ഥികൾ പങ്കെടുത്തു.
- Basic Life Support, Fire Safety, First Aid ക്ലാസുകൾ.
- ജില്ലാ കളക്ടർ ഉദ്ഘാടനം നിർവഹിച്ചു.

📘 സമാപനം: വയനാട് DDMA വിവിധ വിഭാഗങ്ങളിലേക്കും സമൂഹത്തിലേക്കും DRR സന്ദേശം എത്തിക്കാൻ വിജയിച്ചു. CPR, First Aid, Fire Safety, DRR pledge, SDMC പ്രവർത്തനങ്ങൾ എന്നിവയിലൂടെ ജനങ്ങൾക്കിടയിൽ ബോധവത്കരണം ശക്തമായി നടന്നു.

വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2023/01/IDRRN-REPORT.pdf

## 1.36 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – കാസർഗോഡ്

🏫സ്കൂൾ അസംബ്ലികളിൽ DRR സന്ദേശം: ഒക്ടോബർ 13-ന് ജില്ലയിലെ എല്ലാ സ്കൂളുകളിലും DRR സന്ദേശം അസംബ്ലികളിൽ വായിച്ചു. കാസർഗോഡ് ജില്ലയിൽ മലയാളം കൂടാതെ കന്നഡയും അധ്യാപന ഭാഷയായതിനാൽ, സന്ദേശം കന്നഡയിലേക്കും തർജ്ജമ ചെയ്ത് ഉൾക്കൊള്ളലിന്റെ മാതൃകയായി അവതരിപ്പിച്ചു. വിദ്യാർത്ഥികൾ DRR-യുടെ ഭാവി Torchbearers ആണെന്ന സന്ദേശം ശക്തമായി പ്രചരിപ്പിച്ചു.

🧠വിദ്യാർത്ഥികൾക്കായുള്ള ക്വിസ് & പ്രസംഗ മത്സരം: ഒക്ടോബർ 15-ന് Collectorate Conference ഹാളിലും I&PRD ഹാളിലും DRR-അധിഷ്ഠിത ക്വിസ് മത്സരവും പ്രസംഗ മത്സരവും നടന്നു.

- ക്വിസ്: പാറ്റ്ല Govt. HSS-നും പെരിയ Govt. HSS-നും ഒന്നാം, രണ്ടാം സ്ഥാനങ്ങൾ നേടി.

- പ്രസംഗം: “Climate Change and Increasing Disaster Risks” എന്ന വിഷയത്തിൽ പെരിയ Govt. HSS-ലെ ദേവനന്ദ എസ്.പി ഒന്നാം സ്ഥാനം നേടി.
- വിജയികൾക്ക് പണമുള്ള സമ്മാനങ്ങളും പ്രശംസാപത്രങ്ങളും വിതരണം ചെയ്തു.
- ജില്ലാ കളക്ടർ ശ്രീമതി ഭണ്ഡാരി സ്വാഗത് IAS സമ്മാനങ്ങൾ വിതരണം ചെയ്തു.

🏛️തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള DRR സെമിനാർ: ഒക്ടോബർ 31-ന് ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും DRR സെമിനാർ സംഘടിപ്പിച്ചു.

- സെമിനാർ വിഷയം: “Climate Change and Disasters – Local Level Interventions”
- Dr. Pratheesh Mammen (UNICEF–KSDMA) & Sri. Fahad Marzook (KSDMA) എന്നിവർ ക്ലാസുകൾ നയിച്ചു.
- കാലാവസ്ഥ വ്യതിയാനവും അതിന്റെ പ്രാദേശിക ദുരന്ത സാധ്യതകളും മുൻകരുതലുകളും ചർച്ച ചെയ്തു.

🚤NDRF-യുമായി സംയുക്ത മോക്ക് ഡ്രിൽ – ഹൗസ്ബോട്ട് ദുരന്തം: നവംബർ 9-ന് Tejaswini നദിയിൽ ഹൗസ്ബോട്ട് ദുരന്തം അനുകരിച്ച് NDRF-യുമായി സംയുക്ത മോക്ക് ഡ്രിൽ നടന്നു.

- 8 ടൂറിസ്റ്റുകൾ അടങ്ങിയ ഹൗസ്ബോട്ട് തകരാറിലായി മുങ്ങൽ സാധ്യതയുള്ള സാഹചര്യം അനുകരിച്ചു.
- ഫയർ & റെസ്ക്യൂ ടീം 4 പേരെയും, NDRF ടീം ശേഷിച്ച 4 പേരെയും രക്ഷപ്പെടുത്തി.
- സ്കൂബാ ഡൈവേഴ്സും, മെഡിക്കൽ ടീമും, തദ്ദേശഭരണ പ്രതിനിധികളും drills-ൽ പങ്കെടുത്തു.
- Awareness ക്ലാസുകൾ boat operators-ക്കായി boat-ലുള്ളതുപോലെ തന്നെ നടത്തി.

വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2023/01/Report_Kasaragod_IDDRR2022.pdf

## 1.37 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം – കോഴിക്കോട്

🏫 സ്കൂൾ DRR ക്ലാസുകൾ

- ജില്ലയിലെ എല്ലാ സർക്കാർ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്കും AEOs, DEOs, BRCs എന്നിവർക്കും DRR ക്ലാസുകൾ നൽകി.

- DRR സന്ദേശം സ്കൂൾ അസംബ്ലികളിലൂടെ പ്രചരിപ്പിച്ചു.

- DRR awareness sessions:

- Puthiyappa Fisheries HSS

- GVHSS Thamarassery

- GVHSS Madappally

- GVHSS Atholi

- Providence Women's College

- Chelakkad LP School

- Nambrathukara UP School

- School assemblies, DRR pledge, awareness classes എന്നിവ നടന്നു.

🚒 മോക്ക് ഡ്രില്ലുകൾ

- 13/10/2022: Govt. Law College, Feroke GVHSS, Chelakkad LP School

- 14/10/2022: Malikkadavu Women's ITI, Nambrathukara UP School

- 15/10/2022: DRR Day inauguration @ Puthiyappa Fisheries HSS

- 17–22/10/2022: Atholi, Thamarassery, Madappally, Vattoli, Iringannur, Thottumukkam, Annassery

- Sessions നയിച്ചത്: Fireforce officials Sri. Nithin, Sri. Babu T, Sri. Lohithakshan; Hazard Analyst Smt. Aswathi P

🏛 DRR സെമിനാറുകൾ

- 02/11/2022: Kozhikode District Planning Office Conference Hall

- 03/11/2022: Vatakara Municipal Town Hall

- Fireforce officials, DDMA staff എന്നിവർ DRR awareness sessions നയിച്ചു.

📘 സമാപനം: DRR ദിനാചരണത്തിന്റെ ഭാഗമായി, DRR സന്ദേശം സ്കൂൾ തലത്തിൽ വ്യാപകമായി പ്രചരിപ്പിച്ചു. മോക്ക് ഡ്രില്ലുകൾ, ഫയർ സെഫ്റ്റി ക്ലാസുകൾ, DRR pledge, awareness assemblies എന്നിവയിലൂടെ കുട്ടികളെയും അധ്യാപകരെയും DRR-ൽ പങ്കാളികളാക്കി. “Early Warning for All” എന്ന സന്ദേശം ജനങ്ങളിലേക്കും സ്ഥാപനങ്ങളിലേക്കും എത്തിക്കാൻ DDMA കോഴിക്കോട് വിജയിച്ചു.

വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2023/03/IDDRR2022-1.pdf

## 1.38 വയനാട് - സ്കൂൾ ദുരന്ത നിവാരണ ക്ലബ് ഉദ്ഘാടനം

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ദുരന്ത ലഘൂകരണ പദ്ധതികളിൽ ഒന്നായ സ്കൂൾ ദുരന്ത നിവാരണ ക്ലബ് (SDMC) ജില്ലയിലെ മുഴുവൻ ഹൈ സ്കൂൾ , ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനം 11-10-2022ന്

രാവിലെ 11.00 മണിയ്ക്ക് സുൽത്താൻ ബത്തേരി സർവജന ഹൈസ്ക്കൂളിൽ വെച്ച് ശ്രീ കെ രാജൻ, ബഹു. റവന്യൂ, ഭവന വകുപ്പ് മന്ത്രി നിർവഹിച്ചു.

## 1.39 IIT Mumbai - Disaster Management-നുള്ള Systems Thinking & System Dynamics" - 5 ദിവസത്തെ CEP പരിശീലന പരിപാടി

ഐഐടി ബോംബെയിലെ പ്രൊഫ. ഡോ. ജയേന്ദ്രൻ വെങ്കടേശ്വരൻ നയിച്ച "Disaster Management-നുള്ള Systems Thinking & System Dynamics" എന്ന വിഷയത്തിൽ 5 ദിവസത്തെ CEP പരിശീലന പരിപാടി KSDMA ടീമിനായി വിജയകരമായി നടന്നു.

📚 പരിശീലനത്തിൽ ഉൾപ്പെട്ട പ്രധാന മോഡ്യൂളുകൾ:

- സിസ്റ്റംസ് തിങ്കിംഗ് (Systems Thinking)
- BOTGs (Behaviour Over Time Graphs)
- കാരണ ബന്ധ ചക്രങ്ങൾ (Causal Loop Diagrams)
- ബാലൻസിംഗ് & റീഇൻഫോഴ്സിംഗ് ലൂപ്പുകൾ
- സിസ്റ്റം ആർകിടൈപ്പുകൾ
- സ്റ്റോക്കുകളും ഫ്ലോകളും
- Vensim ഉപയോഗിച്ച് കമ്പ്യൂട്ടർ മോഡലിംഗ്
- മഹാമാരി മോഡലുകൾ (Epidemic Models)
- വൈകിപ്പിക്കൽ ഘടകങ്ങളും nonlinear ഘടനകളും
- സ്റ്റോക്ക് മാനേജ്മെന്റ് ഘടനകൾ
- മറ്റ് ബന്ധപ്പെട്ട സിസ്റ്റം ഡൈനാമിക്സ് ആശയങ്ങൾ

🎮 പരിശീലനത്തിൽ ഉൾപ്പെടുത്തിയ ഗെയിമുകൾ:

Sessions-നെ കൂടുതൽ ആഴത്തിൽ ഉൾക്കൊള്ളാൻ Systems Thinking Playbook-ൽ നിന്നുള്ള ഗെയിമുകൾ ഉപയോഗിച്ചു:

- Mind Grooving
- Balancing Tubes
- Group Juggle
- Harvest

പരിശീലനം സമാപിച്ചത് പ്രശസ്തമായ Beer Distribution Supply Chain Game-നൊപ്പം, പങ്കെടുത്തവരിൽ വലിയ ഉത്സാഹം ഉണർത്തിയതായിരുന്നു.



ഈ പരിശീലനം KSDMA-യുടെ ദുരന്തനിവാരണ തന്ത്രങ്ങളിൽ സിസ്റ്റമാറ്റിക് ആലോചനയും ഡൈനാമിക് അനാലിസിസും ഉൾപ്പെടുത്താൻ വലിയ സഹായം ചെയ്തു.

### 1.40 അഞ്ചാമത് Disaster, Risk and Vulnerability Conference (DRVC)

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പരിസ്ഥിതി ശാസ്ത്ര വിഭാഗം, കേരള സർവകലാശാലയിലെ ജിയോളജി വിഭാഗം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ ചേർന്ന് സംഘടിപ്പിക്കുന്ന അഞ്ചാമത് DRVC 19-1-2023ന് രാവിലെ മഹാത്മാ ഗാന്ധി സർവകലാശാല വൈസ്-ചാൻസലർ പ്രൊഫ. ഡോ. സാബു തോമസ് ഉത്ഘാടനം ചെയ്തു. പരിസ്ഥിതി ശാസ്ത്ര വിഭാഗം ആരംഭിക്കുന്ന പുതിയ ദുരന്ത നിവാരണ MOOCഉം അദ്ദേഹം ഉത്ഘാടനം ചെയ്തു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ പ്രോ-വൈസ് ചാൻസലർ പ്രൊഫ. ഡോ. സി.ടി അരവിന്ദകുമാർ (Charuvila T. Aravindakumar) ഉത്ഘാടന ചടങ്ങുകളുടെ അധ്യക്ഷം വഹിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കൊസ് മുഖ്യ പ്രഭാഷം നടത്തി. മഹാത്മാ ഗാന്ധി സർവകലാശാലയിലെ പരിസ്ഥിതി ശാസ്ത്ര വിഭാഗം ഡീനും, പരിസ്ഥിതി ശാസ്ത്ര പഠന സ്കൂൾ ഡയറക്ടറുമായ ഡോ. ബൈജു കെ. രാജപ്പൻ (Baiju K Rajappan) സ്വാഗത പ്രഭാഷണം നടത്തി. കേരള സർവകലാശാലയിലെ ജിയോളജി വിഭാഗം പ്രൊഫസർ ഡോ. എ.പി പ്രദീപ്കുമാർ (Pradeepkumar Ap) DRVC എന്ന ദുരന്ത നിവാരണ പഠന സെമിനാറുകളുടെ ചരിത്രവും നാൾവഴിയും അവതരിപ്പിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ പരിസ്ഥിതി ശാസ്ത്ര അസിസ്റ്റൻറ് പ്രൊഫസർ ഡോ. മഹേഷ് മോഹൻ നന്ദി പ്രഭാഷണം നടത്തി. DRVC 2023 മൂന്ന് ദിവസം



നീണ്ട് നിന്നു. ഡോ. സി.പി രാജേന്ദ്രൻ (C.P. Rajendran), Adjunct Professor, National Institute of Advanced Studies പ്ലീനറി പ്രഭാഷണം നടത്തി. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് പഠന ഗവേഷണം നടത്തുന്ന ഗവേഷകർക്കും, വിദ്യാർഥികൾക്കും ഒരു സ്ഥിര ചർച്ചാ വേദി നല്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2011 മുതൽ സഹകരിക്കുന്ന ദുരന്ത നിവാരണ പഠന സെമിനാർ ആണ് Disaster, Risk and Vulnerability Conference (DRVC). കോൺഫറൺസ്

പ്രൊസീഡിംഗ്സ് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2024/03/drvc-2023-proceeding-volume-final.pdf.




## 1.41 നെതർലന്റ്സിലെ ട്വൻറ്റെ സർവകാലശാലയിലെ ദുരന്ത ലഘൂകരണ കേന്ദ്രത്തിന്റെ മേധാവി ഡോ. ഇറീന മൻസെലയുടെ സന്ദർശനം

നെതർലന്റ്സ് സർക്കാരും, കേരള സർക്കാരും തമ്മിലുള്ള വിജ്ഞാന സഹകരണ പ്രക്രിയയുടെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, നെതർലന്റ്സിലെ നാല് സാങ്കേതിക സർവകലാശാലകളിൽ ഒന്നായ ട്വൻറ്റെ സർവകലാശാലയിലെ ഫാക്കൽട്ടി ഐ.ടി.സിയിലെ (Faculty of Geo-Information Science and Earth Observation (ITC)) ദുരന്ത ലഘൂകരണ കേന്ദ്രവും സഹകരിച്ച് വിവിധ വിദ്യാർത്ഥിതല ഗവേഷണ സഹകരണം നടത്തിവരുന്നുണ്ട്. ദുരന്ത ലഘൂകരണ കേന്ദ്രത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ഇൻറ്റേൺഷിപ്പ്, ഗവേഷണം എന്നിവ നടത്തുവാൻ വരാറുണ്ട്. ട്വൻറ്റെ സർവകാലശാലയിലെ ദുരന്ത ലഘൂകരണ കേന്ദ്രത്തിന്റെ മേധാവി ഡോ. ഇറീന മൻസെല (Irene Manzella) 17-1-2023ന് സംസ്ഥാന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സന്ദർശിച്ചു. നിലവിൽ ഫാക്കൽട്ടി ഐ.ടി.സിയിൽ എം.എസ്.സിക്ക് പഠിക്കുന്ന, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ഗവേഷണം നടത്തുന്ന മലയാളി വിദ്യാർത്ഥികൾ ആയ ലക്ഷമി, അരുണിമ എന്നിവർ ഡോ. ഇറീനയുടെ ഒപ്പം ഉണ്ടായിരുന്നു.

കേരളത്തിന്റെ വിദേശകാര്യങ്ങളുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീ. വേണുരാജാമണിയെ (Venu Rajamony) ഡോ. ഇറീന സന്ദർശിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, ട്വൻറ്റെ സർവകലാശാലയും, നെതർലന്റ്സിലെ വിവിധ ഗവേഷണ കേന്ദ്രങ്ങളും, കിലയും ചേർന്ന് തയ്യാറാക്കിയ തദ്ദേശതല സൂക്ഷ്മ കാലാവസ്ഥാ വ്യതിയാന, ദുരന്ത സാധ്യതാ അവലോകന പദ്ധതി സംബന്ധിച്ച് ചർച്ചയും നടത്തി.

യൂണിവേഴ്സിറ്റി കോളേജ്, അമൃത വിശ്വ വിദ്യാപീഠം, കേരള സർവകലാശാല, എം.ജി സർവകലാശാല, ഫിഷെറീസ് സർവകലാശാല എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത വിദ്യാർത്ഥികളുമായി നെതർലന്റ്സിലെ പഠ സാധ്യതകൾ

സംബന്ധിച്ച് ചർച്ചകൾ നടത്തി. തുടർന്ന് ഡോ. ഇറീന എൻ.സി.എസ്.എസ്ൽ സന്ദർശനം നടത്തി.




## 1.42 NDMA-KSDMA - കടൽ-നദീതീര ശോഷണം - ദേശീയ ശിൽപ്പശാല

കടൽത്തീര-നദീതീര ശോഷണം സാമൂഹിക സുരക്ഷയെ ബാധിക്കുന്ന പ്രകൃതിദുരന്തങ്ങളാണ്. ഭൂമി നഷ്ട്ടപ്പെടുന്നത്, ആയത് മൂലമുള്ള കുടിയിറക്കം, തൊഴിൽ നഷ്ടം, സ്വത്ത് നഷ്ടം, ആരോഗ്യവും വിദ്യാഭ്യാസവും ബാധിക്കപ്പെടൽ എന്നിവ ഇതിന്റെ പ്രധാന ദോഷ ഫലങ്ങളാണ്. കാലാവസ്ഥ വ്യതിയാനവും അത്യന്തം ശക്തമായ പ്രകൃതിപ്രതിഭാസങ്ങളും ചേർന്ന് കടൽ/നദീതീര ശോഷണത്തിന്റെ തീവ്രത വർദ്ധിപ്പിക്കുകയും തീരപ്രദേശങ്ങളും നദീതീരങ്ങളും കൂടുതൽ അപകടസാധ്യതയുള്ളതാക്കുകയും ചെയ്യുന്നു. മറ്റ് പ്രകൃതിദുരന്തങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കടൽ-നദീതീര ശോഷണത്തിന്റെ ആഘാതങ്ങൾ വിപുലമായി വിലയിരുത്തപ്പെട്ടിട്ടില്ല.

15-ാമത് ധന കമ്മീഷൻ (XVFC) കടൽ/നദീതീര ശോഷണത്തെ ആവർത്തിച്ചുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളായി പരിഗണിച്ചിരിക്കുന്നു. കമ്മീഷൻ രണ്ട് പ്രധാന പദ്ധതികൾ മുന്നോട്ട് വച്ചിട്ടുണ്ട്:

- National Disaster Mitigation Fund വഴി കടൽ/നദീതീര ശോഷണം തടയാനുള്ള നടപടികൾ
- National Disaster Response Fund വഴി കടൽ/നദീതീര ശോഷണം മൂലം കുടിയിറക്കപ്പെടുന്ന ജനങ്ങളുടെ പുനരധിവാസം


NDMA-യും ആഭ്യന്തര മന്ത്രാലയവും കടൽ/നദീതീര ശോഷണം തടയുന്നതിനുള്ള ഫണ്ടുകളുടെ ഉപയോഗത്തിനായി അനുയോജ്യമായ മാനദണ്ഡങ്ങൾ രൂപപ്പെടുത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കടൽ/നദീതീര ശോഷണം മൂലം വ്യാപകമായി കുടിയിറക്കപ്പെടുന്ന ജനങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള നയരൂപീകരണവും നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ NDMA നകടൽ/നദീതീര ശോഷണം മൂലം ബാധിക്കപ്പെട്ട ജനങ്ങൾക്കായുള്ള ശമന നടപടികളും പുനരധിവാസ മാർഗങ്ങളും ഉൾക്കൊള്ളുന്ന ഒരു ഡ്രാഫ്റ്റ് നയം തയ്യാറാക്കിയിട്ടുണ്ട്.

ഈ ഡ്രാഫ്റ്റ് നയത്തിന്റെ അന്തിമ രൂപം നൽകുന്നതിനായി, NDMA കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് 2023 ഫെബ്രുവരി 17-ന് (ബുധൻ, രാവിലെ 9 മുതൽ വൈകിട്ട് 5:30 വരെ) തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ ഒരു ദിവസം നീണ്ട ശില്പശാല സംഘടിപ്പിച്ചു. കടൽ/നദീതീര ശോഷണം ബാധിച്ച സംസ്ഥാനങ്ങളുടെ പ്രതിനിധികളും ബന്ധപ്പെട്ട കേന്ദ്ര വകുപ്പുകളും ഏജൻസികളും പങ്കെടുത്ത ഈ ശില്പശാല, നയത്തിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ ചർച്ച ചെയ്യുകയും, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിക്കുകയും ചെയ്തു. ശിൽപ്പശാല പ്രൊസീഡിംഗ്സ് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2023/09/National-Workshop-Report.pdf

## 1.43 SACHET App - ദേശീയ ദുരന്ത മുന്നറിയിപ്പ് സംവിധാനം

രാജ്യവ്യാപകമായി ദുരന്തങ്ങൾ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ നൽകാനുള്ള ഒരു സംയോജിത അലർട്ട് സംവിധാനത്തിന് ദേശീയ ദുരന്ത നിവാരണ അതോറിറ്റി രൂപം നൽകിയിരിക്കുന്നു. വിവിധ ദുരന്ത സാധ്യതകൾ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ, SMS കൾ, മൊബൈൽ ആപ്ലിക്കേഷൻ, വെബ് പോർട്ടൽ തുടങ്ങിയവ വഴിയെല്ലാം പൊതുജനങ്ങളിലേക്ക് എത്തിക്കാനുള്ള സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. പ്രാദേശികമായി ലൊക്കേഷനുകൾ അടിസ്ഥാനപ്പെടുത്തി (Geo Targeted) പ്രാദേശിക ഭാഷയിൽ തന്നെ മുന്നറിയിപ്പുകൾ ലഭ്യമാക്കുന്ന തരത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. CAP (Common Alert Protocol) അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന ഈ സംയോജിത അലർട്ട് സംവിധാനം ജിയോ ഇന്റലിജൻസ് ഉപയോഗിച്ച് കൊണ്ട് ഒന്നിലധികം സാങ്കേതിക മാർഗങ്ങളിലൂടെ ദുരന്ത സാധ്യത മുന്നറിയിപ്പുകൾ തത്സമയം ജനങ്ങളിലേക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലേക്കും എത്തിക്കാൻ സഹായിക്കും. 2023 മാർച്ച് 11 ന് ഡൽഹിയിൽ വെച്ച് ചേർന്ന National Platform for Disaster Risk Reduction (NPDRR) ന്റെ മൂന്നാം സമ്മേളനത്തിൽ പ്രധാനമന്ത്രി ശ്രീ.




നരേന്ദ്ര മോഡിയാണ് "National Disaster Alert Portal" (sachet.ndma.gov.in) ഉം 'Sachet' മൊബൈൽ ആപ്ലിക്കേഷനും രാജ്യത്തിന് സമർപ്പിച്ചത്. 2018ൽ കേരളത്തിൽ ആണ് ഈ സംവിധാനം

ആദ്യം പരീക്ഷിച്ചത്. ആയതിനാൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദേശീയ തലത്തിൽ ഈ സംവിധാനം ഉപയോഗയോഗ്യം ആയ ആദ്യ ദിവസം മുതൽ വിനിയോഗിച്ച് തുടങ്ങി.

### 1.44 ദേശീയ ദുരന്ത ലഘൂകരണ സഹകരണ വേദിയുടെ (National Platform for Disaster Risk Reduction - NPDRR) 2023 - Pre-event

ദേശീയ ദുരന്ത ലഘൂകരണ സഹകരണ വേദിയുടെ മുന്നൊരുക്കം എന്ന നിലയിൽ ലോക ബാങ്ക്, ദേശീയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ട്, G20 എന്നിവർ ചേർന്ന് മാർച്ച് 6 ആം തീയതി ഡെൽഹിയിൽ വച്ച് നടന്ന Risk Informed Disaster Recovery and Reconstruction on 'Post Disaster Needs Assessment: Lessons from recent experiences' എന്ന ശിൽപ്പശാലയിൽ ദുരന്ത നിവാരണ അതോറിറ്റിക്ക് വേണ്ടി കേരളത്തിലെ 2018ലെ PDNA തയ്യാറാക്കിയ അനുഭവം മെംബർ സെക്രട്ടറി, ഡോ. ശേഖർ എൽ. കുര്യാക്കോസ് പങ്ക് വച്ചു.

### 1.45 ജിയോളജി: നവീന രീതികളും പ്രയോഗങ്ങളും – GEM-2023

ക്രൈസ്റ്റ് കോളേജ് (സ്വയംഭരണ), ഇരിങ്ങാലക്കുട, തൃശ്ശൂർ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ ചേർന്ന് ജനുവരി 24–26, 2023 തീയതികളിൽ ജിയോളജി: നവീന രീതികളും പ്രയോഗങ്ങളും – GEM-2023 എന്ന സമ്മേളനം നടത്തി. സമ്മേളനത്തിന്റെ മൂന്നാമത്തെ പതിപ്പായിരുന്നു ഇത്. ജിയോളജിയിലെ നവീന ഗവേഷണ രീതികളും പ്രായോഗിക സാധ്യതകളും ചർച്ച ചെയ്യുന്നതിനായി സംഘടിപ്പിച്ച ഈ സമ്മേളനത്തിന് ദേശീയവും അന്താരാഷ്ട്രവുമായ പ്രമുഖ ശാസ്ത്രജ്ഞരുടെയും സ്ഥാപനങ്ങളുടെയും മികച്ച പിന്തുണ ലഭിച്ചു.

സമ്മേളനത്തിന് പിന്തുണ നൽകിയ പ്രധാന സ്ഥാപനങ്ങൾ:

- ദേശീയ ഭൂഗർഭ ശാസ്ത്ര പഠന കേന്ദ്രം (NCESS), തിരുവനന്തപുരം
- ഭൂഗർഭ ശാസ്ത്ര മന്ത്രാലയം (MoES), ഇന്ത്യാ സർക്കാർ
- കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE)

സ്വകാര്യ മേഖലയിൽ നിന്നുള്ള പിന്തുണയും ലഭിച്ചിട്ടുണ്ട്:

- സെൻട്രൽ സയന്റിഫിക് ഇൻസ്ട്രുമെന്റ് കോർപ്പറേഷൻ (CENSICO)
- ജിയോ മാരിൻ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്
- പാൻ എൻവിറോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്
- ടെറാപ്പൈ എഡ്യൂക്കേഷൻ
- ജിയോ-ട്രാൻസെക്റ്റ് LLP

ജനുവരി 24-ന് Association of Quaternary Researchers in India (AOQR)-യുടെ വാർഷിക ജനറൽ ബോഡി യോഗവും സമ്മേളനത്തിന്റെ ഭാഗമായി നടക്കുന്നു.

🎯 സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ:

- ഭൂഗർഭ ശാസ്ത്രത്തിലെ വിവിധ ശാഖകളിൽ വിദഗ്ധരായ ശാസ്ത്രജ്ഞരെയും ഗവേഷകരെയും ഒരുമിച്ചു കൊണ്ടുവരിക
- ദേശീയ-അന്താരാഷ്ട്ര സ്ഥാപനങ്ങൾക്കും സംസ്ഥാന സർവകലാശാലകൾക്കും ഇടയിൽ ഗവേഷണ-വിദ്യാഭ്യാസ ബന്ധം സ്ഥാപിക്കുക
- പിജി വിദ്യാർത്ഥികൾക്കും തുടക്കഗവേഷകർക്കും വിവിധ ശാഖകളിൽ താൽപര്യങ്ങൾ കണ്ടെത്താൻ അവസരങ്ങൾ നൽകുക
- ഇന്ററാക്ടീവ് സെഷനുകൾ, പോസ്റ്റർ-ഓറൽ അവതരണങ്ങൾ, പാനൽ ചർച്ചകൾ എന്നിവയിലൂടെ അറിവ് പങ്കുവെക്കൽ
- ഇന്റർ-യൂണിവേഴ്സിറ്റി അക്കാദമിക് നെറ്റ്‌വർക്ക് രൂപപ്പെടുത്തുക

ഭൂഗർഭ ശാസ്ത്രം ഇന്ന് സ്വതന്ത്രവും ഇന്റർഡിസിപ്ലിനറി ശാസ്ത്രവുമായിത്തീർന്നിരിക്കുന്നു. പുതിയ രീതികളും വിശകലന ശേഷികളും ഈ ശാസ്ത്രത്തിന് സാമൂഹിക പ്രയോജനങ്ങൾക്കായി ഉപയോഗിക്കാനുള്ള സാധ്യതകൾ വർദ്ധിപ്പിച്ചിരിക്കുന്നു. ഈ അറിവ് ഗ്രാമീണ തലത്തിലേക്ക് എത്തിക്കുക എന്നത് ഭാവിയിലെ ജിയോളജിസ്റ്റുകളെ രൂപപ്പെടുത്തുന്നതിന് നിർണായകമാണ്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, പ്രകൃതിദുരന്തങ്ങളും അപകടനിവാരണവും സംബന്ധിച്ച ചർച്ചകൾ സമ്മേളനത്തിൽ ഉണ്ടായി. സമ്മേളന പ്രൊസീഡിംഗ്സ് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2024/01/GEM_2k23_abstract_volume.pdf

## 1.46 അനുമോദനം

ആലപ്പുഴ ഹസർഡ് അനലിസ്റ്റ് ശ്രീമതി ചിന്തുമോൾ സിക്ക് ജില്ലാ കളക്ടർ ദുരന്ത നിവാരണ പ്രവർത്തങ്ങളിലെ മികവ് പരിഗണിച്ച് രേഖാ മൂലം അനുമോദനം നല്കി.



## 1.47 തിരുവനന്തപുരം - സാൽവേഷൻ ആർമി പരിശീലനം

2022 ഒക്ടോബർ 10–11 തീയതികളിൽ തിരുവനന്തപുരം കോവളത്തെ സാൽവേഷൻ ആർമി റെഡ് ഷീൽഡ് ഗസ്റ്റ് ഹൗസിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സാൽവേഷൻ ആർമി ഇന്ത്യയും സംയുക്തമായി "ദുരന്ത നിവാരണവും മുൻകൂട്ടി മുന്നറിയിപ്പും" എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ

പരിശീലന പരിപാടി സംഘടിപ്പിച്ചു. ക്യാപ്റ്റൻ അസീർവദം ചീലീ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ സാൽവേഷൻ ആർമിയുടെ



പ്രവർത്തകർ പങ്കെടുത്തു. KSDMA-യിലെ വിദഗ്ദർ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു: ക്ലിന്റ് മാത്യു ദുരന്ത നിവാരണത്തിന്റെ അടിസ്ഥാന ഘടകങ്ങൾ വിശദീകരിച്ചപ്പോൾ, ഫഹദ് മാർസൂക് മുൻകൂട്ടി മുന്നറിയിപ്പ് dissemination സംവിധാനങ്ങൾ അവതരിപ്പിച്ചു. അമൃത കെ സ്വമേധയാ പ്രവർത്തകരുടെയും NGO-കളുടെയും പങ്ക് ചർച്ചചെയ്തു, ഡോ. അശ്വതി റിലീഫ് ക്യാമ്പ് മാനേജ്മെന്റിന്റെ പ്രോട്ടോകോളുകൾ വിശദീകരിച്ചു. പരിശീലന റിപ്പോർട്ട് കാണാൻ: http://sdma.kerala.gov.in/wp-content/uploads/2022/11/pdfSalavation_Army_training.pdf

## 1.48 എറണാകുളം - സന്നദ്ധസേനാ പ്രവർത്തകർക്കുള്ള പരിശീലനം

2022 നവംബർ മാസത്തിൽ എറണാകുളം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ 1161 സന്നദ്ധസേനാ പ്രവർത്തകർക്ക് 9 പരിശീലന സെഷനുകൾ സംഘടിപ്പിച്ചു - താലൂക്ക് തലത്തിൽ 7, കൊച്ചി കോർപ്പറേഷനിൽ 1, ASHA പ്രവർത്തകർക്ക് പ്രത്യേകമായി 1. ഈ "സമൂഹിക സന്നദ്ധസേനാ" പരിശീലനം ദുരന്ത പ്രതിരോധവും മുൻകൂട്ടി തയ്യാറെടുപ്പും ലക്ഷ്യമാക്കി നടന്നു. താലൂക്ക് തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട യുവാക്കൾ, കോളേജ് വിദ്യാർത്ഥികൾ, IAG അംഗങ്ങൾ, ASHA പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. പരിശീലനത്തിൽ ഫയർ & റെസ്ക്യൂ, ഫസ്റ്റ് എയ്ഡ്, CPR, വോളണ്ടിയറിസം, ദുരന്ത നിവാരണത്തിന്റെ അടിസ്ഥാനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി. ഓരോ സെഷനിലും WhatsApp ഗ്രൂപ്പുകൾ രൂപീകരിച്ച് വിവര Dissemination, Volunteer Coordination എന്നിവക്ക് പ്ലാറ്റ്ഫോം ഒരുക്കി. Green Protocol പാലിച്ച് പരിസ്ഥിതി സൗഹൃദ രീതിയിൽ പരിശീലനം നടന്നു. DEOC ടീം, LSGD കോർഡിനേറ്റർമാർ, KYLA പ്രതിനിധികൾ, മെഡിക്കൽ, ഫയർ & റെസ്ക്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെ പരിശീലനം വിജയകരമായി നടന്നു. പരിശീലന റിപ്പോർട്ട് കാണാൻ: https://sdma.kerala.gov.in/wp-content/uploads/2023/01/Sanadhasena_documentation_-_Final_ernakulm.pdf

## 1.49 LISSAH കോളേജിലെ ആദ്യ വർഷ MSW വിദ്യാർത്ഥികളുടെ സന്ദർശനം

2022 നവംബർ 14-ന് കോഴിക്കോട് ലിറ്റിൽ ഫ്ലവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് ആൻഡ് ഹെൽത്ത് (LISSAH) കോളേജിലെ ആദ്യ വർഷ MSW

വിദ്യാർത്ഥികൾക്കായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് ഒരു നിരീക്ഷണ സന്ദർശനം സംഘടിപ്പിച്ചു.

സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശ്യം KSDMAയുടെ നയങ്ങളും പദ്ധതികളും അതിന്റെ ബഹുമുഖ പ്രവർത്തനരീതികളും പഠിക്കുക എന്നതായിരുന്നു.

- KSDMAയിലെ സോഷ്യൽ കപ്പാസിറ്റി ബിൽഡിംഗ് സ്പെഷ്യലിസ്റ്റ് ക്ലിന്റ് മാത്യു, ദുരന്ത നിവാരണത്തിന്റെ അടിസ്ഥാനങ്ങൾ, അതോറിറ്റിയുടെ പ്രവർത്തനങ്ങൾ, എർലി വാർണിംഗ് സംവിധാനം, സംഘടനാ ഘടന എന്നിവയെക്കുറിച്ച് വിശദീകരിച്ചു.
- LISSAH കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ വിജയലക്ഷ്മി ദാസ് സന്ദർശനത്തിന്റെ ഉദ്ദേശ്യങ്ങൾ അവതരിപ്പിച്ചു.
- മൊത്തം 30 MSW വിദ്യാർത്ഥികൾ പങ്കെടുത്തു.

ഈ സന്ദർശനം വിദ്യാർത്ഥികൾക്ക് ദുരന്ത നിവാരണ രംഗത്തെ പ്രായോഗിക അറിവ് ലഭ്യമാക്കുന്നതിൽ സഹായകമായി. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2022/11/Report_of_Lissah_College_Visit_pdf.pdf

## 1.50 വേനൽക്കാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ

2022 ജനുവരി മാസം മുതൽ തന്നെ പൊതുവെ ചൂട് വർധിക്കുന്ന സാഹചര്യമാണ് കേരളത്തിലുണ്ടായിരുന്നത്. ജനുവരിയിൽ മിക്ക ദിവസങ്ങളിലും ഇന്ത്യയിൽ ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തപ്പെട്ട കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ സ്റ്റേഷനുകൾ കേരളത്തിലായിരുന്നു. ജനുവരി മുതൽ മാർച്ച് വരെ ചൂട് ക്രമാതീതമായി വർദ്ധിച്ചു വന്നു. അന്തരീക്ഷ ആർദ്രത ഉയർന്നു നിൽക്കുന്ന തീരപ്രദേശങ്ങളിൽ പലപ്പോഴും 35-36°C ന് മുകളിലേക്ക് താപനില ഉയർന്നു. 2022 മാർച്ച് 15 ന് കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ കൊല്ലം ജില്ലയിലെ പുനലൂർ താപമാപിനിയിൽ രേഖപ്പെടുത്തപ്പെട്ട 39.2°C ആണ് 2022 ൽ രേഖപ്പെടുത്തപ്പെട്ട ഏറ്റവും ഉയർന്ന താപനില. കാലാവസ്ഥാവ്യതിയാന പഠനകേന്ദ്രം (ICCS) പ്രസിദ്ധീകരിച്ച 2022 ലെ 'ക്ലൈമറ്റ് സ്റ്റേറ്റ്മെൻറ്' പ്രകാരം ദീർഘകാല ശരാശരിയെ അപേക്ഷിച്ച് 2022 ൽ കേരളത്തിൻറെ വാർഷിക ശരാശരി താപനില 0.45°C കൂടുതലായിരുന്നു. അതോടെ 1901 മുതലുള്ള കേരളത്തിൻറെ ചരിത്രത്തിലെ ഏറ്റവും ചൂടേറിയ 6



മത്തെ വർഷമായി 2022 മാറി. എന്നാൽ 2022 വലിയ രീതിയിൽ വേനൽമഴ ലഭിച്ച സീസൺ കൂടിയായിരുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ വേനൽ മഴ സജീവമായത് കൊണ്ടും ജനുവരി മുതൽ ആരംഭിച്ച ശക്തമായ ബോധവൽക്കരണ ക്യാമ്പയിനിന്റെ പശ്ചാത്തലത്തിലും വലിയ രീതിയിലുള്ള ആരോഗ്യ പ്രശ്നങ്ങളോ മറ്റ് ഉഷ്ണകാല ദുരന്തങ്ങളോ 2022 ൽ സംഭവിച്ചിട്ടില്ല. 2022 ൽ ഇടിമിന്നൽ മൂലം 9 മരണങ്ങളാണ് സംഭവിച്ചത്. ഇടിമിന്നൽ, ശക്തമായ കാറ്റ് എന്നിവ മൂലം വലിയ രീതിയിലുള്ള നാശനഷ്ടങ്ങൾ 2022 വേനൽക്കാലത്തു സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.




## സ്വീകരിച്ച നടപടികൾ

ജനുവരി മാസം മുതൽ തന്നെ താപനില മുന്നറിയിപ്പുകൾ, മുൻകരുതൽ നിർദേശങ്ങൾ എന്നിവ മാധ്യമങ്ങൾ, റേഡിയോ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങി വിവിധ മാർഗങ്ങളിലൂടെ പ്രചരിപ്പിച്ചു. എല്ലാ ദിവസവും കേന്ദ്ര കാലാവസ്ഥ വകുപ്പിൽ നിന്ന് ലഭ്യമാകുന്ന അടുത്ത ദിവസത്തെക്കുള്ള താപനില മുന്നറിയിപ്പുകൾ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം പ്രസിദ്ധീകരിച്ചു.

സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിൽ നിർദേശിക്കപ്പെട്ട ഉഷ്ണകാല തയ്യാറെടുപ്പ്, പ്രതികരണ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകി.

പൊതുജന ബോധവൽക്കരണത്തിന്റെ ഭാഗമായി 2022 ഫെബ്രുവരി 22 ന് 'ഉഷ്ണകാല ദുരന്ത ലഘൂകരണവും പ്രഥമ ശുശ്രൂഷയും' എന്ന വിഷയത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വെബ്ബിനാർ സംഘടിപ്പിച്ചു. ഹസാഡ് അനലിസ്റ്റുമാരായ ഫഹദ് മർസൂക്ക്, ഡോ.ശ്രീജ ഉണ്ണി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും യൂണിസെഫും സംയുക്തമായി സതീർത്ഥ്യൻ ക്യാമ്പയിനിന്റെ ഭാഗമായി കുട്ടികൾക്കായി പ്രത്യേക ഉഷ്ണകാല ദുരന്ത ലഘൂകരണ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. 2022 ഫെബ്രുവരി 25 മുതൽ 27 വരെയുള്ള 3 ദിവസങ്ങളിലായി ഓൺലൈനായി സംഘടിപ്പിച്ച പരിപാടിയിൽ ശ്രീ ഫെലിക്സ് ജോഫ്രി പാവകളി രൂപത്തിൽ വിഷയങ്ങൾ അവതരിപ്പിച്ചു. പരിപാടിയുടെ

വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2022/04/Satheerthyan-2report-pdf.pdfഎന്ന ലിങ്കിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 'കാട്ടുതീ ദുരന്ത ലഘൂകരണ പരിശീലനം' സംഘടിപ്പിച്ചു. NASA യുടെ ഉപഗ്രഹ ചിത്രങ്ങളുപയോഗപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയുടെ റിസ്ക് ലാബിൻറെ സഹായത്തോടെ കഴിഞ്ഞ 12 വർഷത്തെ കാട്ടുതീ അപകടങ്ങളുടെ ഡാറ്റബേസ് തയ്യാറാക്കി അതിൽ നിന്ന് ഏറ്റവുമധികം കാട്ടുതീ റിപ്പോർട്ട് ചെയ്യപ്പെട്ട 20 തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾ കണ്ടെത്തി. അവിടങ്ങളിലെ ഉദ്യോഗസ്ഥർ, മറ്റ് ബന്ധപ്പെട്ടവർ എന്നിവർക്കായിരുന്നു പരിശീലനം നൽകിയത്. ഹസാഡ് അനലിസ്റ്റ് നിഖിൽ സുരേഷ്, കാർഷിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫെസ്സർ മുഹമ്മദ് ഇക്ബാൽ, വൈൽഡ് ലൈഫ് വാർഡൻ എസ്.വി വിനോദ് എന്നിവർ ക്ലാസുകൾ നയിച്ചു. 2022 മാർച്ച് 17 ന് ഓൺലൈൻ ആയിട്ടാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2022/04/Training_report-_Forest_fire.pdf എന്ന ലിങ്കിൽ ലഭ്യമാണ്.


08-04-2022 ന് കേരളത്തിലെ സന്നദ്ധ സംഘടനകളുടെ ഔദ്യോഗിക കൂട്ടായ്മയായ ഇന്റർ ഏജൻസി ഗ്രൂപ്പ് (IAG) കൺവീനർമാരുടെ യോഗം വിളിച്ചു ചേർത്തു. ഏതെല്ലാം തരത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളെയും മറ്റ് പ്രാദേശിക സംവിധാനങ്ങളെയും ഉഷ്ണകാല ദുരന്ത ലഘൂകരണത്തിൽ സന്നദ്ധ സംഘടനകൾക്ക് സഹായിക്കാനാകും എന്ന് ചർച്ച ചെയ്തു. കൺവീനർമാർക്ക് പരിശീലനം നൽകി. ഹസാഡ് അനലിസ്റ്റ് ഫഹദ് മർസൂക്ക് സാങ്കേതിക സെഷനുകൾ കൈകാര്യം ചെയ്തു. വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2022/04/Report_IAG_Meeting_jjg.pdf എന്ന ലിങ്കിൽ വായിക്കാം.

സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന അൾട്രാവയലറ്റ് റേഡിയോ മീറ്ററുകളുടെ ടെസ്റ്റിങ് വിജയകരമായി പൂർത്തിയാക്കി.

വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയുമായി (WRI) സഹകരിച്ചു കൊണ്ട് 'Sustainable Space Cooling Actions in Kerala' എന്ന പ്രമേയത്തിൽ ശില്പശാല സംഘടിപ്പിച്ചു. 2022 സെപ്റ്റംബർ 1 ന് തിരുവനന്തപുരത്ത് ഹോട്ടൽ അപ്പോളോ ഡിമോറയിൽ വെച്ച് സംഘടിപ്പിച്ച പരിപാടിയിൽ വിവിധ വകുപ്പ് പ്രതിനിധികൾ, വിദഗ്ദർ, അക്കാഡമിക് പ്രതിനിധിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## 1.51 ഇടിമിന്നൽ ദുരന്തലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ

ഇന്ത്യയിൽ ഇടിമിന്നലുകൾ ഏറ്റവും സജീവമായ ഭൂപ്രദേശങ്ങളിൽ ഒന്നാണ് കേരളം. എല്ലാ വർഷവും ധാരാളം മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും ഇടിമിന്നലേൽക്കുകയും ജീവഹാനിയും മറ്റ് കനത്ത നാശനഷ്ടങ്ങളും ഏൽപ്പിക്കുകയും ചെയ്യുന്നുണ്ട് ഇടിമിന്നലുകൾ. കേരളത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇടിമിന്നലുകളെ 2015 മുതൽ ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.




ഇടിമിന്നൽ ദുരന്ത ലഘൂകരണമെന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക വിഭാഗമായ സ്റ്റേറ്റ് എമെർജൻസി ഓപ്പറേഷൻസ് സെന്ററ് (SEOC) 'കേരള സംസ്ഥാന ഇടിമിന്നൽ ദുരന്തലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ അഥവാ Kerala State Lightning Action Plan' ന് രൂപം നൽകി. ഇത്തരത്തിൽ രാജ്യത്ത് ഒരു സംസ്ഥാനം പ്രസിദ്ധീകരിച്ച ആദ്യത്തെ ആക്ഷൻ പ്ലാനുകളിൽ ഒന്നായിരിക്കുമിത്. ദേശീയ ദുരന്ത നിവാരണ അതോറിറ്റി (NDMA)യുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തയ്യാറാക്കിയ ഇടിമിന്നൽ ആക്ഷൻ പ്ലാൻ മാതൃഭാഷയിലാണ്. കേരളത്തിൽ ഇടിമിന്നൽ ദുരന്ത ലഘൂകരണത്തിനായി സ്വീകരിക്കേണ്ട ഹൃസ്വകാല-ദീർഘകാല നടപടികൾ, ഇടിമിന്നലുമായി ബന്ധപ്പെട്ട ശാസ്ത്രീയ വസ്തുതകൾ, മുന്നറിയിപ്പ് സംവിധാനം, ഇടിമിന്നൽ മൂലമുണ്ടാകാൻ ഇടയുള്ള ആരോഗ്യ പ്രശ്നങ്ങൾ, വിവിധ മേഖലകളിൽ ഇടിമിന്നലുകൾ സൃഷ്ടിക്കുന്ന ആഘാതം, പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകൾ തുടങ്ങിയവ ആക്ഷൻ പ്ലാനിന്റെ പ്രധാന ഘടകങ്ങളാണ്.

ഇടിമിന്നൽ ആക്ഷൻ പ്ലാനിന് അംഗീകാരം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ദരുടെ പരിശോധനയും

അഭിപ്രായങ്ങളും സ്വീകരിച്ചു. അതോടൊപ്പം പൊതുജനങ്ങൾക്കും അഭിപ്രായം രേഖപ്പെടുത്താൻ അവസരം നല്കി. ദുരന്ത നിവനരണ നിയമം 2005, സെക്ഷൻ 18 (2) (d) അനുസരിച്ച് 05-04-2022ന്




എസ്.ഡി.എം.എയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതിക്ക് അംഗീകാരം നല്കി. പദ്ധതി ഇവിടെ ലഭിക്കും https://shorturl.at/JnnaJ

## 1.52 ഇടിമിന്നൽ

2022 മെയ് 11 ന് ഇടിമിന്നൽ ദുരന്ത ലഘൂകരണ ക്യാമ്പയിനിന്റെ ഭാഗമായി കിലയുമായി സഹകരിച്ചു കൊണ്ട് 'ഇടിമിന്നൽ ദുരന്ത ലഘൂകരണവും ഇടിമിന്നൽ ആക്ഷൻ പ്ലാനും' എന്ന വിഷയത്തിൽ പൊതുജനങ്ങൾക്കായി ബോധവൽക്കരണ പരിപാടി ഓൺലൈൻ ആയി സംഘടിപ്പിച്ചു. ഹസാഡ് അനലിസ്റ്റ് ഫഹദ് മർസൂക്ക്, മെറ്റിയോറോളജിസ്റ്റ് ശ്രീമതി രമ്യ എന്നിവർ സാങ്കേതിക സെഷനുകൾ കൈകാര്യം ചെയ്തു. വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2022/05/lightning_training_for_lsg.pdf എന്ന ലിങ്കിൽ ലഭ്യമാണ്.

## 1.53 പത്തനംതിട്ട - ശബരിമല മകരവിളക്ക് സീസൺ ദുരന്ത നിവാരണ പരിശീലനം

2022 ഡിസംബർ 8നും 21നും പമ്പയും ശബരിമലയും ഉൾപ്പെടെ നടന്ന ശബരിമല മകരവിളക്ക് സീസൺ ദുരന്ത നിവാരണ പരിശീലന പരിപാടികൾ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി സംഘടിപ്പിച്ചു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി നടത്തിയ ഈ പരിശീലനം എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ പ്രവർത്തനം, കൺട്രോൾ റൂമുകളുടെ പങ്ക്, കുത്തിയേറൽ അപകടങ്ങൾ, തീപിടിത്തം എന്നിവയെക്കുറിച്ചുള്ള ബോധവത്കരണവും പ്രതികരണ തന്ത്രങ്ങളും ഉൾക്കൊണ്ടിരുന്നു. G.S. പ്രദീപ്, ഫഹദ് മർസൂക്, അദർവ് സുരേഷ് തുടങ്ങിയ വിദഗ്ദർ സെഷനുകൾ നയിച്ചു. വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്താനും, ശബരിമല തീർഥാടന കാലയളവിൽ അപകട സാധ്യതകൾ കുറയ്ക്കാനും ഈ പരിശീലനം ലക്ഷ്യമിട്ടിരുന്നു. റിപ്പോർട്ടിൽ പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ

രേഖപ്പെടുത്തിയ ഫോട്ടോകളും ഉൾപ്പെടുത്തിയിട്ടുണ്ട്. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/03/Sabarimala_training_report.pdf

### 1.54 വയനാട് - പട്ടിക വർഗ്ഗ ഉന്നതികളിലെ സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലനം

വയനാട് ജില്ലയിലെ ഏറ്റവും ദുരന്ത സാധ്യതയുള്ള പത്ത് പട്ടിക വർഗ്ഗ ഉന്നതികളിൽ നിന്നുള്ള തിരഞ്ഞെടുത്ത റാപ്പിഡ് റസ്പോൺസ് ടീം അംഗങ്ങൾക്കായി 2023ൽ രണ്ടാംഘട്ട പരിശീലന പരിപാടി മൂന്ന് ഘട്ടങ്ങളിലായി നടത്തി. ആദ്യം ജനുവരിയിൽ ഹാൻഡ്സ്-ഓൺ CPR പരിശീലനം മൂന്ന് താലൂക്കുകളിൽ (മാനന്തവടി, കൽപ്പറ്റ, ബത്തേരി) 122 അംഗങ്ങൾക്ക് നൽകി; നീന്തൽ റസ്ക്യൂ പരിശീലനം 122 അംഗങ്ങൾക്ക് പ്രായോഗിക നൈപുണ്യങ്ങൾ മെച്ചപ്പെടുത്തി; സെപ്റ്റംബറിൽ മാനുവൽ റെയിൻഗേജ് വിതരണം ചെയ്ത് അളവ് രേഖപ്പെടുത്താൻ 36 അംഗങ്ങൾക്ക് പരിശീലനം നൽകി. കൂടാതെ, റേഡിയോ മാറ്റൊലി കൂട്ടായ്മയുമായി സഹകരിച്ച് 16 പ്രാദേശിക ട്രൈബൽ ഭാഷകളിൽ ഒരുക്കിയ IEC ഓഡിയോ മെറ്റീരിയലുകൾ സമ്പ്രേഷണം ലഭ്യമാക്കി. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/11/Tribal_Report-_second_phase-1.pdf

### 1.55 ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ വിദ്യാർഥികളുടെ സന്ദർശനം

2023 ഫെബ്രുവരി 8-ന് ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (MSW) പ്രഥമ വർഷ വിദ്യാർത്ഥികൾക്കായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് ട്രിവാൻഡ്രത്തെ IGNOU റീജിയണൽ സെന്റർ സംഘടിപ്പിച്ച നിരീക്ഷണ സന്ദർശനം നടന്നു. ശൈക്ഷണിക പാഠ്യപദ്ധതിയുടെ ഭാഗമായ ഈ സന്ദർശനം, KSDMAയുടെ ബഹുമുഖ പ്രവർത്തനങ്ങൾ, നയങ്ങൾ, പരിപാടികൾ, എർളി വാർണിംഗ് സംവിധാനങ്ങൾ, സംഘടനാ ഘടന എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ആഴത്തിൽ മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും ഉദ്ദേശിച്ചിരുന്നതാണ്. ക്ലിന്റ് മാത്യു (Social Capacity Building Specialist, KSDMA) നേതൃത്വം നൽകിയ സെഷനിൽ 60 വിദ്യാർത്ഥികളും രണ്ട് അധ്യാപകരും പങ്കെടുത്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/03/Report_of_IGNOU_MSW_Visit_pdf.pdf

## 1.56 ദേശീയ ദുരന്ത ലഘൂകരണ സഹകരണ വേദിയുടെ (National Platform for Disaster Risk Reduction - NPDRR) 2023




2023 മാർച്ച് 10-11 തീയതികളിൽ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ദേശീയ ദുരന്ത നിവാരണ വേദി (NPDRR) 2023, "മാറുന്ന കാലാവസ്ഥയിൽ പ്രാദേശിക പ്രതിരോധശേഷി വളർത്തൽ" എന്ന വിഷയത്തെ ആധാരമാക്കി, ഇന്ത്യയുടെ DRR (Disaster Risk Reduction) രംഗത്തെ നയപരമായ, സാങ്കേതികമായ, സാമൂഹികമായ ഇടപെടലുകൾ ചർച്ച ചെയ്യുന്നതിനുള്ള പ്രധാന വേദിയായി മാറി. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി ശ്രീ. അമിത് ഷായും ചേർന്ന് ഉദ്ഘാടനം ചെയ്ത ഈ




വേദിയിൽ, DRR-ൽ പ്രാദേശിക ഭരണസംവിധാനങ്ങളുടെ പങ്ക്, കാലാവസ്ഥാ മാറ്റം മൂലമുള്ള പുതിയ വെല്ലുവിളികൾ, Sendai Frame work ലക്ഷ്യങ്ങൾ, Vision 2047-ൽ DRR സംയോജിപ്പിക്കൽ തുടങ്ങിയ വിഷയങ്ങൾ ചർച്ചയായി.

2018-19 വർഷങ്ങളിലെ ദുരന്താനന്തരം, വീടുകളുടെ പുനർനിർമ്മാണത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തിയ നയപരമായതും, സാങ്കേതികമായതും, സാംബത്തികമായതും ആയ ഇടപെടൽ ദേശീയ വേദിയിൽ ആദ്യ ദിവസം (10-3-2023) അവതരിപ്പിക്കാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറി, ഡോ. ശേഖർ എൽ. കുര്യാക്കോസിന് ക്ഷണം ലഭിച്ചു.





കേരളത്തിൽ നിന്നും മെംബർ സെക്രട്ടറിയെ കൂടാതെ ശ്രീ. പ്രദീപ് ജി.എസ്, ഹസർഡ് & റിസ്ക് അനലിസ്റ്റ്, ഡോ. ഷിനു ഷീല വിൽസൺ, കാലാവസ്ഥ വി ദഗ്ധ, ശ്രീ. സത്യകുമാർ സി.ജെ, ഹസർഡ് അനലിസ്റ്റ്, ശ്രീ. രാജീവ് ടി.അർ, ഹസർഡ് അനലിസ്റ്റ് എന്നിവർ പങ്കെടുത്തു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു വിപുലമായ പ്രദർശന സ്റ്റോൾ പരിപാടിയുടെ ഭാഗമായി സ്ഥാപിച്ചു.

1000-ലധികം പ്രതിനിധികൾ-സംസ്ഥാന-കേന്ദ്ര മന്ത്രിമാർ, DRR വിദഗ്ദർ, സിവിൽ സൊസൈറ്റി, സ്വകാര്യ മേഖല, മാധ്യമങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ, DRR-ൽ പുതിയ ആശയങ്ങൾ, നയങ്ങൾ, ശാസ്ത്രീയ സമീപനങ്ങൾ പങ്കുവെക്കാൻ ഈ വേദി അവസരം നൽകി. DRR-ൽ പ്രാദേശികതയുടെ പ്രാധാന്യം, സമൂഹമികവുള്ള പ്രതിരോധശേഷി, കാലാവസ്ഥാ അനിശ്ചിതത്വം നേരിടാനുള്ള തന്ത്രങ്ങൾ എന്നിവയെ മുൻനിരയിൽ കൊണ്ടുവന്ന NPDRR 2023, ഇന്ത്യയുടെ ദുരന്ത നിവാരണ ദൗത്യത്തിന് ദിശാനിർണ്ണായകമായ സംഭാവനയായി മാറി.

## 1.57 G20 Civil 20 - പരിസ്ഥിതി, കാലാവസ്ഥാ മാറ്റം, ദുരന്തങ്ങൾ - ലിംഗം, അസമത്വം, ഭിന്നശേഷി - സമ്മേളനം

പരിസ്ഥിതിയിലും കാലാവസ്ഥാ വ്യതിയാനങ്ങളിലും നിന്നുള്ള ദുരന്തങ്ങൾ സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ വ്യത്യസ്തമായി ബാധിക്കുന്നു. ലിംഗപരമായ അസമത്വങ്ങൾ, സാമൂഹിക-ആർത്ഥിക പിന്നാക്കം, വൈകല്യങ്ങൾ എന്നിവ ദുരന്ത പ്രതിരോധം, പ്രതികരണം, പുനരധിവാസം എന്നിവയിൽ വ്യക്തമായ അസമത്വങ്ങൾ സൃഷ്ടിക്കുന്നു.




🧑‍🦽വൈകല്യങ്ങൾ: ഭൗതിക വിവരപ്രവാഹത്തിന്റെയും അഭാവം വൈകല്യമുള്ളവരെ കൂടുതൽ അപകടസാധ്യതയിലാക്കുന്നു.

⚧ലിംഗം: സ്ത്രീകളും LGBTQ+ സമൂഹവും ദുരന്ത സാഹചര്യങ്ങളിൽ കൂടുതൽ അവഗണനയും അതിക്രമവും നേരിടുന്നു.

📉അസമത്വം: സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക പിന്നാക്കം ദുരന്താനന്തര പുനരധിവാസത്തിൽ വലിയ തടസ്സങ്ങളാണ്.

ഇതെല്ലാം പരിഗണിച്ച്, Inclusive DRR എന്നത് ഒരു നിർബന്ധമായ സമീപനമായി ഉയർന്നുവരുന്നു - എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി, അവരുടേതായ ആവശ്യങ്ങൾ മനസ്സിലാക്കി, സമഗ്രമായ സുരക്ഷിതത്വം ഉറപ്പാക്കുന്ന രീതിയിൽ. കേരളം ഇതിനായി Tribal Colony DM Plans, LGBTQ+ Disaster Inclusion, Disability-Friendly Shelters തുടങ്ങിയ മാതൃകാപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവ സംബന്ധിച്ച് മെംബർ സെക്രട്ടറി, ഡോ. ശേഖർ എൽ. കുര്യാക്കോസ് അമൃതാ ഡീംഡ് സർവകലാശാല നടത്തിയ സമ്മേളനത്തിൽ അനുഭവങ്ങൾ പങ്ക് വച്ചു.

## 1.58 2022-ലെ ഏഷ്യ-പസഫിക് മന്ത്രിസഭാ സമ്മേളനം: ദുരന്ത അപകട കുറയ്ക്കൽ (APMCDRR)

2022 സെപ്റ്റംബർ 19 മുതൽ 22 വരെ ഓസ്ട്രേലിയയിലെ ബ്രിസ്ബെയിനിൽ നടന്ന APMCDRR (Asia-Pacific Ministerial Conference on Disaster Risk Reduction) സമ്മേളനം, UNDRRയും ഓസ്ട്രേലിയൻ സർക്കാരും ചേർന്ന് സംഘടിപ്പിച്ചു. COVID-19 മൂലം വൈകിയ 2020 സമ്മേളനത്തിന് പകരമായാണ് ഇത് നടന്നത്. ആദ്യമായി പസഫിക് രാജ്യങ്ങളും പ്രദേശങ്ങളും ഔപചാരികമായി പങ്കെടുത്തത് ഈ സമ്മേളനത്തിന്റെ പ്രധാന സവിശേഷതയായിരുന്നു.

◆ പ്രമേയം: "From Crisis to Resilience: Transforming the Asia-Pacific's Future through Disaster Risk Reduction" - പ്രതിസന്ധിയിൽ നിന്ന് പ്രതിരോധശേഷിയിലേക്ക്, APMCDRR 2022 ആസിയ-പസഫിക് മേഖലയെ ഭാവിയിലേക്ക് മാറ്റാൻ DRR മുഖേന ശ്രമിച്ചു.

◆ പ്രധാന ചർച്ചാവിഷയങ്ങൾ:

- പ്രതിരോധശേഷിയുള്ള സമുദായങ്ങൾ രൂപപ്പെടുത്തൽ
- ദുരന്തങ്ങൾ നേരിടാൻ shock-proofed systems
- DRR-ലേക്ക് നിക്ഷേപം വർദ്ധിപ്പിക്കൽ
- Sendai Framework-ന്റെ നടപ്പിലാക്കലിന്റെ അവലോകനം
- കാലാവസ്ഥാ മാറ്റം, COVID-19, സാമൂഹിക അസമത്വം എന്നിവയുടെ പശ്ചാത്തലത്തിൽ DRR-നുള്ള പുതിയ സമീപനങ്ങൾ

◆ പ്രതിനിധികൾ: UN അംഗരാജ്യങ്ങൾ, അന്താരാഷ്ട്ര സംഘടനകൾ, ഗവൺമെന്റുകൾ, സിവിൽ സൊസൈറ്റി, ശാസ്ത്രജ്ഞർ, യുവജന പ്രതിനിധികൾ, Disabled Persons Organizations (DPOs) തുടങ്ങിയവ പങ്കെടുത്തു.


◆ പ്രധാന നേട്ടങ്ങൾ:

- DRR-ലേക്ക് കൂടുതൽ സമഗ്രവും ഉൾക്കൊള്ളുന്നതുമായ സമീപനം
- ലിംഗസമത്വം, വൈകല്യങ്ങൾ, Indigenous knowledge എന്നിവ DRR-ലേക്ക് ഉൾപ്പെടുത്താനുള്ള ആഹ്വാനം



- G20, SDG, Sendai Framework എന്നിവയുമായി ബന്ധിപ്പിച്ച പ്രവർത്തനരേഖകൾ
- Resilience-building-ലേക്ക് knowledge sharing, regional cooperation എന്നിവ ശക്തിപ്പെടുത്തൽ

◆ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് വേണ്ടി മെംബർ സെക്രട്ടറി APMCDRR 2022ൽ പങ്കെടുത്തു. Ms Mami Mizutori, Assistant Secretary General of the UN and Special Representative of the Secretary General of UN for DRR നെ സന്ദർശിച്ചു. Asia Disaster Preparedness Centre (ADPC)യുമായി കേരളത്തിൽ ദുരന്ത നിവാരണ പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി.




## 1.59 മൾട്ടി-ഹസാർഡ്സ് വാർണിംഗ് & കമ്മ്യൂണിറ്റി റെസിലിയൻസ് (MWCR2022) സമ്മേളനം

അമൃത വിശ്വ വിദ്യാപീഠം സംഘടിപ്പിച്ച MWCR2022 (International Symposium on Multi-Hazards Warning & Community Resilience) 25-26 ഒക്ടോബർ 2022, എന്ന അന്താരാഷ്ട്ര സെമിനാർ, ദുരന്തസന്നദ്ധതയും സമുദായ പ്രതിരോധശേഷിയും മെച്ചപ്പെടുത്തുന്നതിനുള്ള സാങ്കേതികവിദ്യകളും നയങ്ങളും ചർച്ചചെയ്യുന്നതിനുള്ള ഒരു വേദിയായിരുന്നു.

◆ പ്രധാന ലക്ഷ്യങ്ങൾ:

- മൾട്ടി-ഹസാർഡ് എർളി വാർണിംഗ് സംവിധാനങ്ങളുടെ നിലവിലെ നില വിലയിരുത്തൽ
- സാങ്കേതികത, നയങ്ങൾ, നടപടിക്രമങ്ങൾ എന്നിവയിൽ ഉള്ള പോരായ്മകൾ തിരിച്ചറിയൽ
- സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, അന്താരാഷ്ട്ര എൻ.ജി.ഒ-കൾ എന്നിവയുടെ സഹകരണം
- സമുദായ അടിസ്ഥാനത്തിലുള്ള റെസിലിയൻസ് വർദ്ധിപ്പിക്കാൻ നവോത്ഥാനവും ടെക്നോളജിയും ഉപയോഗിക്കൽ

◆പങ്കെടുത്തവർ: സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികൾ, NDMA, UNDRR, UNESCO Chairs, സിവിൽ സൊസൈറ്റി പ്രതിനിധിക ൾ, ഗവേഷകർ, വിദ്യാർത്ഥികൾ തുടങ്ങിയവ.

◆കേരളസംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്ത് സംസ്ഥാനം സ്വീകരിച്ച് വരുന്ന ദുരന്ത ലഘൂകരണ മാതൃകകൾ അവതരിപ്പിച്ചു.

## 1.60 സന്ദർശനം - നോർവിജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡൊമിനിക് ലാംഗ്



ബഹു. മുഖ്യമന്ത്രി നടത്തിയ നോർവേ സന്ദർശനത്തിന്റെ തുടർച്ചയായി നോർവിജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഡൊമിനിക് ലാങ് തുരങ്കപാത ആരംഭിക്കുന്ന ആനക്കാംപൊയിൽ മറിപുഴ 10-11-2022ന് സന്ദർശിച്ചു. തുരങ്കപാത നിർമ്മാണത്തിന് സാങ്കേതികവിദ്യ കൈമാറുന്നതിന് വിദേശ സന്ദർശനത്തിൽ കേരള ഗവൺമെന്റും നോർവേയും തമ്മിൽ ധാരണയിൽ എത്തിയിരുന്നു. ഏറ്റവും അനുയോജ്യമായ പദ്ധതിയാണിതെന്ന് ഡോമിനിക് ലാങ് അറിയിച്ചു. ഡോ. കെ രവി രാമൻ, (എക്സ്പേർട്ട് മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്),ഡോ. നമശ്ശിവായം വി, (എക്സ്പെർട്ട് മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്), ഡോ. സന്തോഷ് വി, (ചീഫ് ഡിവിഷൻ പെർസ്പെക്റ്റീവ് പ്ലാനിംഗ്),ഡോ. ശേഖർ കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിട്ടി, ബീരേന്ദ്ര കുമാർ, ഡെപ്. ചീഫ് എഞ്ചിനീയർ കൊങ്കൺ റെയിൽവേ, വിശ്വ പ്രകാശ്, സൂപ്രണ്ടിങ് എഞ്ചിനീയർ PWD, ഹാഷിം എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD തുടങ്ങിയവരും സന്ദർശനത്തിന്റെ ഭാഗമായി. ഡോ. ലാങ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയവും സന്ദർശിച്ചു.

## 1.61 സന്ദർശനം - നെതർലൻഡ്സ് കോൺസുലർ ജനറൽ (ബംഗളൂരു)

ഇന്ത്യയിലെ നെതർലൻഡ്സ് കോൺസുലർ ജനറൽ (ബംഗളൂരു) ശ്രീ. ഇവൗട്ട് ഡി വിറ്റ് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലേക്ക് (KSDMA) സൗഹൃദ സന്ദർശനം 24-1-2023ന് നടത്തി.

സന്ദർശനത്തിനിടെ, നെതർലൻഡ്സ്സിൽ ട്വൻറ്റെ സർവകലാശാലയിൽ Geo-Information Science and Earth Observation (ITC) ഫാക്കൽറ്റിയിൽ MSc Spatial Engineering പഠനം നടത്തുന്ന വിദ്യാർത്ഥിനിയായ കുമാരി അരുണിമയുമായി അദ്ദേഹം സംവദിച്ചു. KSDMA-യിൽ തന്റെ മാസ്റ്റേഴ്സ് തിസിസ് പ്രവർത്തനം നടത്തുകയാണ് കുമാരി അരുണിമ.



## 1.62 സംസ്ഥാന ദുരന്ത പ്രതിരോധ നിധിയുടെ പരിശോധനാ കമ്മിറ്റി

സംസ്ഥാന ദുരന്ത പ്രതിരോധ നിധിയുടെ പരിശോധനാ കമ്മിറ്റി GO (Ms) No. 3/2022/DMD dated 8-5-2022 (https://tinyurl.com/4zfra7c7) പ്രകാരം സർക്കാർ നിയോഗിച്ചു. ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷൻ ആയ കമ്മിറ്റിയിൽ, കമ്മീഷണർ ദുരന്ത നിവാരണം, മെംബർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ചീഫ് എൻജിനിയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ് എന്നിവർ ആണ് അംഗങ്ങൾ. ഈ സാമ്പത്തിക വർഷം സമിതി 11-5-2022 തീയതിയിൽ യോഗം ചേർന്നു.

## 1.63 ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി

ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി GO (Rt) No. 453/2021/DMD dated 3-6-2021 പ്രകാരം ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി രൂപീകരിക്കപ്പെട്ടു. ഈ സാമ്പത്തിക വർഷം സമിതി 31.07.2022, 02.08.2022, 04.08.2022, 06.08.2022, 07.08.2022, 08.08.2022, 09.08.2022, 09.11.2022, 14.12.2022 തീയതികളിൽ യോഗങ്ങൾ ചേർന്നു.

## 1.64 സംസ്ഥാനതല ടെലികോം ദുരന്ത ഏകോപന സമിതി

- ടെലികമ്യുണിക്കേഷൻസ് വകുപ്പ് നേതൃത്വം നല്ലുന്നു.
- പ്രധാന ലക്ഷ്യം: ദുരന്തസമയങ്ങളിൽ ടെലികോം സേവനങ്ങൾ തടസ്സമില്ലാതെ തുടരാൻ ടെലികോം സേവനദാതാക്കളും ദുരന്തനിവാരണ അതോറിറ്റികളും അടിയന്തര പ്രതികരണ സംഘങ്ങളും തമ്മിൽ ഏകോപനം ഉറപ്പാക്കുക.
- നോഡൽ ഏജൻസി: ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് (DoT), ടെലികോം അടിയന്തര സേവനങ്ങൾ (ESF) ഏകോപിപ്പിക്കുന്നതിൽ നേതൃത്വം നൽകുന്നു.
- യോഗം ചേർന്ന തീയതികൾ: 25-5-2022
- അംഗങ്ങൾ:
  - പ്രധാന ടെലികോം സേവനദാതാക്കൾ
  - സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA)
  - നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (NDRF)
  - DoT-യുടെ ലോക്കൽ സർവീസ് ഏരിയ (LSA)

- മറ്റ് ബന്ധപ്പെട്ട ഏജൻസികൾ (പോലീസ്, ഫയർഫോഴ്സ്, സിവിൽ ഡിഫൻസ് മുതലായവ)

**പ്രധാന പ്രവർത്തനങ്ങൾ**

- ദുരന്തത്തിന് മുമ്പ്:
  - ടെലികോം പുനസ്ഥാപനത്തിനും അടിയന്തര പ്രവേശനത്തിനും SOPs തയ്യാറാക്കുക
  - TSPs തമ്മിൽ ഇൻഫ്രാസ്ട്രക്ചർ പങ്കുവെക്കലും ഇന്ററോപ്പറബിലിറ്റിയും ഉറപ്പാക്കുക
  - മൊബൈൽ ടവറുകൾക്കും സാറ്റലൈറ്റ് ബാക്കപ്പിനും പ്രധാന സ്ഥലങ്ങൾ തിരിച്ചറിയുക
- ദുരന്തസമയത്ത്:
  - അടിയന്തര ടെലികോം പ്രോട്ടോകോളുകൾ സജീവമാക്കുക
  - ബാധിച്ച പ്രദേശങ്ങളിൽ ടെലികോം സേവനങ്ങൾ പുനസ്ഥാപിക്കാൻ മുൻഗണന നൽകുക
  - SDMA, NDRF എന്നിവരുമായി ഫീൽഡ് തലത്തിൽ സഹകരിക്കുക
- ദുരന്തത്തിന് ശേഷം:
  - ടെലികോം ഇൻഫ്രാസ്ട്രക്ചറിന്റെ നാശനഷ്ടം വിലയിരുത്തുക
  - മൊബൈൽ യൂണിറ്റുകളും സാറ്റലൈറ്റ് ലിങ്കുകളും വേഗത്തിൽ വിന്യസിക്കുക
  - SOP-കളുടെ പുതുക്കലിനായി പഠനങ്ങൾ രേഖപ്പെടുത്തുക

# സാമ്പത്തിക വിനിയോഗം 2022-2023

| FY 2022-23 | | | | | | | |
|---|---|---|---|---|---|---|---|
| **Sl No** | **Particulars** | **Opening Balance (A)** | **Amount received (B)** | **Total (C=A+B)** | **Amount Expended (D)** | **Surrender (E)** | **Balance (C-D+E)** |
| **Amount allotted in the Head of Account** | | | | | | | |
| **I** | **H/A 2053-00-094-50-PV** | | | | | | |
| a. | KSDMA PLAN | ₹ - | ₹ 5,51,00,000.00 | ₹ 5,51,00,000.00 | ₹ 4,83,79,314.00 | ₹ 67,20,686.00 | ₹ - |
| | **Total (I)** | **₹ -** | **₹ 5,51,00,000.00** | **₹ 5,51,00,000.00** | **₹ 4,83,79,314.00** | **₹ 67,20,686.00** | **₹ -** |
| **II** | **H/A 2245-80-102-96-00-00-00-N-V** | | | | | | |
| a. | SDMF | ₹ - | ₹ 5,00,00,000.00 | ₹ 5,00,00,000.00 | ₹ - | ₹ 5,00,00,000.00 | ₹ - |
| | **Total (II)** | **₹ -** | **₹ 5,00,00,000.00** | **₹ 5,00,00,000.00** | **₹ -** | **₹ 5,00,00,000.00** | **₹ -** |
| | | | | | | | |
| **Treasury TSB & STSB Accounts** | | | | | | | |
| **III** | **PSTSB-799012700000232** | | | | | | |
| a. | SDMA PLAN 2020-21 | ₹ 2,72,235.00 | ₹ 16,722.00 | ₹ 2,88,957.00 | ₹ 2,61,276.00 | ₹ - | ₹ 27,681.00 |
| | **Total (III)** | **₹ 2,72,235.00** | **₹ 16,722.00** | **₹ 2,88,957.00** | **₹ 2,61,276.00** | **₹ -** | **₹ 27,681.00** |
| **IV** | **STSB-701011400000188** | | | | | | |
| a. | SDMA PLAN FUND 2020-21 | ₹ 24,63,919.00 | ₹ - | ₹ 24,63,919.00 | ₹ - | | ₹ 24,63,919.00 |
| b. | Aapadamtira (GoI) | ₹ 3,21,845.00 | ₹ - | ₹ 3,21,845.00 | ₹ 30,450.00 | | ₹ 2,91,395.00 |
| c. | CMDRF Prathyuthanam | ₹ 4,31,56,750.00 | ₹ - | ₹ 4,31,56,750.00 | ₹ - | | ₹ 4,31,56,750.00 |
| d. | SDRF | ₹ 84,35,065.00 | ₹ - | ₹ 84,35,065.00 | ₹ 84,05,221.00 | | ₹ 29,844.00 |
| e. | Miscellanious receipt | ₹ 57,069.00 | ₹ - | ₹ 57,069.00 | ₹ - | | ₹ 57,069.00 |
| f. | Security deposit | ₹ 2,09,098.00 | ₹ - | ₹ 2,09,098.00 | ₹ - | | ₹ 2,09,098.00 |
| g. | SENDAI FRAME Work (GoI)* | ₹ 14,63,484.00 | ₹ - | ₹ 14,63,484.00 | ₹ 14,63,484.00 | | ₹ - |
| h. | Salary Deductions | ₹ - | ₹ 16,500.00 | ₹ 16,500.00 | ₹ - | | ₹ 16,500.00 |
| | **Total (IV)** | **₹ 5,61,07,230.00** | **₹ 16,500.00** | **₹ 5,61,23,730.00** | **₹ 98,99,155.00** | **₹ -** | **₹ 4,62,24,575.00** |
| **V** | **STSB-701041400000028** | | | | | | |
| a. | SEOC Fund | ₹ 69,70,724.00 | ₹ - | ₹ 69,70,724.00 | ₹ - | ₹ - | ₹ 69,70,724.00 |
| | **Total (V)** | **₹ 69,70,724.00** | **₹ -** | **₹ 69,70,724.00** | **₹ -** | **₹ -** | **₹ 69,70,724.00** |
| | | | | | | | |
| **Bank Accounts** | | | | | | | |
| **VI** | **SEOC Bank Account No 33031314643** | | | | | | |
| 1 | Interest Accrued | ₹ 9,42,823.00 | ₹ 3,88,013.00 | ₹ 13,30,836.00 | ₹ 10,23,865.00 | ₹ - | ₹ 3,06,971.00 |
| 2 | Guralph Seismograph | ₹ 72,27,378.00 | ₹ - | ₹ 72,27,378.00 | ₹ - | ₹ - | ₹ 72,27,378.00 |
| 3 | Mullapriyar | ₹ 42,25,052.00 | ₹ - | ₹ 42,25,052.00 | ₹ 4,11,894.00 | ₹ - | ₹ 38,13,158.00 |
| 4 | Strengthening SDMA&DDMA | ₹ 1,47,066.00 | ₹ - | ₹ 1,47,066.00 | ₹ - | ₹ - | ₹ 1,47,066.00 |
| 5 | Admin Cost | ₹ 1,55,203.00 | ₹ - | ₹ 1,55,203.00 | ₹ 82,000.00 | ₹ - | ₹ 73,203.00 |
| 6 | RKI -LSGD DM Plan | ₹ 4,97,837.00 | ₹ - | ₹ 4,97,837.00 | ₹ 3,71,420.00 | ₹ - | ₹ 1,26,417.00 |
| 7 | Niti Ayog (GoI)* | ₹ 1,73,871.00 | ₹ - | ₹ 1,73,871.00 | ₹ 1,73,871.00 | ₹ - | ₹ - |
| 8 | NIDM Fund Received (GoI) | ₹ 170.00 | ₹ - | ₹ 170.00 | ₹ - | ₹ - | ₹ 170.00 |
| 9 | Strengthening ERCEDAP | ₹ 4,78,502.00 | ₹ - | ₹ 4,78,502.00 | ₹ 4,30,825.00 | ₹ - | ₹ 47,677.00 |
| 10 | Weather Company | ₹ 9,63,447.00 | ₹ - | ₹ 9,63,447.00 | ₹ 84,075.00 | ₹ - | ₹ 8,79,372.00 |
| 11 | Security deposit | ₹ 84,478.00 | ₹ - | ₹ 84,478.00 | ₹ - | ₹ - | ₹ 84,478.00 |
| 12 | ERSS (GoI)* | ₹ 18,26,640.00 | ₹ - | ₹ 18,26,640.00 | ₹ 18,26,640.00 | ₹ - | ₹ - |
| 13 | Remittance of Balance amount of Advance | ₹ - | ₹ 16,810.00 | ₹ 16,810.00 | ₹ 11,710.00 | ₹ - | ₹ 5,100.00 |
| 14 | Fund received from NDMA (GoI) | ₹ - | ₹ 7,00,000.00 | ₹ 7,00,000.00 | ₹ - | ₹ - | ₹ 7,00,000.00 |
| 15 | Miscellanious receipt | ₹ - | ₹ 46,265.00 | ₹ 46,265.00 | ₹ 425.00 | ₹ - | ₹ 45,840.00 |
| | **Total (VI)** | **₹ 1,67,22,467.00** | **₹ 11,51,088.00** | **₹ 1,78,73,555.00** | **₹ 44,16,725.00** | **₹ -** | **₹ 1,34,56,830.00** |
| | | | | | | | |
| **VII** | **Externally Funded Project** | | | | | | |
| a. | UNICEF | ₹ 7,87,840.00 | ₹ 23,62,326.00 | ₹ 31,50,166.00 | ₹ 14,72,096.00 | | ₹ 16,78,070.00 |
| | **Total (VII)** | **₹ 7,87,840.00** | **₹ 23,62,326.00** | **₹ 31,50,166.00** | **₹ 14,72,096.00** | **₹ -** | **₹ 16,78,070.00** |
| **VIII** | **Corpus Fund** | | | | | | |
| a. | A/c No 35718875550 | ₹ 10,16,558.00 | ₹ 1,93,377.00 | ₹ 12,09,935.00 | ₹ 12,678.00 | ₹ - | ₹ 11,97,257.00 |
| b. | A/c No 38858756719 | ₹ 2,75,168.00 | ₹ 47,494.00 | ₹ 3,22,662.00 | ₹ 4,592.00 | ₹ - | ₹ 3,18,070.00 |
| | **Total (VIII)** | **₹ 12,91,726.00** | **₹ 2,40,871.00** | **₹ 15,32,597.00** | **₹ 17,270.00** | **₹ -** | **₹ 15,15,327.00** |
| **IX** | **SDMF CSR** | | | | | | |
| a. | A/c No 39831022443 | ₹ 85,77,339.00 | ₹ 5,36,723.00 | ₹ 91,14,062.00 | ₹ - | ₹ - | ₹ 91,14,062.00 |
| | **Total (IX)** | **₹ 85,77,339.00** | **₹ 5,36,723.00** | **₹ 91,14,062.00** | **₹ -** | **₹ -** | **₹ 91,14,062.00** |

| | | | | | | | |
|---|---|---|---|---|---|---|---|
| **X** | **PM Cares (GoI)** | | | | | | |
| a. | Fund Received | ₹ 1,74,34,447.00 | ₹ 5,05,37,804.00 | ₹ 6,79,72,251.00 | ₹ 5,19,58,564.00 | ₹ - | ₹ 1,60,13,687.00 |
| b. | Interest | ₹ 61,85,322.00 | ₹ 8,24,886.00 | ₹ 70,10,208.00 | ₹ - | ₹ - | ₹ 70,10,208.00 |
| | **Total (X)** | **₹ 2,36,19,769.00** | **₹ 5,13,62,690.00** | **₹ 7,49,82,459.00** | **₹ 5,19,58,564.00** | ₹ - | **₹ 2,30,23,895.00** |
| **XI** | **A/c No 32179340388 and A/c No 41136726272 *** | | | | | | |
| a. | Aapadamtira Upscaling (GoI) | ₹ 9,05,10,000.00 | ₹ - | ₹ 9,05,10,000.00 | ₹ 6,98,32,910.00 | ₹ - | ₹ 2,06,77,090.00 |
| b. | Interest (GoI) | ₹ 1,85,253.00 | ₹ 18,50,903.00 | ₹ 20,36,156.00 | ₹ - | ₹ - | ₹ 20,36,156.00 |
| | **Total (XI)** | **₹ 9,06,95,253.00** | **₹ 18,50,903.00** | **₹ 9,25,46,156.00** | **₹ 6,98,32,910.00** | | **₹ 2,27,13,246.00** |
| **XII** | **A/C No 41136726272 *** | | | | | | |
| a. | SENDAI FRAME WORK (GoI) | ₹ - | ₹ 27,69,484.00 | ₹ 27,69,484.00 | ₹ 9,76,089.00 | ₹ - | ₹ 17,93,395.00 |
| b. | Interest (GoI) | ₹ - | ₹ 6,973.00 | ₹ 6,973.00 | ₹ - | | ₹ 6,973.00 |
| | **Total (XII)** | ₹ - | **₹ 27,76,457.00** | **₹ 27,76,457.00** | **₹ 9,76,089.00** | ₹ - | **₹ 18,00,368.00** |
| **XIII** | **A/C No 4113682967 *** | | | | | | |
| a. | Niti Ayog (GoI) | ₹ - | ₹ 33,871.00 | ₹ 33,871.00 | | ₹ - | ₹ 33,871.00 |
| b. | Interest (GoI) | ₹ - | ₹ 622.00 | ₹ 622.00 | ₹ 89.00 | | ₹ 533.00 |
| | **Total (XIII)** | ₹ - | **₹ 34,493.00** | **₹ 34,493.00** | **₹ 89.00** | ₹ - | **₹ 34,404.00** |
| **XIV** | **A/C No 41207763587 *** | | | | | | |
| a. | ERSS (GoI) | ₹ - | ₹ 18,26,640.00 | ₹ 18,26,640.00 | ₹ 1,72,974.00 | ₹ - | ₹ 16,53,666.00 |
| b. | Interest (GoI) | ₹ - | ₹ 19,281.00 | ₹ 19,281.00 | ₹ 89.00 | | ₹ 19,192.00 |
| | **Total (XIV)** | ₹ - | **₹ 18,45,921.00** | **₹ 18,45,921.00** | **₹ 1,73,063.00** | ₹ - | **₹ 16,72,858.00** |
| | **Grand Total (I+II+III+IV+V+VI+VII+VIII+IX+X+XI+XII+XIII+XIV)** | **₹ 20,50,44,583.00** | **₹ 16,72,94,694.00** | **₹ 37,23,39,277.00** | **₹ 18,73,86,551.00** | **₹ 5,67,20,686.00** | **₹ 12,82,32,040.00** |

*** The SENDAI Framework amount in the STSB 701011400000188, Niti Ayog & ERSS amount in the SEOC Bank A/c No 33031314643, and the Aapdamitira Upscaling amount received in A/c No 32179340388 are transferred to the Single Nodal Account (SNA)**

**സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ കോർപ്പസ് ഫണ്ട്**: GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് ഒരു കോർപ്പസ് ഫണ്ട് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ കോർപ്പസ് ഫണ്ട് fixed deposit ആയി State Bank of Indiaയിൽ നിക്ഷേപിച്ചിട്ടുണ്ട്. 31-03-2020 വരെ ഇതിൽ ₹12,91,726/- (Twelve lakh ninety-one thousand seven hundred and twenty-six only) രൂപയുടെ നിക്ഷേപമാണ് ഉള്ളത്. GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരമാണ് ഇതിൽ നിന്നുള്ള തുക വിനിയോഗിക്കാവുന്നത്. നികുതി ഒടുക്കൽ അല്ലാതെ ഒരു തുകയും ഇതിൽ നിന്നും 2022-23 കാലഘട്ടത്തിൽ ചെലവഴിക്കേണ്ടി വന്നിട്ടില്ല.

# ഉപസംഹാരം

2022-2023 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വളരെ സജീവമായും കാര്യക്ഷമമായും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.